# സത്യദൂതൻ

2021 ഒക്ടോബർ | ലക്കം 10
വില ₹ 30



**ഹൃദയവും**
**മസ്തിഷ്ക്കവും**

---

## സമുദ്രവും
## കപ്പലുകളും

---

**പാലാ ബിഷപ്പിന്റെ**
**നാർക്കോട്ടിക് ജിഹാദ്**

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran
Read the Holy Quran in easy
Yassarnal Quran Font




### Conditions of Bai'at
A pocket reference of
Shara't-e-Bai'at in 7 languages



### Sermons
Huzoor's Friday Sermons
In 15 languages




### MTA
Watch MTA Live, view
Schedule and much more



### Ahmadiyya News
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2021 ഒക്ടോബർ
ഹി.ശ.1401- ഇഖാഅ്
1443 സഫർ - റബീഉൽ അവ്വൽ
പുസ്തകം 93 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം




5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
അഭിമുഖം
**കളവ് പറയൽ ഒരു ബിംബപൂജയാണ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 2017 ജൂൺ 16ന് നിർവ്വഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

11
**ഹൃദയവും മസ്തിഷ്ക്കവും**
ഹദ്റത്ത് അഹ്മദ് (അ)

13
സമുദ്രശാസ്ത്രം - 4
**സമുദ്രവും കപ്പലുകളും**
എ.എം. മുഹമ്മദ് സലീം

18
**അദൃശ്യകാര്യങ്ങൾ എങ്ങനെ അറിയാം - 2**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

24
**റസൂൽ തിരുമേനി(സ): ഒളിമങ്ങാത്ത ചരിത്രപുരുഷൻ**
ഇബ്നു അബ്ദുല്ല

27
ഭാഗം - 20
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

33
**യുദ്ധവും അടിമത്വവും**
സർ സഫറുല്ലാഹ് ഖാൻ

38
കുറിപ്പുകൾ
**പാലാ ബിഷപ്പിന്റെ നാർക്കോട്ടിക് ജിഹാദ്**
മുസാഫിർ


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിന്ന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവീൻ, അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കന്മാർക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും, അയാൾ (ആ കക്ഷി) ധനിക നോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടു പേരോടും (അനുകമ്പ കാണിക്കാൻ) കൂടുതൽ അവകാശ പ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത് നിങ്ങൾ നീതി പാലിക്കുന്നതിന്ന് വേണ്ടിയാണിത്. (4: 137)





## നബിവചനം

അബൂഹു റൈറയിൽ നിന്നും നിവേദനം ചെയ്യുന്നു: തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു: ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണകൂടത്തോട് സമരം അരുത്

ഇക്കാലത്ത് അമുസ്‌ലിം ഭരണാധികാരികൾ ഇസ്‌ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നത് പ്രത്യക്ഷമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന കർമ്മാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. നവമുസ്‌ലിംകളെ അവർ കൊന്നുകളയുന്നുമില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ ഇസ്‌ലാമിന്റെ വാൾ എന്തിന്ന് ചുഴറ്റപ്പെടണം? മത കാര്യങ്ങളിൽ ഇസ്‌ലാം ഒരിക്കലും ബലപ്രയോഗത്തെ അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിച്ചിരുന്നെങ്കിൽ മതധർമ്മം വളർത്താനായി ഇസ്‌ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാന രഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല. (മസീഹ് ഹിന്ദുസ്ഥാൻ മെ)




എഡിറ്റോറിയൽ

# അതിവൈകാരികത സമൂഹത്തെ കീഴടക്കുന്നു

സൗമ്യതയും സഹനവും സഹിഷ്ണുതയുമാണ് എല്ലാ മതങ്ങളും നൽകുന്ന പെരുമാറ്റപാഠങ്ങൾ. എന്നാൽ മതസമൂഹങ്ങളും രാഷ്ട്രീയ പാർട്ടികളും സാമൂഹിക സാംസ്ക്കാരിക സംഘടനകളും തീവ്രതയിലേക്കും അസഹിഷ്ണുതയിലേക്കും പരവിദ്വേഷത്തിലേക്കും വഴിമാറുന്ന അസാധാരണമായ പ്രതിഭാസമാണ് ലോകത്ത് പലയിടത്തും കാണുന്നത്. പടിഞ്ഞാറും കിഴക്കുമുള്ള രാജ്യങ്ങളിൽ ഈ പ്രതിലോമ വികാര പ്രതിഭാസത്തിന്റെ പ്രഭാവം കാണം. മത-സാമൂഹിക പ്രത്യയ ശാസ്ത്രങ്ങൾ ഉയർത്തി പിടിച്ച സ്നേഹത്തിന്റേയും വിവേകത്തിന്റേയും മിതത്വത്തിന്റെയും മാനവീയ മൂല്യങ്ങൾ അസ്തപ്രജ്ഞമാകുകയും വിദ്വേഷത്തിന്നും കാർക്കശ്യത്തിന്നും ശക്തിപ്രകടനത്തിന്നും പ്രാമുഖ്യം വരികയും ചെയ്തിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പൊതുവേ ശാന്തതയും സഹവർത്തിത്വവും പ്രബോധിച്ചിരുന്ന മതസമൂഹങ്ങൾ വൈകാരിക പ്രകടനങ്ങളിലും പ്രക്ഷോഭണങ്ങളിലും ഹിംസാത്മകതയിലും തൃപ്തികണ്ടെത്തുന്നതായി കാണുന്നു. അതാണ് അവരിൽ നിർവൃതിയുണ്ടാക്കുന്നത്. സ്വഛമായ ആത്മദാഹത്തെ ശമിപ്പിക്കുന്ന ആത്മീയ ധാർമിക മൂല്യങ്ങൾ അവരെ ചലനം കൊള്ളിക്കുന്നില്ല. അത്തരം മൂല്യങ്ങൾ മുറുകെ പിടിക്കുന്ന ജീവിതമാതൃകകൾ മതനേതൃത്വങ്ങളിൽ അന്യമായി തീർന്നിരിക്കുന്നു. ആ വഴിക്കാണ് മതവും പൊതുസമൂഹവും ഒഴുകുന്നത്. സമൂഹ മനശ്ശാസ്ത്രത്തിന്റെ ഈ ഭാവപകർച്ചയും ഗതിമാറ്റവും കണ്ട് തദാനുഗതരായി ലോകത്തുടനീളമുള്ള ജനനേതാക്കന്മാർ ഇത്തരം പ്രവണതകളുടെ ഒഴുക്കിൽ ശക്തി സംഭരിക്കുകയാണ്. പഞ്ചേന്ദ്രിയങ്ങളെ ത്രസിപ്പിക്കുകയും ത്വരിപ്പിക്കുകയും ചെയ്യുന്ന ദൃശ്യശ്രാവ്യ വാർത്താ മാദ്ധ്യമങ്ങൾ മനുഷ്യന്റെ വിവേകത്തെയും ആത്മബോധത്തെയും നശിപ്പിക്കുന്നു എന്നതും അതിവൈകാരികത എന്ന സാമൂഹിക രോഗത്തിന്ന് കാരണമാണ്.

മതം പൊതുവേ വിട്ടുവീഴ്ച്ചയുടെയും മാപ്പിന്റെതും ആർദ്രതയുടെതുമാണ്. ആത്മ സംസ്ക്കരണത്തിന്ന് ബാഹ്യമായ നിയന്ത്രണത്തേക്കാളും സമ്മർദ്ദത്തേക്കാളും ആത്മനിയന്ത്രണത്തിലാണ് മതം ഊന്നുന്നത്. യഥാർത്ഥ നന്മ ഹൃദയവും ഭയഭക്തിയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ തീവ്രവാദം രോഗാതുരമായ ഒരു മാനസികാവസ്ഥയാണ്. ധാർമിക മൂല്യങ്ങളിൽ കളങ്കിതരായ അത്തരം ആളുകൾ മതത്തിന്റെയും സംഘടനകളുടെയും നേതൃത്വത്തിലെത്തുമ്പോഴാണ് സമതുലിതമല്ലാത്ത പ്രതികരങ്ങളുണ്ടാവുന്നത്. അവർ തീവ്രമായി പ്രതികരിക്കുന്നു. അയവില്ലാത്ത കാർക്കശ്യ നിലപാടുകൾ സ്വീകരിക്കുന്നു. തീവ്രതയാണ് ഭക്തി എന്ന് സാധാരണക്കാരായ ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. ജീവിത വിശുദ്ധിയിൽ കളങ്കിതരായ അവർ അത് മറച്ച് പിടിക്കാൻ കൂടി തീവ്രത ആയുധമാക്കുന്നു. വൈകാരികമായി എളുപ്പത്തിൽ പ്രക്ഷുബ്ദമാകുന്ന മതസമൂഹങ്ങളുടെ നേതൃത്വമാണ് സമൂഹത്തിൽ ഏറ്റവും അപകടകാരി. ആത്മസമർപ്പിതരും ആജ്ഞാനുവർത്തികളുമായ അനുയായികൾക്ക് ബോധനവും ശാസനകളും നൽകി അവർ ഉപയോഗപ്പെടുത്തുന്നു. സമ്പത്തിന്റെയും ആൾബലത്തിന്റെയും സുഖാനന്ദങ്ങളുടെ അരമനകളിൽ കഴിയുന്ന മതനേതൃത്തം അധികാര കേന്ദ്രങ്ങളുമായുള്ള വിലപേശലുകൾക്ക് ഊർജ്ജം പകരാൻ വിശ്വാസ സമൂഹങ്ങളിൽ വൈകാരിക സ്പോടനങ്ങളുണ്ടാക്കുന്നു. ഈ ഓളങ്ങൾ അധികാരകേന്ദ്രങ്ങളിൽ കമ്പനമുണ്ടാക്കുമെന്ന് അവർക്കറിയാം. മതനേതൃത്തം മതസമൂഹങ്ങളിലേക്ക് പകരുന്ന ഈ പ്രക്ഷുബ്ദത സമൂഹത്തെ സംഘർഷഭരിതമാക്കുന്നു. ക്രമേണ സമാധാനവും ക്ഷേമവും ഇല്ലാതാക്കി സമൂഹത്തിന്റെ ധാർമിക ശേഷിയും ആരോഗ്യവും നശിപ്പിക്കുകയും ചെയ്യുന്നു. ആത്മ സംയമനത്തിന്റേയും സഹനത്തിന്റേയും ത്യാഗത്തിന്റെയും ധർമ്മപാതയിലൂടെയുള്ള ശാന്തഗമനം വിശ്വാസികൾക്ക് രുചിക്കാതെയായിരിക്കുന്നു. രാഷ്ട്രീയ ശൈലിയിലുള്ള വികാരഭരിതമായ ശക്തിപ്രകടനങ്ങളിലും മുദ്രാവാക്യം വിളികളിലുമാണ് അവർക്ക് താൽപര്യം കുറുക്കുവഴികളിലൂടെയുള്ള സഞ്ചാരമാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്. മതങ്ങളുടെ യഥാർത്ഥ ആത്മീയമാർഗ്ഗം എല്ലാ വിശ്വാസികളും തിരിച്ചറിയേണ്ടതുണ്ട്. ഇത് സംബന്ധമായി മുഹമ്മദ് നബി (സ) യുടെ അർത്ഥഗർഭമായ ഉപദേശം ശ്രദ്ധിക്കുക. ***'മതത്തിന്റെ(ദീൻ) കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ദീനിലെ തീവ്രത മൂലമാണ്.'(അഹ്മദ്)***



ഹദ്റത്ത് അഹ്മദ് (അ)

# അവർ ജീവിക്കാൻ ഞാൻ മരിക്കാൻ തയ്യാറാണ്

സ്വാത്വികരായിട്ടുള്ളവരുടെ ഒരു ഗണത്തെ ഒരുമിച്ചുകൂട്ടുകയും അത്തരക്കാരുടെ ഒരു വലിയ ഗണം മുഖേന ലോകത്ത് പ്രഭാവം ചെലുത്തുമാറാകുകയും അവരെ ഐക്യത്തിൽ വർത്തിക്കുന്നതിന്ന് ഇസ്‌ലാം അനുഗ്രഹത്തിന്റെയും മഹത്വത്തിന്റെയും ഒരു സ്റോതസ്സായിത്തീരുകയും അതുവഴി ഇസ്‌ലാമിൽ നിന്ന് ഉത്തമ ഫലങ്ങൾ പ്രദാനം ചെയ്യപ്പെടണമെന്ന ഉദ്ദേശത്തോടു കൂടിയാണ് ബൈഅത്ത് വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു അടിസ്ഥാന തത്വത്തിൽ ഏകാഭിപ്രായക്കാരായിരുന്നുകൊണ്ട് അതിന്റെ അനുഗ്രഹത്തിൽ ഇസ്‌ലാമിന്നായി നിർമലവും പരിശുദ്ധവുമായ സേവനം അർപ്പിക്കാൻ സദാ സന്നന്നദ്ധരായിരിക്കണം. അവർ മടിയന്മാരോ ലുബ്ദന്മാരോ ലക്ഷ്യബോധമില്ലാത്തവരോ ആയ മുസ്‌ലിംകളായിരിക്കരുത്. ഭിന്നിപ്പിനാലും അനീതിയാലും ഇസ്‌ലാമിന്ന് വലുതായ ഹാനി വരുത്തിവെക്കുകയും ദുഷ്ടജീവിതം നയിച്ചുകൊണ്ട് ഇസ്‌ലാമിന്റെ മുഖത്ത് കരിവാരിതേക്കുകയും ചെയ്ത ആ കൊള്ളരുതാത്തവരെ പോലെ ആകരുത്. അവർ ലോക കാര്യങ്ങളിൽ നിന്നെല്ലാം അകന്ന് മാറുകയും ഇസ്‌ലാമിന്റെ ആവശ്യങ്ങളെ കുറിച്ച് ബോധഹീനരായി തീരുകയും തങ്ങളുടെ സഹോദരങ്ങളുടെ ക്ഷേമത്തെ കുറിച്ച് അശ്രദ്ധരായി തീരുകയും മനുഷ്യ സമൂഹത്തിൽ നന്മവരുത്തേണ്ട കാര്യത്തിൽ ഉത്സുകരല്ലാതിരിക്കുകയും ചെയ്യുന്ന ദർവേശുമാരെ പോലെയും ആകരുത്. അവർ പാവങ്ങൾക്ക് അഭയസ്ഥാനമായിരിക്കുമാറ് ജനത്തിന്ന് നേരെ അനുകമ്പയുള്ളവരായിരിക്കണം. തങ്ങളെ തന്നെ ബലിയർപ്പിക്കുമാറ് അവർ ഇസ്‌ലാമിക ധർമ്മങ്ങളിൽ നിർവ്വഹിക്കുന്നതിൽ അതീവ കുതുകികളായിരിക്കണം. തങ്ങളുടെ അനുഗ്രഹങ്ങൾ ലോകത്ത് പരക്കുന്നതിൽ അവർ എല്ലാ യത്നങ്ങളും ചെയ്യണം. ദൈവിക കാര്യങ്ങളിൽ സ്നേഹത്തിന്റെയും ദൈവദാസന്മാരോടുള്ള അനുകമ്പയുടെയും നീരുറവ എല്ലാ ഹൃദയങ്ങളിൽ നിന്നും പൊട്ടിയൊലിച്ചു തുടങ്ങുകയും അത് ഒരു നദി പോലെ പ്രവഹിക്കുന്നത് കാണുമാറാകുകയും ചെയ്യണം. സർവ്വശക്തനായ ദൈവം അവന്റെ പ്രത്യേക വരപ്രസാദത്താൽ അവരുടെ വിശുദ്ധമായ കഴിവുകളെ വെളിപ്പെടുത്തുന്നതിൽ ഈ വിനീതന്റെ പ്രാർത്ഥനകളെ ശ്രദ്ധകളെയും ഉപകരണങ്ങളെയും ഉപാധികളാക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അന്വേഷകരുടെ ആന്തര പരിശീലനത്തിൽ ഞാൻ ഏർപ്പെടണമെന്നും അഹന്തയുടെയും സാത്താനിക ശക്തികളിലൂടെ ബന്ധനത്തിൽ നിന്നും ആളുകളെ മോചിപ്പിക്കുകയും ദൈവികമായ വഴികളോടുള്ള സഹജമായ സ്നേഹം വളർത്തുകയും ചെയ്യുന്ന ആ പ്രകാശപ്പൊലിമക്ക് വേണ്ടി അവർക്കായിട്ട് ഞാൻ യാചന നടണമെന്നും ആ പരമ പാവനവും മഹത്ത്വവാനുമായ ദൈവം എനിക്ക് ബോധനം നൽകിയിരിക്കുന്നു.

പരിപൂർണ്ണമായ ഒരുക്കങ്ങളും ആത്മാർത്ഥമായ ദൈവിക സ്നേഹങ്ങളും കൂടിചേരുമ്പോൾ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്ന് വേണ്ടി അവർക്കായിട്ട് ഞാൻ ആവശ്യപ്പെടും. ദുരഹങ്കാരവും സാത്താനിക ശക്തികളും കൂടുമ്പോൾ ഉടലെടുക്കുന്ന ദുഷ്ടാത്മാവിൽ നിന്നുള്ള അവരുടെ മോചനം സാധിക്കുന്നതിന്നും ഞാൻ പരിശ്രമിക്കുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ തികഞ്ഞ ആത്മാത്തയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ള എന്റെ സ്നേഹിതന്മാരെ സംസ്ക്കരിച്ചെടുക്കാൻ പരിശ്രമിക്കുന്നതിൽ ഞാൻ പിന്നിലാവുകയോ അശ്രദ്ധനായിരിക്കുകയോ ആലസ്യവാനായിരിക്കുകയോ ചെയ്യുന്നതല്ല. അവർ ജീവിക്കുന്നതിന്ന് വേണ്ടി മരണം വരിക്കാൻ തന്നെ ഞാൻ തയ്യാറായിരിക്കും. ***(ഇസാലെ ഔഹാം, പേ 460)***

സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 2017 ജൂൺ 16ന് നിർവ്വഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# കളവ് പറയൽ ഒരു ബിംബപൂജയാണ്




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

തഖ്‌വാ അഥവാ ദൈവഭക്തിക്ക് സൽസ്വഭാവം നിർബന്ധമാണ്. മനുഷ്യൻ മുത്തഖിയായിത്തീരുന്നത് അവനിൽ ഉത്തമമായ എല്ലാ സ്വഭാവങ്ങളും ഉണ്ടാകുമ്പോഴാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ഉപദേശിച്ചിട്ടുണ്ട്. അതിനാൽ എല്ലാ സദാചാരഗുണങ്ങളും സ്വായത്തമാക്കാൻ മുഅ്മിൻ പരിശ്രമിക്കേണ്ടതാണ്. അപ്പോഴായിരിക്കും ഒരു മുത്തഖിക്ക് നിർബന്ധമായ ആ ഉദാത്തമായ സ്വഭാവങ്ങൾ അവനിൽ ഉണ്ടാകുന്നത്. പക്ഷേ, ചില സദാചാരഗുണങ്ങളുണ്ട്. അതൊരു സത്യവിശ്വാസിയിൽ ഇല്ലെങ്കിൽ അവന്റെ ഈമാനിന്റെ നിലവാരവും ഇടിഞ്ഞുപോകുന്നതായിരിക്കും. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം കളവിൽനിന്ന് രക്ഷപ്രാപിക്കുക എന്നതാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. **ഫജ്തനിബുർരിജ്സ മിനൽഔഥാനി വജ്തനിബൂ ഖൗലസ്സൂർ** അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുക(22:31)

ബിംബാരാധനയും കളവും ചേർത്ത് പറഞ്ഞുകൊണ്ട്, നിങ്ങളുടെ ഉള്ളിൽ സത്യസന്ധതയും സത്യം പറയുന്ന ശീലവുമില്ലെങ്കിൽ അത് ബിംബങ്ങളെ പൂജിക്കുന്നതുപോലുള്ള വലിയ പാപമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഒരു മുഅ്മിൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും എന്നിട്ട് ബാഹ്യവും മറഞ്ഞതുമായ ബിംബങ്ങളുടെ മാലിന്യത്തിൽ കുടുങ്ങുകയും ചെയ്യുക എന്നത് അസംഭാവ്യമാണ്.

അതിനാൽ ഇത് വളരെ വലുതും തുറന്ന നിലയിലുള്ളതും സ്പഷ്ടമായതുമായ മുന്നറിയിപ്പാണ്. വിശ്വാസിയാണെന്ന് വാദിക്കുന്ന ഒരുവൻ, മുഅ്മിനാണെങ്കിൽ സത്യസന്ധതയുടെ ഉന്നതമായ നിലവാരവും സ്വാംശീകരിക്കേണ്ടതായി വരും. ഇല്ലെങ്കിൽ തന്റെ വിശ്വാസത്തെ സംബന്ധിച്ച് ചിന്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി വളരെ വേദന പ്രകടിപ്പിച്ചിട്ടുണ്ട്.

നമ്മൾ നമ്മുടെ ഈമാനിനെ പ്രബലപ്പെടുത്തിക്കൊണ്ട് ഭക്തിയിലേക്ക് പുരോഗമിക്കാൻ എല്ലാ അഹ്മദികളും എപ്പോഴും ശ്രമിക്കേണ്ടതുണ്ട്. അവിടന്ന് പറയുന്നു: വിശുദ്ധഖുർആൻ കളവ് പറയുന്നതിനെ ബിംബാരാധനയ്ക്ക് തുല്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു പറയുന്നു. **ഫജ്തനിബൂർരിജ്സ മിനൽഔഥാനി വജ്തനിബൂ ഖൗലസ്സൂർ** അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുക.(22:31) അതായത് കളവും ഒരു ബിംബമാണ്. അതിൽ വിശ്വസിക്കുന്നവൻ അല്ലാഹുവിലുള്ള വിശ്വാസം ഉപേക്ഷിച്ചുകളയുന്നു. അതിനാൽ കളവ് പറയുന്നതുകൊണ്ട് ദൈവവും കൈമോശം വരുന്നു. അതുകൊണ്ട് പരിശുദ്ധയാർജ്ജിക്കാൻ കളവിൽനിന്നും എല്ലാത്തരം ശിർക്കിൽനിന്നും മനുഷ്യൻ രക്ഷ പ്രാപിക്കേണ്ടത് അനിവാര്യമാണ്.

കളവിനെ ബിംബാരാധന പോലെയാണെന്ന് ഇവിടെ പറയുന്നു. യഥാർഥത്തിൽ കളവും ഒരു ബിംബമാണ്. ഇല്ലെങ്കിൽ സത്യത്തെ ഉപേക്ഷിച്ചുകൊണ്ട് മറുഭാഗത്തേക്ക് പോകുന്നതെന്തിനാണ്? കളവ് പറയുന്നവന്റെ വിശ്വാസം എത്രത്തോളം കുറഞ്ഞുപോകുന്നുവെന്നാൽ, ഇനി അവൻ സത്യം പറഞ്ഞാൽത്തന്നെയും അതിലും കുറച്ച് കളവ് ചേർത്തിട്ടുണ്ടാകുമോ എന്ന ധാരണയായിരിക്കുമുണ്ടാകുക. കളവ് പറയുന്നവൻ തന്റെ കളവ് കുറയണമെന്ന് എത്ര ആഗ്രഹിച്ചാലും പെട്ടെന്നത് കുറയുകയില്ല. ദീർഘകാലംവരെ പ്രാക്ടീസ് ചെയ്യുമ്പോഴായിരിക്കും സത്യം പറയുന്നതിന്റെ ശീലം അവനിലുണ്ടാകുന്നത്.

വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് കല്ലിന്റെ മുമ്പിൽ തല കുനിക്കുന്നതുപോലെ സത്യതയും നേർവഴിയും ഉപേക്ഷിച്ച് തന്റെ ഉദ്ദേശ്യസാഫല്യത്തിനായി കളവിനെ ബിംബമാക്കുകയാണ് ചെയ്യുന്നത്. കളവിനെ തന്റെ ജീവിതത്തിന്റെ അച്ചുതണ്ടാക്കുന്നതിനെക്കാളുപരിയായി മറ്റെന്ത് ദൗർഭാഗ്യമാണുള്ളത്? എന്നാൽ, അവസാനം സത്യംതന്നെയായിരിക്കും വിജയിക്കുക എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. ക്ഷേമവും വിജയവും അതിനുതന്നെയായിരിക്കും. അവിടന്ന് പറയുന്നു: തീർച്ചയായും ഓർത്തുകൊള്ളുക! കളവുപോലെ അശുഭകരമായ മറ്റൊരു കാര്യവുമില്ല. പൊതുവെ ഇഹഭോഗതൽപരൻ പറയുന്നത് സത്യം പറയുന്നവൻ അറസ്റ്റ് ചെയ്യപ്പെടുന്നുവെന്നാണ്. എന്നാൽ, എനിക്ക് അത് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക. എനിക്കെതിരെ ഏഴ് കേസുകൾ ഉണ്ടായി. ദൈവകൃപയാൽ ഒരു കേസിലും ഒരു വാക്കുപോലും കളവു എഴുതേണ്ട ആവശ്യം എനിക്കുണ്ടായിട്ടില്ല. അല്ലാഹു സത്യത്തെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനുമാണ്. സത്യവാനായ മനുഷ്യനെ അവൻ ശിക്ഷിക്കുമോ? അങ്ങനെയാണെങ്കിൽ ലോകത്ത് ഒരു മനുഷ്യനും സത്യം പറയാൻ തന്റേടം കാണിക്കുകയില്ല. ദൈവത്തിലുള്ള ശരിയായ വിശ്വാസം ഉയർന്നുപോകുന്നതുമാണ്. സത്യവാൻ ജീവച്ഛവമായിത്തീരും. സത്യം പറയുന്നതുകൊണ്ട് ആർക്കെങ്കിലും ശിക്ഷ ലഭിക്കുന്നുണ്ടെങ്കിൽ അത് സത്യം പറയുന്നതുകൊണ്ടല്ല. മറിച്ച് അവരുടെ മറ്റു ചില മറഞ്ഞിരിക്കുന്നതായ തിന്മകൾ കൊണ്ടാണെന്നതാണ് യാഥാർഥ്യം. ദൈവത്തിന്റെ പക്കൽ അവരുടെ തിന്മകളുടേയും ദ്രോഹങ്ങളുടേയും ഒരു പരമ്പരതന്നെ ഉണ്ടാകുന്നു. ഒരുപാട് പാപങ്ങൾ അവർ ചെയ്ത് കൂട്ടുന്നു. അവയിൽ ഏതെങ്കിലും ഒന്നിൽ അവർക്ക് ശിക്ഷ കിട്ടുന്നതാണ്. സ്ഥിരമായി നന്മകളുടെ ശീലമുണ്ടാക്കേണ്ടതാണ്. നന്മകളിൽ സ്ഥിരത കൈവരിക്കേണ്ടതാണ്. ഇസ്തിഗ്ഫാർ അഥവാ പൊറുക്കലിനെ തേടുമ്പോൾ മറ്റു തിന്മകളിൽനിന്ന് രക്ഷപ്രാപിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. പിന്നീട് അതിൽ എപ്പോഴും ഉറച്ചുനിൽക്കാൻ ശ്രമിക്കുകയും വേണം.

ഇഹഭോഗതൽപരർ എല്ലാ കാര്യത്തിലും അതിനിസാരമായ കാര്യങ്ങളിൽപോലും കളവ് പറയുന്നു. കഴിഞ്ഞ ദിവസം നാഷണൽ ജിയോഗ്രാഫിക്കിന്റെ ഒരു മാസിക വന്നിരുന്നു. അതിൽ കളവിനെക്കുറിച്ച് വലിയൊരു ലേഖനമുണ്ടായിരുന്നു. നമ്മൾ എന്തിന് കളവ് പറയുന്നു എന്നതിനെ കുറിച്ചുളള ഗവേഷണമായിരുന്നു ആ ലേഖനം. അവർ നടത്തിയ സർവ്വേയിൽ മനസ്സിലായത് ഓരോ വ്യക്തിയും ദിവസവും മൂന്നുനാല് കളവ് പറയുന്നുണ്ടെന്നാണ്. വിവിധതരത്തിലുള്ള കളവുകളുണ്ട്. ആരെങ്കിലും വഴി ചോദിച്ചാൽ ശരിയായ നിലയിൽ പറഞ്ഞുകൊടുക്കാതെ അതിലും കളവ് പറയും. ആരെയെങ്കിലും വഞ്ചിക്കണമെങ്കിൽ അതിലും കളവ് പറയുന്നു. തന്റെ ദൗർബല്യങ്ങൾ മറച്ചുവെക്കുന്നതിനും കളവ് പറയുന്നു. തന്നെക്കുറിച്ച് തെറ്റായ പ്രഭാവം ഉണ്ടാക്കുന്നതിനും അത് നിലനിറുത്തുന്നതിനും കളവ് പറയുന്നു. തന്റെ സ്വാർഥ താൽപര്യത്തിനുവേണ്ടി കളവ് പറയുന്നു. ഇത് ചെറിയ ചെറിയ കളവുകളാണ്. വലിയ കളവുകളിൽ അവർ പറഞ്ഞിരിക്കുന്നത് ഭാര്യയും ഭർത്താവും അന്യരുമായുള്ള അവിഹിത ബന്ധങ്ങൾ മറച്ചുവെക്കാൻ കളവ് പറയുന്നതാണ്. ഭാര്യയുടേയും ഭർത്താവിന്റേയും സുഹൃദ്ബന്ധങ്ങൾ തെറ്റായ രീതിയിൽ ആകുമ്പോൾ അവതരിപ്പിക്കുമ്പോൾ കളവ് പറയേണ്ടതായിവരുന്നു. പിന്നീട് കളവിന്റെ രഹസ്യം പുറത്തുവരുമ്പോൾ കലഹം ആരംഭിക്കുകയും ബന്ധം അകലുകയും അവസാനം ത്വലാഖ്വരെ എത്തിച്ചേരുകയും ചെയ്യുന്നു.

നിങ്ങൾ പരിശോധിക്കുകയാണെങ്കിൽ നമ്മുടെ ഇവിടേയും ത്വലാഖും ഖുലയും ഉണ്ടാകുന്നത് കളവിനെ ആശ്രയിക്കുന്നതുകൊണ്ടാണെന്ന് കാണാം. അടിസ്ഥാനപരമായ ഈ മനഃശാസ്ത്രം മനസ്സിലാക്കിക്കൊണ്ടാണ് നിക്കാഹിന്റെ ഖുത്ബയിൽ നമ്മൾ ഓതുന്ന വച

നങ്ങളിൽ **യാ അയ്യുഹല്ലദീന ആമ നുത്തഖുല്ലാഹ വ ഖൂലൂ ഖൗലൻ സദീദാ** എന്ന വചനവും ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വാസിച്ചവരേ! അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുകയും ചെയ്യുക.(33:71) **യുസ്വലിഹ് ലക്കും അഅ്മാലക്കും വ യഗ്ഫിർലക്കും ദുനൂബക്കും വമൻയ്യുത്വിയില്ലാഹ ഫഖദ് ഫാസ ഫൗസൻ അളീമാ** നിങ്ങൾ അങ്ങനെ ചെയ്യുന്നതായാൽ അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനേയും അവന്റെ ദൂതനേയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്.(33:72) സ്വാതന്ത്ര്യത്തിന്റെ പേരിൽ പർദ ഉന്മൂലനം ചെയ്യപ്പെടുമ്പോൾ പിന്നീട് സംശയങ്ങളും വിശ്വാസമില്ലായ്മയും ഉണ്ടാകുന്നു. വീണ്ടും കളവിനെ ആശ്രയിക്കേണ്ടതായി വരുന്നു. ഒരു പരമ്പര തുടർന്നുകൊണ്ടിരിക്കുന്നു. അത് അവസാനിക്കാത്ത പരമ്പരയാണ്.

എന്തായാലും അല്ലാഹു ഇവിടെ ഭാര്യഭർത്താക്കന്മാരുടെ ബന്ധത്തിൽ എത്രത്തോളം സത്യതയുടെ കാര്യം പറഞ്ഞുവെന്നാൽ അതിലൊരു ചതിയും ഉണ്ടാകാൻ പാടില്ല. സത്യത്തിന്റെ ഏറ്റവും ഉന്നതമായ നിലവാരം ഉണ്ടാവണം. അതുമുഖേന നിങ്ങളുടെ ബന്ധങ്ങൾ മനോഹരമായിത്തീരുന്നതോടൊപ്പം നിങ്ങളുടെ കുട്ടികളും ഒരുപാട് പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെടുന്നതാണ്. അല്ലാഹു നിങ്ങളുടെ പാപങ്ങളും പൊറുത്തുതരുന്നതാണ്. 'ഫൗസെ അളീമും' മഹത്തായ വിജയവും നൽകുന്നതാണ്. ഇതാണ് ഇസ്‌ലാമിന്റെ മനോഹരമായ കല്പന. പക്ഷേ എന്നിട്ടും ചൊവ്വായ കാര്യങ്ങൾ പറയുന്നില്ല. അതിനേക്കാൾ കൂടുതൽ ദൗർഭാഗ്യത മറ്റെന്താണ്?

അതിനാൽ നമുക്ക് നമ്മുടെ സത്യതയുടെ നിലവാരങ്ങളെ ഉരച്ചുനോക്കേണ്ട ആവശ്യമുണ്ട്. അതിൽ ദൃഷ്ടിപതിപ്പിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു സാക്ഷികളോടു കള്ളസാക്ഷ്യം പറയരുതെന്ന് പറയുന്നു. ഇബാദുർറഹ്മാനെ സംബന്ധിച്ച് അല്ലാഹു പറയുന്നത്, **വല്ലദീന ലാ യശ്ഹദൂനസ്സൂറ** അവർ കള്ള സാക്ഷ്യം പറയുകയില്ലെന്നാണ്. പറയുന്നു: പരമകാരുണികനായ ദൈവത്തിന്റെ ദാസരാകണമെന്നും ഈമാനിൽ അഭിവൃദ്ധിപ്പെടണമെന്നും നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ കളവിൽനിന്ന് രക്ഷപ്പെടേണ്ടിവരും. എന്തായിരിക്കണം നമ്മുടെ സത്യത്തിന്റെ നിലവാരം? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ കൊല ചെയ്യരുതെന്ന് എനിക്കിപ്പോൾ ഉപദേശിക്കേണ്ട ആവശ്യമില്ല. കാരണം അങ്ങേയറ്റം ദ്രോഹിയായ മനുഷ്യനല്ലാതെ മറ്റാരാണ് അന്യായമായ നിലയിൽ കൊല ചെയ്യാൻ ഒരുങ്ങുന്നത്? എന്നാൽ, അനീതിയിൽ ശാഠ്യം പിടിച്ച് സത്യത്തെ കൊല്ലാതെ അതിനെ നിങ്ങൾ സ്വീകരിക്കുകയെന്ന് ഞാൻ പറയുന്നു; അതൊരു കുട്ടിയിൽ നിന്നായാൽ പോലും. സത്യത്തിൽ നിലകൊള്ളുക. സത്യമായ സാക്ഷ്യം പറയുക. **ഫജ്തനിബുർരിജ്സ മിനൽഔഥാനി വജ്തനിബൂ ഖൗലസ്സൂർ** അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നുനില്ക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുക എന്ന് (22:31)പ്രതാപവാനായ അല്ലാഹു പറഞ്ഞതുപോലെ. ഏതൊന്നാണോ സത്യത്തിൽനിന്ന് നിങ്ങളുടെ മുഖം തിരിക്കുന്നത് അത് നിങ്ങളുടെ വഴിയിലെ ബിംബമാണ്. നിങ്ങളുടെ പിതാക്കന്മാർക്കും നിങ്ങളുടെ സഹോദരങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും എതിരാണെങ്കിൽപോലും സത്യമായ സാക്ഷ്യം പറയുക.

അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീനആമനൂ! കൂനൂ ഖവ്വാമീന ബിൽഖിസ്ത്വി ശുഹ്ദാഅ ലില്ലാഹി വലൗ അലാ അൻഫുസിക്കും അവിൽവാലിദയ്നി വൽ അഖ്റബീൻ** അല്ലയോ വിശ്വാസിച്ചവരേ! നിങ്ങൾ പരിപൂർണമായും നീതി പാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അതു നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും. (4:136) സത്യത്തിന്റെ നിലവാരം ഇതാണ്. നീതിക്കും നിലവാരമുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, സത്യം ഉണ്ടാകാത്തിടത്തോളം നീതി സ്ഥാപിതമാവുകയില്ല. ഈ നിലവാരമാണ് ഒരു മുഅ്മിന് നിർബന്ധമായും ഉണ്ടാകേണ്ടത്. പൂർണമായും സത്യത്തിൽ ചുവട് വെക്കാതെ കരസ്ഥമാകാത്ത നീതിയെക്കുറിച്ച് അല്ലാഹു പറയുന്നു: **ലാ യജ്രിമന്നക്കും ശനആനു ഖൗമിൻ അൻസ്വദ്ദൂക്കും അനിൽമസ്ജിദിൽ ഹറാമി അൻതഅ്തദൂ വ തആവനൂ അലൽബിർറി വത്തഖ്വാ** അതായത് ശത്രുജനതയുടെ ശത്രുത നിങ്ങൾക്ക് നീതി പുലർത്തുന്നതിന് തടസമാകരുത്.(5:3) നീതിയിൽ നിലകൊള്ളുക. തഖ്വ അതിലാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു, ശത്രുവിനോട് നല്ലനിലയിൽ പെരുമാറുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുവിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയും കേസുകളിൽ ന്യായവും നീതിയും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ പ്രയാസകരമാണ്. ഇത് യുവപുരുഷന്മാരുടെ പ്രവൃത്തിയാണ്. അവിടന്ന് പറയുന്നു: അല്ലാഹു ഈ വചനത്തിൽ സ്നേഹത്തെക്കുറിച്ച് പറഞ്ഞില്ല. മറിച്ച് സ്നേഹത്തിന്റെ നിലവാരത്തെക്കുറിച്ചാണ് പറഞ്ഞത്. കാരണം ആരാണോ തന്റെ വർഗ്ഗശത്രുവിനോട് നീതി കാണിക്കുകയും സത്യത്തിൽനിന്നും നീതിയിൽനിന്നും പിന്മാറാതിരിക്കുകയും ചെയ്യുന്നത് അവനാണ് സത്യമായ സ്നേഹവും പുലർത്തുന്നത്.

അതുകൊണ്ട് ഒരു സത്യവിശ്വാസിയുടെ സത്യത്തിന്റെ നില

വാരം ഇങ്ങനെയായിരിക്കേണ്ടതാണ്. അതായത് ഒരു ശത്രുവിനുപോലും നഷ്ടമുണ്ടാക്കുന്നതിനുവേണ്ടി കളവ് പറയരുത്. ശത്രുവിനോട് ഈ നിലവാരം പുലർത്തുമ്പോൾ പരസ്പരമുള്ള ബന്ധങ്ങളിൽ സത്യത്തിന്റെ നിലവാരം അഭിവൃദ്ധിപ്പെടുന്ന കാരണത്താൽ സ്നേഹത്തിന്റെ നിലവാരവും വർധിക്കുന്നതാണ്. സ്നേഹത്തിലും കളവ് ഉണ്ടാവുകയില്ല. അല്ലാഹു നമുക്കെല്ലാവർക്കും ഇക്കാര്യം മനസ്സിലാക്കുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. എന്നല്ല സത്യത്തേക്കാളുപരി ചൊവ്വായ കാര്യങ്ങൾ പറയുന്നതിൽ നിലകൊള്ളാനും തൗഫീഖ് നല്കുമാറാകട്ടെ.

‘സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കേണ്ടതും ദൈവത്തിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതുമായ പ്രധാനപ്പെട്ട മറ്റൊരു നന്മ വിനയവും അഹങ്കാരത്തിൽനിന്നുള്ള അകൽച്ചയുമാണ്. അഹങ്കാരികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു: **വലാ തുസ്വയ്യിർ ഖദ്ദക ലിന്നാസി വലാതംശി ഫിൽഅർളി മർഹൻ ഇന്നല്ലാഹ ലാ യുഹിബ്ബു കുല്ലമുഖ്താലിൻ ഫഖൂർ** കോപം നിമിത്തം ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചംകാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ലതന്നെ.(31:19) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഓർമിച്ചുകൊള്ളുക. അഹങ്കാരം ശയ്ത്വാനിൽനിന്ന് വന്നതാണ്. ശയ്ത്വാൻ ഉണ്ടാക്കിത്തരുന്നതുമാണ്. മനുഷ്യൻ അതിൽനിന്നകലാത്തിടത്തോളം സത്യം സ്വീകരിക്കുന്നതിനും ദൈവികമായ അനുഗ്രഹങ്ങൾ കരസ്ഥമാകുന്ന വഴിക്കുമിടയിൽ തടസ്സമായിത്തീരുന്നു. അതുകൊണ്ട് അറിവിന്റെ അടിസ്ഥാനത്തിലോ സമ്പത്തിന്റെ അടിസ്ഥാനത്തിലോ തറവാട്ടിന്റെ അടിസ്ഥാനത്തിലോ വ്യക്തിപരവും കുടുംബപരവും കുലപരവുമായ കാരണത്താലോ ഒരുതരത്തിലുള്ള അഹങ്കാരവും പാടില്ല. കാരണം കൂടുതലും അഹങ്കാരമുണ്ടാകുന്നത് ഇവയിൽനിന്നാണ്. മനുഷ്യൻ ഈ പൊങ്ങച്ചങ്ങളിൽനിന്നു, തന്നെ പരിശുദ്ധനാക്കാത്തിടത്തോളം ദൈവത്തിന്റെ പക്കൽ പുണ്യാത്മാവാകുകയില്ല. ശയ്ത്വാനും അഹങ്കരിച്ചിരുന്നു. ആദമിനേക്കാൾ, തന്നെ നല്ലവനായി അവൻ മനസ്സിലാക്കി. പറഞ്ഞു: **അന ഖയ്റുമ്മിൻഹു ഖലഖ്തനീ മിന്നാറിൻ വഖലഖ്ത്തുഹൂ മിൻത്വീൻ** പിന്നീട് അതിന്റെ ഫലമുണ്ടായത് എന്താണ്. ദൈവികസവിധത്തിൽനിന്ന് പുറത്താക്കപ്പെട്ടു. ആദം തന്റെ ദൗർബല്യം അംഗീകരിച്ചതുകൊണ്ട് ദൈവകൃപയ്ക്ക് അനന്തരാവകാശിയായി. കാരണം ദൈവത്തിന്റെ കൃപ കൂടാതെ ഒന്നുമുണ്ടാവുകയില്ലെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അതുകൊണ്ട് ദുആ ചെയ്തു: **റബ്ബനാ ളലംനാ അൻഫുസനാ വഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽഖാസിരീൻ** ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. തീയിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നതിനും ഈ ദുആകൾ ഒരുപാട് ആവശ്യമുണ്ട്.

സത്യമായ ഈശ്വരജ്ഞാനത്തിന്റെ പേര് അതാണ്. അതായത് മനുഷ്യൻ തന്റെ സ്വാഭിമാനം ഒന്നുമല്ലെന്ന് മനസ്സിലാക്കുകയും ദൈവസവിധത്തിൽവീണ് വിനയത്തോടും എളിമയോടുംകൂടി ദൈവകൃപയെ ചോദിക്കുകയും ചെയ്യുക. ഉള്ളിൽ ഒരു വെളിച്ചവും നന്മ ചെയ്യുന്നതിനുവേണ്ടി ശക്തിയും ചൂടുമുണ്ടാകുന്നതും ശാരീരികേച്ഛയെ കരിച്ചുകളയുന്നതുമായ ആ ജ്ഞാനപ്രകാശം ചോദിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വാസ്തവത്തിൽ ആത്മാവിന്റെ വികാരങ്ങളുടെ ഈ അഴുക്ക് വെളിപ്പെടുന്നത് ദുസ്വഭാവം, അഹങ്കാരം, പ്രദർശനപരത തുടങ്ങിയ രീതിയിലാണ്. അല്ലാഹുവിന്റെ കൃപയുണ്ടാകാത്തിടത്തോളം അതിന് മരണം ഉണ്ടാകുകയില്ല. ഇക്കാരണത്താലാണ് നബി(സ) തിരുമേനിയോട് ചോദിച്ചപ്പോൾ അതായത് താങ്കൾ താങ്കളുടെ കർമങ്ങൾകൊണ്ട് സ്വർഗത്തിൽ പോകുമോ എന്ന് ചോദിച്ചപ്പോൾ ‘ഒരിക്കലുമില്ല, ദൈവത്തിന്റെ കൃപയാൽമാത്രമേ പോകുകയുള്ളൂ’ എന്ന് പറഞ്ഞത്. പറഞ്ഞു: നബിമാർ(അ) ഒരിക്കലും ഏതെങ്കിലും ശക്തിയോ കഴിവോ തന്റേതാണെന്ന് പറയുകയില്ല. അവർ ദൈവത്തിൽനിന്നുതന്നെ അത് പ്രാപിക്കുന്നതാണ്. അവന്റെ പേര് പറയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രത്യേക ദാസരായ നബിമാരുടെ അവസ്ഥയാണിത്. അങ്ങനെ വരുമ്പോൾ ഒരു സാധാരണക്കാരൻ എത്രമാത്രം വിനയം കാണിക്കേണ്ടതാണ്. എത്രമാത്രം അല്ലാഹുവിന്റെ കൃപകൾക്ക് നന്ദി കാണിച്ചുകൊണ്ട് കൂടുതൽ അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടേപോകേണ്ടതാണ്! നബി(സ)തിരുമേനിയുടെ സുന്നത്തും അവിടന്ന് പറഞ്ഞ മാർഗ്ഗവുമനുസരിച്ച് എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിനും ഉദാത്തമായ എല്ലാ സ്വഭാവങ്ങളും കരസ്ഥമാക്കുന്നതിനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ദൈവസാമീപ്യത്തിനുതകുന്നതായ സത്യത്തിന്റെ നിലവാരവും നമുക്കുണ്ടാകുമാറാകട്ടെ. നമ്മുടെ വിനയവും അല്ലാഹുവിനെ ഇഷ്ടപ്പെടുന്ന നിലവാരത്തിലുള്ളതാകട്ടെ. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രതീക്ഷിക്കുന്നരീതിയിലുള്ള ജമാഅത്തിലെ അംഗങ്ങളായിത്തീരട്ടെ.



# ഹൃദയവും മസ്തിഷ്ക്കവും

മസ്തിഷ്ക്കം യുക്തിയുടെയും ചിന്തയുടെയും ഉറവിടമാണ്.
എന്നാൽ ഹൃദയമാണ് ആത്മീയ ഗുണങ്ങളുടെ ഉറവിടം.

ഹദ്റത്ത് അഹ്മദ് (അ)

ദൈവം മനുഷ്യനിൽ മൂന്ന് വിധത്തിലുള്ള നിയന്ത്രണ ഘടകങ്ങൾ സ്ഥാപിച്ചിരിക്കുന്നു. മസ്തിഷ്ക്കം, ഹൃദയം, നാവ് എന്നിവയാണവ. മസ്തിഷ്ക്കവും ബുദ്ധിയും യുക്തിയുമുപയോഗിച്ച് ആശയങ്ങൾ രൂപീകരിക്കുകയും പുതിയ ചിന്തകളും വിശദീകരണങ്ങളും വാദമുഖങ്ങളും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. വിവിധ സങ്കേതങ്ങളിലൂടെ രൂപവത്കൃതമാവുന്ന ഫലങ്ങൾ മസ്തിഷ്ക്കം പുനപരിശോധിക്കുകയും ചെയ്യുന്നു. ഹൃദയം എല്ലാ സത്തകളുടേയും രാജാവാണ്. ഹൃദയം തെളിവുകളും വാദമുഖങ്ങളും ഉപയോഗിക്കുന്നില്ല. അതിന്ന് രാജാധിരാജനായ (മലിക്കുൽ മുലൂക്ക്) അല്ലാഹുവുമായിട്ടാണ് ബന്ധം. ആയതിനാൽ വ്യക്തവും സ്വചവുമായ വെളിപാട് മുഖേനയോ ചിലപ്പോൾ രഹസ്യമായോ ഗൂഢമായോ വെളിപാട് മുഖേന മനുഷ്യന് അറിവുകൾ നൽകപ്പെടുന്നു.

ഇതിനെ മറ്റൊരു വിധത്തിൽ പറയാം. മസ്തിഷ്ക്കം മന്ത്രി (വസീർ) ആണ്. മന്ത്രി ഭരണ നിർവ്വാഹകനായതിനാൽ തന്ത്രങ്ങളും പദ്ധതികളും മിനഞ്ഞെടുക്കുന്ന ആളാകുന്നു. അപ്രകാരം മസ്തിഷ്ക്കം അഭിപ്രായങ്ങൾ, വ്യവസ്ഥകൾ, കാര്യകാരണങ്ങൾ, ഫലങ്ങൾ എന്നിവയിൽ സദാ വ്യാപൃതമാണ്. എന്നാൽ ഹൃദയത്തിൽ അല്ലാഹു സഹജാവബോധത്തെയാണ് നിക്ഷേപിച്ചിരിക്കുന്നത്. മധുരമുള്ള സ്ഥലത്ത് ഉറുമ്പ് എത്തിചേരുന്നത് പോലെയാണ് ഇത്. ഒരിടത്ത് മധുരമുണ്ടെങ്കിൽ ഉറുമ്പിന്ന് അത് ഗ്രഹിക്കാൻ വസ്തുതകളുടേയും തെളിവിന്റേയും ആവശ്യമില്ല. ദൈവം അതിന്ന് നൽകിയ സഹജാവ ബോധം അതിന്ന് മാർഗ്ഗ ദർശനം നൽകുന്നതിനാൽ അത് മധുരമുള്ളിടത്ത് എത്തിച്ചേരുന്നു. ഇപ്രകാരം ഉറുമ്പിന്ന് ഹൃദയവുമായി സാദൃശ്യമുണ്ട്. കാരണം അതിലും സഹജാവ ബോധമുണ്ട്. അതിന്റെ ബലത്താൽ ഹൃദയം ആനയിക്കപ്പെടുന്നു. അതിന്ന് തെളിവുകളുടേയും യുക്തിവാദങ്ങളുടേയും നിഗമനങ്ങടെയും ഫലപരിണിതിയുടെയും ആവശ്യമില്ല. ഹൃദയത്തിന്ന് അത്തരം തെളിവുകൾ എത്തിച്ചു കൊടുക്കാൻ മസ്തിഷ്ക്കം സദാസന്നദ്ധമാണ് എന്നത് മറ്റൊരു കാര്യമാണ്.

ഹൃദയം (ഖൽബ്) എന്നതിന്ന് സ്ഥൂലവും ശാരീരികവുമായ അർത്ഥമുണ്ട്. 'ഖൽബ്' എന്ന വാക്കിന്ന് ചംക്രമണം, മടങ്ങിവരുന്ന സഞ്ചാരം എന്നെല്ലാമുള്ള അർത്ഥമുണ്ട്. ശരീരത്തിൽ രക്തചംക്രമണത്തിന്റെ സ്രോതസ്സായതിനാലാണ് ഹൃദയത്തെ 'ഖൽബ്' എന്ന് വിളിക്കുന്നത്. 'ഖൽബ്' എന്ന വാക്കിന്റെ ആത് മീയമായ അർത്ഥം മനുഷ്യനുണ്ടാകുന്ന അഭിവൃദ്ധിയും പുരോഗതിയും ഹൃദയത്തെ ചുറ്റിക്കൊണ്ടുള്ള പരിക്രമണത്തിലൂടെ ലഭ്യമാകുന്നത് എന്നാണ്. എപ്രകാരമെന്നാൽ മനുഷ്യന്റെ ജീവന് ആവശ്യമായ രക്തസഞ്ചാരത്തിന്റെ പ്രഭവകേന്ദ്രം ഹൃദയമാണ്. ആയതിനാൽ ആത്മീയ പുരോഗതി ആത്മീയ ഹൃദയത്തെ ആശ്രയിച്ചിരിക്കുന്നു.

ഇക്കാലത്തെ ദാർശനികരെന്ന് പറയപ്പെടുന്ന ചിലർ അറിവില്ലാത്തവരാണ്. അവർ എല്ലാ നല്ല കാര്യങ്ങളെയും മസ്തിഷ്ക്കവുമായി ബന്ധപ്പെടുത്തുകയാണ്. എന്നാൽ മസ്തിഷ്ക്കം വെറും തെളിവുകളുടെയും വാദമുഖങ്ങളുടെയും ഇരിപ്പിടം മാത്രമാണ്. ചിന്താശക്തിയും ഓർമ്മ ശക്തിയും തല ചോറുമായി ബന്ധപെട്ടു കിടക്കുന്നു. എന്നാൽ ഹൃദയം അതിന്റെ പ്രത്യേകത നിമിത്തം പരമാധികാരിയാണ്. അതായത് തലചോറിൽ ഒരുവിധത്തിലുള്ള കൽപ്പിത ഘടകങ്ങളുണ്ട്. ഹൃദയത്തിൽ ഈ കൽപ്പിത ഘടകങ്ങളില്ല. അത്കൊണ്ട് ഹൃദയത്തിന്ന് 'റബ്ബുൽ അർശുമയി' ഒരു പ്രതീകാത്മക ബന്ധമുണ്ട്. വെറും സഹജാവബോധം കൊണ്ട് ഒരു വിധത്തിലുള്ള അടയാളവും ദൃഷ്ടാന്തവും ആവശ്യമില്ലാതെ (ആത്മീയ സത്യങ്ങൾ) അത് അറിയുന്നു. അത്കൊണ്ടാണ് ഹദീസിൽ 'നീ ഹൃദയത്തോട് ഫത്വ(വിധി) ചോദിക്കുക' എന്നു പറഞ്ഞിരിക്കുന്നത്. അല്ലാതെ മസ്തിഷ്ക്കത്തോട് ഫത്വ ചോദിക്കണമെന്നല്ല വന്നിരിക്കുന്ന ഉലൂഹിയത്തിന്റെ (ദൈവത്വന്റെ) തന്തുക്കൾ ഹൃദയവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. ആരും അതിനെ വിദൂരമാണെന്ന് കരുതരുത്. വളരെ സൂക്ഷ്മവും പ്രയാസകരവുമായ കാര്യമാണിത്. എന്നാൽ ഹൃദയ പരിശുദ്ധി വരുത്തുന്നവർ ഇത്തരം ഉദാത്ത ഗുണങ്ങൾ ഹൃദയത്തിന്നുണ്ടെന്ന് മനസ്സിലാക്കുന്നു. ഹൃദയത്തിന് ഈ ശക്തികളും

ഊർജ്ജങ്ങളും ഇല്ലായിരുന്നെങ്കിൽ മനുഷ്യന്റെ അസ്തിത്വം തന്നെ പ്രയോജന ശൂന്യമായി ഭവിക്കുന്ന താണ്.

തസവ്വുഫിലും മുജാഹിദയി ലും മുഴുകിയിരിക്കുന്ന സൂഫികളും മുജാഹിദീങ്ങളും ശരിക്കും മനസ്സി ലാക്കിയ ഒരു യാഥാർത്ഥ്യമുണ്ട്. ഹൃദയത്തിൽനിന്നും പ്രകാശത്തി ന്റെയും ദീപ്തിയുടെയും സ്തൂപം പ്രത്യക്ഷമായിതന്നെ ആകാശത്തേ ക്ക് പോകുന്നതായിട്ടവർക്ക് കാണാ ൻ സാധിക്കുന്നു. വളരെ വ്യക്തവും യാഥാർത്ഥവും ആയ സത്യമാണി ത്. എനിക്കിതിനെ പ്രത്യേകമായ ഉദാഹരണം മൂലം വ്യക്തമാക്കി തരുവാൻ സാധ്യമല്ല. എന്നാൽ ആർക്കാണ് 'മുജാഹിദ' ചെയ്യു വാൻ സാധിക്കുന്നത്, അതേ പ്രകാരം ആത്മീയ സഞ്ചാരത്തിന്റെ ഘട്ടങ്ങളെ തരണം ചെയ്യുവാൻ സാധിക്കുന്നത്, അവർക്ക് ഇത് നേരിട്ടും അനുഭവത്തിൽ കൂടിയും കാണുവാൻ സാധിച്ചിട്ടുണ്ട്. ഹൃദയത്തിന്നും അർശിന്നുമിടയിൽ സൂക്ഷ്മമായ ഒരു തന്തുവുണ്ട്. ഹൃദയത്തിന്ന് ആരാണോ കൽപ്പന നൽകുന്നത് അവനിൽ നിന്നും ദിവ്യാനുഭൂതി ഉണ്ടാകുന്നു. അത് ബുദ്ധിപരമായ അടയാളങ്ങളേയും ദൃഷ്ടാന്തങ്ങളെയും ആശ്രയിച്ചിട്ടു ള്ളതല്ല. മറിച്ച് മുൽഹം (ദിവ്യവെളി പാടു കിട്ടിയ ആൾ) അല്ലാഹു വിനോട് ആന്തരികമായി സംവദിച്ച് കാര്യങ്ങൾ ഗ്രഹിച്ചു കൊണ്ട് രൂപം കൊള്ളുന്ന ഫത്‌വ (വിധി) കളാണ്.

അതെ, ഒരു കാര്യം സത്യമാണ് ഏത്വരെയെന്നാൽ ഹൃദയം ഹൃദയ മായി മാത്രം നിലകൊള്ളുകയും അതായത്. 'നാം (ദൈവിക സന്ദേ ശം) കേൾക്കുകയും അറിയുകയും ചെയ്തിരുന്നുവെങ്കിൽ'(67:11) എന്ന ദൈവിക വചനമനുസരിച്ച് ആവുക യും ചെയ്യുന്നതുവരെ, അതായത്, ഹൃദയത്തിന്റെയും മസ്തിഷ്ക്കത്തി ന്റെയും ശക്തികൾ പ്രകടമാകാതി രുന്ന ഒരു നിദ്രാണ കാലഘട്ടം മനുഷ്യനിൽ കടന്നു പോയിട്ടുണ്ട്. മസ്തിഷ്ക്കത്തിന്റെ കഴിവുകൾ വികസിതമായ ഒരു കാലഘട്ടം വന്നു. അതിനു ശേഷമാണ് ഹൃദയം പ്രകാശ സമ്പൂർണ്ണമായ ഒരുകാലഘട്ടം ആഗതമായത്. ഹൃദയത്തിന്റെ പ്രകാശ പൂർണ്ണമായ കാലഘട്ടം വന്നതോടുകൂടി മനുഷ്യൻ ആത്മീയമായ വളർച്ച പ്രാപിച്ചു. അങ്ങനെ മസ്തിഷ്ക്ക ത്തിനു മേൽ ഹൃദയത്തിന്റെ അധീശത്വം നിലവിൽ വന്നു. മസ്തിഷ്ക്കപരമായ കഴിവുകൾക്ക് ഹൃദയത്തിന്റെ സവിശേഷതകളു ടെയും ശക്തികളുടെയും മേൽ ഒരാധിപത്യവുമില്ല. ഒരു കാര്യം ഓർക്കുക മസ്തിഷ്ക്കപരമായ കഴിവുകൾ സത്യവിശ്വാസികൾക്ക് മാത്രം പ്രത്യേകമായിട്ടുള്ളതല്ല. മറ്റെല്ലാ മതവിശ്വാസികളും താന്താ ങ്ങളുടെ തലച്ചോറിനെ ഉപയോഗി ക്കുന്നു. ഭൗതികമായ കാര്യങ്ങളി ലും വ്യാപാരങ്ങളിലും മുഴുകിയി രിക്കുന്നവരെല്ലാം തലചോറിനെ പ്രയോജനപ്പെടുത്തുന്നു. ഭൗതിക മായ കാര്യങ്ങളിലും വ്യാപാരങ്ങ ളിലും മുഴുകിയിരിക്കുന്നവരെല്ലാം തന്നെ തങ്ങളുടെ ബുദ്ധിയെ (തല ച്ചോറിനെ) പ്രയോജനപ്പെടുത്തു ന്നു. അവരുടെ മസ്തിഷ്ക്കപരമായ കഴിവുകൾ പൂർണ്ണമായും വികസി തമാണ്. ദിവസവും അവർ തങ്ങളു ടെ വ്യാപാരപരമയ പല നവീന കാര്യങ്ങളും അവർ കണ്ടു പിടിക്കു ന്നു. യൂറോപ്പിലേക്കും ആധുനിക ലോകത്തിലേക്കും ദൃഷ്ടിപായിക്കു ക. ഇക്കൂട്ടർ എത്ര കണ്ടാണ് തങ്ങളുടെ ബുദ്ധിയെ പ്രയോജന പ്പെടുത്തി പുതിയ പുതിയ ഗവേഷണങ്ങൾ നടത്തുന്നത്.

മനുഷ്യൻ ദൈവത്തിന്റേതായി തീരുമ്പോൾ ഹൃദയത്തിന്റെ ശക്തി കൾ പ്രവർത്തിച്ചു തുടങ്ങുന്നു. ആ അവസരത്തിൽ എല്ലാ ഊർജ്ജ ങ്ങളും ഇല്ലാതായി ഹൃദയത്തിന്റെ ഭരണകൂടം ആധിപത്യത്തിൽ വരിക യും ഹൃദയത്തിന്റെ നിയന്ത്രണ ത്തിലും ഭരണത്തിൻെറ കീഴിലും ആവുകയും ചെയ്യുന്നു. അപ്പോഴാ ണ് മനുഷ്യൻ പരിപൂർണ്ണ മനുഷ്യ ൻ എന്ന് പറയപ്പെടുന്നത്. ആ അവസരത്തിലണ് അതിൽ 'ഞാനെ ന്റെ ആത്മാവിനെ ഊതി' (15:30) എന്ന വചനത്തിൽ മനുഷ്യൻ സജീവ സാക്ഷിയാവുന്നത്. ആ അവസരത്തിൽ മലക്കുകൾ കൂടി അയാളെ സജ്ദ ചെയുന്നു. അപ്പോൾ അയാൾ ഒരു നവീന മനുഷ്യനായി തീരുന്നു. അയാളുടെ ആത്മാവ് അവാച്യമായ ഒരാത്മീയ അനുഭൂതി അനുഭവിക്കാൻ തുടങ്ങുന്നു. എന്നാൽ ഒരു കാര്യം ഓർക്കണം ഈ ആനന്ദം ഒരു ദുഷിച്ച പ്രകൃതമുള്ളവന്ന് വ്യഭിചാ രത്തിൽ നിന്നും ലഭിക്കുന്ന ആനന്ദം പോലെയായിരിക്കുന്നതല്ല. അല്ലെ ങ്കിൽ മധുര സ്വരത്തിൽ ആലപിക്ക പ്പെടുന്ന ഗാനാസ്വാദനത്തിൽ അനു ഭവപ്പെടുന്ന ആനന്ദം പോലെയുള്ള തല്ല. ആത്മീയാനന്ദം ഉണ്ടാകുന്നത് മനുഷ്യൻ മൃദുചിത്തനായി വ്യാകു ലതയോടും ദൈവഭക്തിയോടും സ്വയം അലിഞ്ഞ് ജലം പോലെ ഒഴുകാൻ തുടങ്ങുമ്പോഴാണ് .ആ അവസരത്തിൽ അവൻ വചനമായി (കലിമ)ത്തീരുന്നു.(മൽഫൂസാത്ത്–പേ. 404–408.)

## ആരാണ് ബുദ്ധിമാന്മാർ?

വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും എന്നിട്ട് അതിൽ ഉത്തമമായതിനെ പിന്തുടരുകയും ചെയ്യുന്നവരത്രെ അവർ അവരെയാണ് അല്ലാഹു നേർമാർഗ്ഗത്തിൽ നയിച്ചിരിക്കു ന്നത്. ബുദ്ധിമാന്മാരും അവർ തന്നെ.

(വിശുദ്ധ ഖുർആൻ 39: 19)

സമുദ്ര ശാസ്ത്രം – 4

# സമുദ്രവും കപ്പലുകളും

സഞ്ചാരത്തിന്നും വിഭവങ്ങൾ തേടിയും അതിവിശാലമായ സമുദ്രപരപ്പിൽ സഞ്ചരിക്കുന്ന കപ്പലുകൾ ദൈവികാനുഗ്രത്തിന്റെ പരസ്യ പലകളാണ്

എ. എം. മുഹമ്മദ് സലീം



**നിങ്ങൾക്ക് സമുദ്രത്തെ അധീനപ്പെടുത്തിയവനത്രെ അല്ലാഹു. അവന്റെ കൽപ്പന പ്രകാരം അതിൽ കപ്പലുകൾ സഞ്ചരിക്കുന്നതിന്നും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങളന്വേഷിച്ച് സമ്പാദിക്കുന്നതിന്നും നിങ്ങൾ നന്ദികാണിക്കുന്നതിന്നും വേണ്ടി.(വി.ഖു. അൽജാസിയ 45:13) സമുദ്രത്തിൽ സഞ്ചരിക്കേണ്ടതിന്ന് അവൻ നിങ്ങൾക്ക് കപ്പലുകൾ വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു. (വി. ഖു. ഇബ്രാഹിം14:33)**

മറുകരകാണാതെ ചക്രവാള സീമകളിൽ അതിരിട്ട് നിൽക്കുന്ന അപാരമായ ജലപ്പരപ്പ് ആവഹിച്ച് ശാന്ത ഗംഭീരമായി നിൽക്കുന്ന സമുദ്രം പുരാതന മനുഷ്യനു മുമ്പിൽ തീർച്ചയായും ഭയം ജനിപ്പിച്ചിരിക്കും. ഈ സമുദ്രഭീതിക്ക് മുമ്പിൽ മനുഷ്യൻ നിശ്ചേതനായി ഇരുന്നു കളഞ്ഞെങ്കിൽ ഇന്ന് ഈ കാണുന്ന പുരോഗതിയൊന്നും അവന്ന് കൈവരില്ലായിരുന്നു. ചരിത്രാതീതകാലം മുതൽക്കുതന്നെ സമുദ്രം താണ്ടിക്കടക്കാനുള്ള ശ്രമം മനുഷ്യൻ ആരംഭിച്ചതായി കാണാം. സഞ്ചാരത്തിന്നും വിഭവങ്ങൾ കൊണ്ടുപോകാനും കടലിലെ വിഭവങ്ങൾ അന്വേഷിക്കാൻ മനുഷ്യൻ പണ്ടു മുതൽ തന്നെ ജലയാനങ്ങൾ ഉപയോഗിച്ചിരുന്നു. പരസ്പരം കൂട്ടികെട്ടിയ മരത്തടികൾ കൊണ്ടുള്ള ചങ്ങാടങ്ങളായിരുന്നു(Raft) പുരാതന മനുഷ്യൻ ഉപയോഗിച്ചിരുന്നത്. പിന്നീട് മരത്തടികൾ ചെത്തി കുഴിയുണ്ടാക്കിയ കുഴിവള്ളങ്ങൾ (Dug outs) ലേക്ക് അവ പുരോഗമിച്ചു. പിൽക്കാലത്ത് കപ്പൽ ഡിസൈനിംങ്ങിലുണ്ടായ അടിസ്ഥാന പുരോഗതി കപ്പലിന്റെ ചട്ടകൂടും (Keel) പാഴ്മരവും (Stern Post) ഉള്ള ഒരു ഘടനയിലേക്ക് വഴിമാറി. ആധുനിക കാലത്തെ കപ്പൽ നിർമ്മാണത്തിന്റെ അടിസ്ഥാനവും ഇത് തന്നെയാണ്. കപ്പൽ നിർമ്മാണ കലയിൽ ദൈവം മനുഷ്യന്ന് അവബോധനം നൽകി സഹായിച്ചതായി ഖുർആനും ബൈബിളും സൂചിപ്പിക്കുന്നു. മാനവരാശിയെ നിർണ്ണായകമായി സ്വാധീനിച്ച ഭൗതിക രംഗത്തെ പല കണ്ടുപിടുത്തങ്ങൾക്കും പിന്നിൽ മനുഷ്യന്ന് ആകസ്മികമായി ലഭിച്ച അദൃശ്യ ജ്ഞാനങ്ങളുടെ പ്രേരണയുള്ളതായി കണ്ടുപിടുത്തങ്ങളുടെ ചരിത്രം പറയുന്നു. മനുഷ്യനമ്മക്കായി ഒരാൾ സ്വയം സമർപ്പണം ചെയ്തു നടത്തുന്ന യത്നത്തെ ദൈവം സഹായിക്കുന്നു എന്നാണിതിന്നർത്ഥം. ഗവേഷകനുണ്ടാകുന്ന സ്വപ്നങ്ങൾ, അന്ത:പ്രചോദനങ്ങൾ, ആത്മ ബോധനങ്ങൾ, തോന്നലുകൾ, ആകസ്മിക സംഭവങ്ങൾ,

മുതലായവയെല്ലാം ദൈവത്തിന്റെ അദൃശ്യ ഹസ്തങ്ങളുടെ സഹായങ്ങളായും വഴിതിരിവുകളായും കരുതാം. ഇത്തരം യാദൃശ്ചികതകളെ ശാസ്ത്രീയ ലോകം സെറഡിപ്പിറ്റി (Serendipity) എന്നാണ് പറയുന്നത്.

## നൂഹ് നബി (അ) യുടെ കപ്പൽ

പ്രളയത്തെ അതിജീവിക്കാൻ ഒരു നിശ്ചിത ഡിസൈനിംങ് പ്രകാരം ആദ്യമായി കപ്പൽ നിർമ്മിച്ച നൂഹ് നബി (അ) നെ കുറിച്ച് അഥവാ നോഹയെ കുറിച്ച് വിശുദ്ധ ഖുർആനും ബൈബിളും പറയുന്നുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ബൈബിളിലും കാണാം. നോഹയുടെ ആ കപ്പൽ നിർമ്മാണം ദൈവിക ബോധനത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു എന്ന് ഈ രണ്ട് മത ഗ്രന്ഥങ്ങളും ചൂണ്ടികാട്ടുന്നു. അത്ഭുതകരമായിട്ടുള്ളത് നൂഹ് നബി (അ) കപ്പൽ നിർമ്മാണത്തിന്റെ ഘടന തന്നെയാണ് ആധുനിക കപ്പൽ നിർമ്മാണത്തിന്റെയും അടിസ്ഥാനം. ഇത് സംബന്ധിച്ച് ഖുർആൻ പറയുന്നു:

**'അപ്പോൾ നാം അദ്ദേഹത്തിന്ന് ദിവ്യസന്ദേശം നൽകി. ആ കപ്പൽ നമ്മുടെ കൺമുമ്പാകെയും നമ്മുടെ അറിവു പ്രകാരവും നിർമ്മിക്കുക.'(അൽ മുഅ്മിനൂൻ 23:28) 'തീർച്ചയായും അതിനെ പിൽക്കാല തലമുറക്ക്) ഒരു ദൃഷ്ടാന്തമാക്കി ഇട്ടിരിക്കുന്നു.' (അൽ ഖമർ 54:16)**

ബൈബിൾ നോഹയുടെ കപ്പൽ നിർമ്മാണത്തെ പറ്റി പറയുന്നു. **'നീ ഗോഫാർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക. പെട്ടകത്തിന്ന് അറകൾ ഉണ്ടാക്കി അകത്തും പുറത്തും കീൽ തേക്കണം. പെട്ടകം നിർമ്മിക്കേണ്ടത് ഈ വിധമാണ്. മുന്നൂറു മുഴം നീളവും അമ്പത് മുഴം വീതിയും മുപ്പത് മുഴം ഉയരവും ഉണ്ടായിരിക്കണം. പെട്ടകത്തിന്റെ വശത്ത് നിന്നും ഒരു മുഴം തള്ളി ഉയരത്തിൽ ഒരു മേൽപ്പുര പണിയണം. വാതിൽ പെട്ടകത്തിന്റെ ഒരു വശത്തായിരിക്കണം. പെട്ടകത്തിന്ന് ഒരു കീഴ്തട്ടും രണ്ടാം തട്ടും മേൽ തട്ടും വേണം.' (ഉൽപ്പത്തി 6:14–17)**

ആധുനിക കപ്പൽ നിർമ്മാണ കലയിലെ അടിസ്ഥാന ഘടനയും രൂപവും തന്നെയാണ് ദൈവ കൽപ്പനയാൽ ഉണ്ടാക്കിയ കപ്പലിലുണ്ടായിരുന്നത്. മാത്രമല്ല പിൽക്കാല തലമുറക്ക് ഇതൊരു ദൃഷ്ടാന്തമായിരിക്കുന്നു എന്നും വിശുദ്ധ ഖുർആൻ പറയുന്നു. ഇവിടെ കപ്പലിനെ ഒരു ദൃഷ്ടാന്തം (ആയത്ത്) ആക്കി എന്ന പദമാണ് ഖുർആൻ പ്രയോഗിച്ചത് ഇത് അതിന്റെ ചരിത്രപരമോ പുരാവസ്തുപരമോ ആയ മൂല്യത്തെ സൂചിപ്പിക്കാൻ വേണ്ടി മാത്രമല്ല. കപ്പൽ നിർമ്മാണത്തിലെ പ്രഥമ മാതൃക എന്ന നിലയിലും ഇതൊരു ദൃഷ്ടാന്തമാണ്.

ഒരു കപ്പലിനെ സംബന്ധിച്ചേടത്തോളം അതിന്റെ പ്രധാന ഭാഗം ഹള്ള് (Hull) ആണ്. കീലത്തെ മൂടിക്കൊണ്ടുള്ളതും വെള്ളത്തിന്നു മുകളിൽ സ്ഥിരമായി പൊങ്ങിക്കിടക്കുന്നതും ജലരുദ്ധമായി അടച്ചിട്ടിരിക്കുന്നതും കനം കുറഞ്ഞ ഭിത്തിയോടു കൂടിയതുമായ ഒരു പാത്രമാണ് ഹള്ള്. ഇതിന്നകം യന്ത്രങ്ങൾ, താമസ സൗകര്യങ്ങൾ, ചരക്കുകളും മറ്റു സാധന സാമഗ്രികളും സൂക്ഷിക്കുവാനുള്ള അറകൾ, ഗർഡറുകൾ എന്നിവകൊണ്ട് ബലപ്പെടുത്തിയിരിക്കും. വെള്ളത്തിൽ കൂടി സഞ്ചരിക്കുമ്പോൾ വളരെ ആയാസരഹിതമായി സഞ്ചരിക്കാനും പ്രതിരോധം കൂടുതൽ കുറക്കാനും വേണ്ടി മീനിന്റെ ആകൃതി (Stream line body) യും അടിഭാഗം മിനുസപ്പെടുത്തിയുമിരിക്കണം. ഹള്ളിന്റെ മുന്നറ്റത്തെ ബോ (Bow) എന്നും പിന്നറ്റത്തെ സ്റ്റേണെന്നും (Stern) പറയുന്നു. ഈ ലളിതമായ അടിസ്ഥാനത്തിലാണ് നൂഹ് നബി (അ) യുടെ കപ്പൽ നിർമ്മാണത്തെ അനുകരിച്ച് ഇന്നും കപ്പൽ നിർമ്മാണം നടക്കുന്നത്.

നൂഹ് നബി (അ) യുടെ കപ്പൽ പ്രളയാനന്തരം ഇറാഖിലെ ജൂദി പർവ്വതത്തിൽ നിലയുറപ്പിച്ചുവെന്ന് വിശുദ്ധ ഖുർആനും തുർക്കിയിലെ അർമീനിയായിലെ അറാറത്ത് മലയിലാണ് നിലയുറപ്പിച്ചതെന്ന് ബൈബിളും വാദിക്കുന്നു. അറാറത്ത് മലയിലാണ് എന്ന് സ്ഥാപിക്കാൻ കൊണ്ട് പിടിച്ചു ശ്രമിക്കുന്നുവെങ്കിലും തെളിവുകൾ ജൂദി മലയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## സുലൈമാൻ നബി(അ) യുടെ കപ്പലോട്ടം

ഖുർആൻ വിവരിക്കുന്ന മറ്റൊരു പ്രാചീനമായ കപ്പലോട്ടം സുലൈമാൻ നബി(അ) യുടെതാണ്. വലിയൊരു കപ്പൽ സമൂഹം കൊണ്ട് സമ്പന്നമായ ഒരു ഭരണാധികാരിയായിരുന്നു സുലൈമാൻ നബി (അ). വാണിജ്യ കാറ്റുകളുടെ ഗതിയെ പറ്റി മനസ്സിലാക്കിയിരുന്ന അദ്ദേഹം അന്തർദേശീയ കപ്പൽ ഗതാഗതത്തിൽ കാറ്റുകളുടെ ഗതി പൂർണ്ണമായും പ്രയോജനപ്പെടുത്തി സമൃദ്ധി കൈവരിച്ചതായി ഖുർആനിൽ കാണാം.

**'നാം സുലൈമാന്ന് ആഞ്ഞടിക്കുന്ന കാറ്റിനെ (അർറീഹു ആസിഫത്തൻ) അധീനപ്പെടുത്തിക്കൊടുത്തു. അത് അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ച് നാം അനുഗ്രഹിച്ച ഭൂമിയിലേക്ക് ചലിച്ചുകൊണ്ടിരുന്നു. എല്ലാ കാര്യങ്ങളെ കുറിച്ചും നാം അറിവുള്ളവരായിരുന്നു.' (അൽ അമ്പിയാഅ് 21: 82) 'അങ്ങനെ നാം അദ്ദേഹത്തിന്ന് കാറ്റ് അധീനപ്പെടുത്തിക്കൊടുത്തു. അദ്ദേഹം ഉദ്ദേശിക്കുന്നിടത്ത് ആ കാറ്റ് മന്ദം മന്ദം ചലിച്ചു കൊണ്ടിരുന്നു.' (അർറീഹ തജ്‌രീബി അമ്‌രിഹി റുഖാഅൻ) (സാദ് 38: 37)**

ബൈബിളിൽ അദ്ദേഹത്തിന്റെ കപ്പൽ സമൂഹത്തെ പറ്റിയുള്ള പരാമർശം ഇങ്ങനെയാണ്. **'രാജാവിന്ന് (സോളമൻ) കടലിൽ ഹിറമിന്റെ കപ്പൽ സമൂഹത്തോടൊപ്പം ഒരു തർശീശ് കപ്പൽ സമൂഹവും ഉണ്ടായിരുന്നു.' (രാജാ 10:22)** ഫലസ്തീൻ ഭരിച്ചിരുന്ന സുലൈ

മാൻ നബി (അ) യുടെ അയൽ രാജ്യമായ ടയറിലെ (ഇന്നത്തെ ലബനാൻ) രാജാവായിരുന്നു ഹിറാം. നാവിക രംഗത്ത് അദ്ദേഹം പ്രഗത്ഭനായിരുന്നു. ബൈബിളിലെ മറ്റൊരു പരാമർശം ഇങ്ങനെയാണ്. **'അവർ ഓഫീരിലേക്ക് ചെന്നു. അവിടെ നിന്നും നാനൂറ്റിയിരുപത് തലന്ത് പൊന്ന് ശലമോൻ രാജാവി ന്റെ അടുക്കൽ കൊണ്ടു വന്നു' (രാജ:9:28)** ഇവിടെ പരാമർശിച്ച് ഓഫീർ ഇന്ത്യയിലെ പശ്ചിമ തീരത്തെ ഒരു തുറമുഖമാണെന്നും അത് കോഴിക്കോട്ടെ ബേപ്പൂർ തുറമുഖമാണെന്നും ചില ചരിത്ര കാരന്മാർ അഭിപ്രായപ്പെടുന്നു. ഇസ്രയേൽ രാജാവായിരുന്ന സോള മൻ ചക്രവർത്തി കേരളവുമായി വാണിജ്യ ബന്ധം പുലർത്തിയ തായി (The history and culture of indian people , R C Majumdar Vol- I I P. 61) ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

ഈ ഖുർആൻ വചനത്തിൽ രണ്ട് രീതിയിലുള്ള കാറ്റിനെ സുലൈമാൻ നബി (അ) പ്രയോജനപ്പെടുത്തിയതായി കാണാം. ആഞ്ഞടിക്കുന്ന കാറ്റ് (ആസിഫ) മന്ദം മന്ദമായി വീശുന്ന കാറ്റ് (റുഖാ) എന്നിവയാണ് ആ കാറ്റുകൾ. ഭൂമിയുടെ അയന ചലനങ്ങൾക്കനുസരിച്ചിട്ടുണ്ടാകുന്ന ഋതുഭേദ കാലങ്ങളിൽ സ്ഥിരമായ വേഗതയിൽ വീശുന്ന വാണിജ്യ വാതങ്ങളും (Trade Wind) അതിനെതിരെ വീശുന്ന മന്ദമായി വീശുന്ന ഡോൾഡ്രം (Doldrum) എന്നറിയപ്പെടുന്ന മറ്റൊരു കാറ്റുമാണ് ഇതെന്ന് കരുതാവുന്നതാണ്. പുരാതന കാലത്ത് ഈ കാറ്റിന്റെ ഗതി മനസ്സിലാക്കിയ സമൂഹങ്ങളാണ് അന്തർദേശീയ കപ്പൽ വ്യാപാരത്തിൽ വിജയിച്ചത്.ഈ കാറ്റിന്റെ ഗതി സുലൈമാൻ നബി (അ) ക്ക് അറിയാമായിരുന്നുവെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

## നിശ്ചലമാകുന്ന കാറ്റ്

വിശുദ്ധ ഖുർആനിൽ നിശ്ചലമകുന്ന കാറ്റിനെ പറ്റി പ്രതിപാദനമുണ്ട്. ഭൂമദ്ധ്യരേഖക്കടുത്ത് സംഭവിക്കുന്ന അത്ഭുകരമായ ഒരു പ്രതിഭാസമാണിത്. പുരാതന കാലത്ത് കപ്പലോട്ടം വിജയിക്കണമെങ്കിൽ കാലികമായി അടിക്കുന്ന ഈ കാറ്റുകളെ പറ്റി അറിഞ്ഞിരിക്കണം. ഭൂമദ്ധ്യരേഖക്ക് തെക്കും വടക്കുമായി 30 ഡിഗ്രി മേഖലയിൽ സംഭവിക്കുന്ന സ്ഥിരമായ ദിശയിൽ വീശിയടിക്കുന്ന കാറ്റാണ് വാണിജ്യ വാതങ്ങൾ (Trade Wind). പണ്ട് പായക്കപ്പലുകളിൽ ചരക്കുകളുമായി പോകുന്ന കപ്പലുകളെ സഹായിക്കുന്ന കാറ്റായത് കൊണ്ടാണ് ഇതിന്ന് വാണിജ്യ വാതകങ്ങൾ അഥവാ ട്രേഡ് വിന്റ് എന്ന് വിളിക്കുന്നത്. കരകളെ അപേക്ഷിച്ച് കടലിൽ തടസ്സങ്ങളൊന്നു മില്ലാത്തതിനാൽ സമുദ്രത്തിന്നു മുകളിൽ സ്ഥിരവേഗത്തിലും കൃത്യതയോടെയും ഈ കാറ്റ് അടിച്ചു വീശുന്നു. ഭൂമദ്ധ്യ രേഖക്ക് ഇരു വശത്തും 30 ഡിഗ്രി അക്ഷാംശത്തിൽ ഉന്നത അന്തരീക്ഷ മർദ്ദത്തിൽ നിന്നും (High Pressure Belt) ഭൂമദ്ധ്യരേഖക്കടുത്തുള്ള ന്യൂന മർദ്ദ മേഖലയിലേക്ക് (Low Pressure Belt) വീശുന്ന കാറ്റാണിത്. വാണിജ്യ വാതങ്ങൾ ഭൂമിയുടെ ഭ്രമണം കാരണം തെക്കുനിന്നും വടക്ക് നിന്നും നേർ ദിശയിൽ കാറ്റുകൾ ഭൂമദ്ധ്യരേഖയിലേക്ക് വീശില്ല. അതുകൊണ്ട് ഭൂഗോളത്തിന്റെ മുകൾ ഭാഗത്തുള്ള വടക്കൻ അർദ്ധ ഗോളത്തിൽ നിന്നും ഭൂമദ്ധ്യരേഖാ പ്രദേശത്തെ പടിഞ്ഞാറ് ഭാഗത്തേക്കാണ് സ്ഥിര വേഗത്തിൽ സ്ഥിരദിശയിൽ കാറ്റടിക്കുന്നത്. അത്പോലെ തന്നെ ഭൂമദ്ധ്യരേഖക്ക് മറുവശത്തുള്ള അർദ്ധഗോളത്തിൽ തെക്ക് കിഴക്ക് ഭാഗത്ത് നിന്നും ഭൂമദ്ധ്യരേഖാ പ്രദേശത്തേക്കാണ് കാറ്റടിക്കുക. വടക്കും തെക്കുമുള്ള രണ്ട് അർദ്ധഗോളത്തിൽ നിന്നും അടിക്കുന്ന കാറ്റ് ഭൂമദ്ധ്യരേഖാ പ്രദേശത്ത് ഏറ്റുമുട്ടി നിർവീര്യമാവുകയും കാറ്റ് ഏറെ കുറെ നിശ്ചല മാവുകയും ചെയ്യും. വാണിജ്യ വാത ദിശക്ക് നേർ വിപരീത ദിശയിലേക്ക് കാറ്റ് മന്ദമായി വീശുകയും ചെയ്യുന്നു. ഇതിനെയാണ് ഡോൾഡ്രം (Doldrum) കാറ്റുകൾ എന്ന് വിളിക്കുന്നത്. ഭൂമദ്ധ്യരേഖാ പ്രദേശത്ത് കിഴക്കോട്ടേക്ക് മന്ദമായിട്ടാണ് ഈ കാറ്റ് വീശുക. വേഗതയിൽ അടിച്ചു വീശുന്ന കാറ്റ് ഇവിടെ ഏറെകുറെ നിശ്ചലമാവുന്ന പ്രതിഭാസവും കടലിലുണ്ട്. വിശുദ്ധ ഖുർആനിൽ നിശ്ചലമാവുന്ന ഈ കാറ്റുകളെ കുറിച്ച് പ്രതിപാതനമുണ്ട്. കപ്പലിനെ ചലിപ്പിക്കുന്നത്പോലെ കപ്പലിനെ അത് നിശ്ചലമാക്കുന്നു. ഖുർആൻ കാറ്റുകൾ നിശ്ചലമാകുന്ന ഒരു പ്രതിഭാസത്തെ പറ്റി പറയുന്നു:

**'താനുദ്ദേശിക്കുന്നതായാൽ കാറ്റിനെ അവൻ നിശ്ചലമാക്കും. തൽഫലമായി അവ (കപ്പലുകൾ) സമുദ്രത്തിന്റെ ഉപരിതലത്തിൽ അടങ്ങി നിൽക്കുകയും ചെയ്യും. കൂടുതൽ സഹന ശീലവും കൂടുതൽ കൃതജ്ഞതാ ബോധവും ഉള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.'(അശ്ശൂറാ42:34)**

വാണിജ്യ വാതക മേഖലയിൽ നിന്നും ഭൂമദ്ധ്യരേഖക്കടുത്തുള്ള ഡോൾ ഡ്രം മേഖലയിൽ പ്രവേശിക്കുമ്പോൾ കാറ്റിന്റെ ഗതി നിശ്ചലമാകും. വാണിജ്യ കാറ്റുകളെ ഉപജീവിച്ച് കപ്പലോട്ടി വന്ന സ്പെയിൻ കാരനായ ക്രിസ്റ്റഫർ കൊളംമ്പസ് കാറ്റിന്റെ ഗതിയെ പറ്റി മനസ്സിലാക്കാതെ ഡോൾഡ്രം മേഖലയിൽ പ്രവേശിച്ച് കപ്പൽ നിശ്ചലമായി അസഹ്യമായ ചൂടിൽ ഒരാഴ്ച്ചയോളം ഗതിമുട്ടിപ്പോയ ഒരു സംഭവമുണ്ട്. ഒരാഴ്ച്ച കടലിൽ കുടുങ്ങിപ്പോയ കപ്പലിൽ കൊളംമ്പസിന്റെ കപ്പലിനെ തെക്ക് പടിഞ്ഞാറൻ കാറ്റ് മൂന്ന് പർവ്വത ശൃഖംങ്ങളുള്ള ഒരു ദ്വീപിലേക്ക് തള്ളിമാറ്റിക്കൊണ്ടു പോയിട്ടാണ് രക്ഷപ്പെടാനായത്. തെക്കെ അമേരിക്കയിലെ വെനീസുലക്കടുത്തുള്ള ഈ ദ്വീപിന്ന് പിന്നീടാണ് ട്രിനിഡാഡ് എന്ന് കൊളംമ്പസ് പേരിട്ടത്.

15-ാം നൂറ്റാണ്ടിൽ വാസ്ഗോഡ ഗാമ പോർട്ടുഗലിലെ ലിസ്ബൺ

തുറമുഖത്ത് നിന്നും പോപ്പിന്റെ ആശീർവാദത്തോടെ 4 പായകപ്പലുകളിൽ 170 പേരടങ്ങുന്ന സംഘവുമായി ഇന്ത്യ കോളനിയാക്കാൻ വേണ്ടി കപ്പലോടിച്ച് വരുമ്പോൾ ക്രൂരതയിൽ പേരുകേട്ട അദ്ദേഹത്തിന്ന് വാണിജ്യ കാറ്റുകളെ പറ്റി വ്യക്തമായ ധാരണയില്ലായിരുന്നു. സ്പെയിനിലെ മുസ്‌ലിം ഭരണ കാലത്ത് ഉണ്ടായിരുന്ന ചാർട്ടുകളും ദിക്കറിയാനുള്ള ഉപകരണങ്ങളും അതിന്ന് അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടാകാം. യൂറോപ്പിൽ നിന്നും പുറപ്പെട്ട് തെക്കൻ അത്‌ലാന്തിക്കിൽ ബ്രസീലിന്റെ തീരത്തെത്തിയ ഗാമ യാദൃശ്ചികമായാണ് തെക്ക് കിഴക്കൻ ട്രേഡ് വിന്റിന്റെ സഹായത്താൽ ആഫ്രിയുടെ തെക്കേ തീരത്തെത്തിയത്. തുടർന്ന് വടക്കോട്ട് സഞ്ചരിച്ച് കിഴക്കൻ ആഫ്രിക്കയിലെ കെനിയൻ തുറമുഖമായ മലിന്ദിയി (Malindi) ലെത്തി. അവിടെ കടൽ കാറ്റുകളെ പറ്റി നല്ല അവഗാഹമുണ്ടായിരുന്ന ഗുജറാത്തി മുസ്‌ലിം നാവികനായ ഇബ്നു മാജിദ് അഥവാ കാഞ്ചി മാലം (Kanji Malam) എന്ന് പോർട്ടുഗീസുകാർ വിളിച്ച മുസ്‌ലിം നാവികന്റെ സഹായത്താൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ ഗതിക്കനുസരിച്ച് 23 ദിവസം കൊണ്ട് കെനിയയിലെ മലിന്ദിയിൽ നിന്നും കോഴിക്കോടിനടുത്തുള്ള കപ്പാട് 1498 മെയ് 20 ന്ന് എത്തുകയുമാണുണ്ടായത്. കടൽ കാറ്റുകളെ പറ്റി അജ്ഞനായിരുന്ന ഗാമ മൺസൂൺ കാലത്തു തന്നെ വിദഗ്ദരുടെ ഉപദേശം കേൾക്കാതെ തിരിച്ചുപോയി. കാറ്റുകൾക്കെതിരെ സഞ്ചരിച്ച ഗാമ 132 ദിവസമെടുത്താണ് തിരികെ വഴിയിലുള്ള മിലിന്ദയിലെത്തുന്നത്.

## അറബികളും കപ്പലോട്ടവും

കപ്പലോട്ടത്തിന്നും കപ്പൽ നിർമ്മാണത്തിന്നും അറബികൾ നൽകിയ സംഭാവനകൾ നിസ്തുലമാണ്. സമചതുരാകൃതിയിലുള്ള പായകൾ കെട്ടിയ കപ്പലുകളായിരുന്നു 13-ാം നൂറ്റാണ്ടുവരെ ലോകത്തിലുടനീളം ഉപയോഗിച്ചിരുന്നത്. ഇത്തരം കപ്പലുകളുടെ സ്ഥാനത്ത് ലാറ്റീൻ (Lateen) എന്ന പുതിയ തരം കപ്പലുകൾ അറബികളാണ് രംഗത്തിറക്കിയത്. ത്രികോണാകൃതിയിലുള്ള പായകളായിരുന്നു അതിലുണ്ടായിരുന്നത്. മാത്രമല്ല ഒന്നിന്നു പകരം അനേകം പായകൾ കപ്പലുകളിൽ ഘടിപ്പിക്കാനും കാറ്റിന്റെ ഗതിയെ പൂർണ്ണമായും ഉപയോഗപ്പെടുത്തി അതിവേഗത്തിൽ കപ്പലോടിക്കാനും അറബികൾക്ക് കഴിഞ്ഞു. നാവിക സേനയിൽ സാധാരണ ഉപയോഗിക്കാറുള്ള അഡ്മിറൽ (Admiral) എന്ന പദം തന്നെ നാവിക തലവന്ന് പറയുന്ന അമീറുൽ ബഹർ എന്ന അറബി പദത്തിൽ നിന്നും നിഷ്പന്നമായതാണ്. ക്രിസ്ത്വാബ്ദം 12-ാം നൂറ്റാണ്ടിൽ ജീവിച്ച അതിപ്രഗത്ഭനായ മദ്ധ്യകാല ശാസ്ത്ര പ്രതിഭയായിരുന്ന് അൽ ഇദ്‌രീസിയാണ് (1100-1165) ശാസ്ത്രീയമായ ആദ്യത്തെ മാപ്പിന്ന് രൂപം നൽകിയത്. സിസിലിയിലെ രാജാവായിരുന്ന റോജർ II ന്റെ രാജധാനിയിലെ ശാസ്ത്രോപദേഷ്ടാവായിരുന്നു അൽ ഇദ്‌രീസി. വെള്ളിഫലകത്തിൽ ഇദ്‌രീസി നിർമ്മിച്ച ഭൂപടം ലോകപ്രശസ്തമായിരുന്നു. സ്പെയിനിൽ മുസ്‌ലിംകൾ ഭരിച്ചിരുന്ന പ്രതാപകാലത്ത് തയ്യാറാക്കിയ മാപ്പുകളും നാവിക ഉപകരണങ്ങളും ഉപയോഗിച്ചാണ് പിന്നീട് സ്പെയിൻ കീഴടക്കിയ ക്രിസ്ത്യാനികൾ കോളനി സ്ഥാപിക്കാനുള്ള നാവിക പര്യവേഷണങ്ങൾക്ക് രൂപം നൽകിയത്. സ്പെയിനിലെ കൊളംബസിന്റെയും പോർട്ടുഗലിലെ വാസ്ഗോഡ ഗാമയുടെയും നേതൃത്വത്തിൽ കപ്പൽ സഞ്ചാരം നടത്താൻ അവർക്ക് കഴിഞ്ഞത് അറബികൾ വളർത്തിയെടുത്ത നാവിക വിജ്ഞാനം ഉപയോഗിച്ചായിരുന്നു. 1497 ൽ പോർട്ടുഗലിലെ ലിസ്ബൺ തുറമുഖത്തു നിന്നും ഇന്ത്യയിലേക്ക് ലക്ഷ്യമിട്ട് യാത്ര തിരിച്ച വാസ്ഗോഡ ഗാമ കേപ് ഹോപ് ഗുഡ് ഹോപ്പ് എന്ന ആഫ്രിക്കൻ മുനമ്പ് ചുറ്റി ഇന്ത്യൻ സമുദ്രത്തിലേക്ക് ലക്ഷ്യമിട്ടു യാത്ര തിരിച്ച് കിഴക്കൻ ആഫ്രിക്കയുടെ തീരമായ മെഡഗാസ്ക്കറിൽ എത്തിചേരുകയുമുണ്ടായി. അവിടെ വെച്ച് മുസ്‌ലിം കപ്പലോട്ടക്കാരുടെ സഹായത്തോടെയാണ് ഗാമ കോഴിക്കോട്ടെ കാപ്പാട് കപ്പലിറങ്ങിയത്.

## നക്ഷത്ര വിജ്ഞാനവും സമുദ്ര സഞ്ചാരവും

പണ്ട് കാലത്ത് കപ്പൽ സഞ്ചാരത്തിന്ന് ഏറ്റവും ആവശ്യമായ നക്ഷത്ര വിജ്ഞാനമായിരുന്നു. കരകാണാകടലിൽ കപ്പൽ സഞ്ചാരത്തിന്ന് ദിശനിർണ്ണയിക്കാൻ നക്ഷത്രങ്ങളല്ലതെ മറ്റു യാതൊരു ഉപാധിയുമുണ്ടായിരുന്നില്ല. നക്ഷത്ര വിജ്ഞാനത്തിൽ അദ്വിതീയരായിരുന്നു അറബികൾ. ദീർഘസഞ്ചാര വേളയിൽ ദിശ നിർണ്ണയത്തിൽ നക്ഷത്രങ്ങൾ വഴികാട്ടുന്നതിനെ പറ്റി വിശുദ്ധ ഖുർആൻ പ്രത്യേകം പരാമർശിക്കുന്നുണ്ട്.

**അവൻ തന്നെയാണ് നിങ്ങൾക്ക് വേണ്ടി നക്ഷത്രങ്ങളെ ഉണ്ടാക്കിയത്. അവ മുഖേന കരയിലേയും കടലിലേയും അന്ധകാരത്തിൽ നിന്ന് നിങ്ങൾ വഴികാണുന്നതിന്ന് വേണ്ടി. കാര്യങ്ങൾ അറിയുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിശദമായി വിവരിച്ചു കൊടുക്കുന്നു. (അൻആം 6: 98)**

പുരാതന കാലത്തെ കപ്പലോട്ടം ആകാശ ഗോളങ്ങളെയും നക്ഷത്രങ്ങളെയും ആശ്രയിച്ചായിരുന്നു (Cellestial Navigation) നടത്തിയിരുന്നത്. വടക്കെ ധ്രുവത്തിൽ ഒരു നക്ഷത്രമുണ്ട്. അതാണ് ധ്രുവ നക്ഷത്രം (Pole Star) ധ്രുവത്തെ ആധാരമാക്കി ഭൂമി പടിഞ്ഞാറു നിന്നും കിഴക്കോട്ട് കറങ്ങുകയാണല്ലോ (അനുഭവത്തിൽ കിഴക്ക് നിന്നും പടിഞ്ഞാറോട്ട്) ആയതിനാൽ മറ്റു നക്ഷത്രങ്ങൾ സൂര്യനെ പോലെ അസ്തമിക്കുമ്പോൾ ധ്രുവനക്ഷത്രം മാത്രം അസ്തമിക്കാറില്ല. ഭൂമദ്ധ്യരേഖയിൽ നിന്ന് നോക്കുമ്പോൾ ധ്രുവനക്ഷത്രം വടക്കൻ ചക്രവാളത്തിൽ

പൂജ്യം ഡിഗ്രിയിലായിരിക്കും. ഭൂമിയുടെ വടക്കൻ ധ്രുവത്തിൽ നിന്ന് നോക്കിയാൽ ആ നക്ഷത്രം നേരെ തലക്ക് മുകളിൽ 90 ഡിഗ്രിയിലായിരിക്കും. ആയതിനാൽ ഭൂമദ്ധ്യരേഖയിൽ നിന്നും വടക്കോട്ടേക്ക് 10 ഡിഗ്രി അക്ഷാംശത്തിലേക്ക് സഞ്ചരിച്ചാൽ ധ്രുവനക്ഷത്രം 10 ഡിഗ്രി ഉയരത്തിലായിരിക്കും. അതുകൊണ്ട് ഭൂമിയിൽ നിന്ന് ധ്രുവനക്ഷത്രം എത്ര ഉയരത്തിലാണോ അത്രയും ഡിഗ്രി അക്ഷാംശത്തിലായിരിക്കും നാം ഉള്ളത് എന്ന് ചുരുക്കം. ധ്രുവനക്ഷത്രത്തെ തിരിച്ചറിയാൻ സപ്തർഷികൾ അഥവാ അൾസാ മേജർ (Alza Major) എന്ന നക്ഷത്രസമൂഹത്തെയായിരുന്നു കപ്പൽ യാത്രക്കാർ ആശ്രയിച്ചിരുന്നത്. വലിയ കരണ്ടിയുടെ രൂപത്തിൽ സങ്കൽപ്പിക്കാവുന്ന ഏഴു നക്ഷത്രങ്ങളെയാണ് സപ്തർഷികൾ എന്ന് പറയുന്നത്. വടക്കൻ ചക്രവാളത്തിൽ ഈ കരണ്ടിയുടെ ആകൃതിയുള്ള നക്ഷത്ര കൂട്ടത്തിന്റെ വാലിന്ന് നേരെ വടക്കോട്ടേക്ക് ഒരു വര വരച്ചാൽ അത് ചെന്ന് മുട്ടുക ധ്രുവനക്ഷത്രത്തിലായിരിക്കും ഈ ധ്രുവനക്ഷത്രമാണ് പണ്ട് കാലത്തെ കപ്പൽ ഗതാഗതത്തിന്ന് ഒരു വഴികാട്ടി

ഭാരതവും ജ്യോതിശാസ്ത്ര രംഗത്ത് വളരെയേറെ പുരോഗമിച്ചിരുന്നുവെങ്കിലും ശാസ്ത്രവും അന്ധവിശ്വാസവും കൂടി കലർന്ന ജ്യോതിഷവും (Astrrology) അതിന്റെ ഭാഗമാണ്. ഭാരതീയ ജ്യോതി ശാസ്ത്രത്തിൽ സൂര്യന്നും ചന്ദ്രനും സഞ്ചരിക്കുന്ന ആകാശത്തിലെ പന്ത്രണ്ട് രാശി മണ്ഡലങ്ങളിൽ (Zodiac) നിലകൊള്ളുന്ന നക്ഷത്രങ്ങളെ പറ്റി മാത്രമേ പ്രതിപാദനമുള്ളൂ. അതായത് 12 രാശികളിൽ നിലകൊള്ളുന്ന 27 നക്ഷത്രങ്ങൾക്ക് മാത്രമേ ഭാരതീയ ജ്യോതി ശാസ്ര്ത്രത്തിൽ പേരുകളുള്ളൂ. ചന്ദ്രൻ ഒരു തവണ ഭൂമിയെ ചുറ്റാൻ 27.32 ദിവസം വേണം. അതുകൊണ്ട് ചന്ദ്രന്റെ ക്രാന്തിവൃത്തത്തെ 27 സമഭാഗങ്ങളായി വിഭജിച്ച് ഓരോ ഭാഗത്തിന്നും അശ്വതി, ഭരണി, കാർത്തിക, രോഹിണി മുതൽ രേവതി വരെയുള്ള 27 പേരുകൾ നൽകിയിരിക്കുന്നു. ഈ പേരുകൾ ഒരു നക്ഷത്രത്തെയല്ല ഒരു കൂട്ടം നക്ഷത്രങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. അതായത് രാശി മണ്ഡലത്തിന്റെ നക്ഷത്ര കൂട്ടങ്ങളെ പറ്റി (Zodiacal Constallestion) മാത്രമെ ഭാരതീയ ജ്യോതി ശാസ്ത്രത്തിൽ പ്രതിപാദനമുള്ളു. എന്നാൽ അറബികൾ ആകാശം മുഴുവൻ അരിച്ചു പെറുക്കി മുഴുവൻ നക്ഷത്രങ്ങൾക്കും പേരും സ്ഥാനവും ദിശയും നിർണ്ണയിച്ചിട്ടുണ്ട്. അന്താരാഷ്ട്രാ വാനശാസ്ത്ര യൂണിയൻ അംഗീകരിച്ച് 88 നക്ഷത്രങ്ങൾക്കും അറബിയിൽ പേരുകളുണ്ട്. ഇപ്പോൾ ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന മിക്ക നക്ഷത്ര നാമങ്ങളും അറബിയിൽ നിന്നുമുള്ള തദ്ഭവമോ അതിന്റെ വികല രൂപമോ ആയിരിക്കും. ഏതാനും ഉദാഹരണങ്ങൾ ഇവിടെ പരാമർശിക്കാം. ശർത്വീൻ-(അറബി) അശ്വതി -(ഭാരതീയം)-Sheraton (ഇംഗ്ലീഷ്), ബുതൈൻ (അറബി), ഭരണി (ഭാരതീയം) Boetin(ഇംഗ്ലീഷ്). ദുബാൻ (അറബി) രോഹിണി (ഭാരതീയം) Adebaram (ഇംഗ്ലീഷ്). രിശാ (അറബി) രേവതി (ഭാരതീയം) Al rischa (ഇംഗ്ലീഷ്).

ഇന്ന് കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക് നീക്കം ആഗോള സമൂഹത്തിന്റെ ജീവനാഡിയാണ് കപ്പലോട്ട രംഗത്ത് നക്ഷത്ര വിജ്ഞാനം വിസ്മൃതമായിരിക്കുന്നു. ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഏറെ കുറെ കപ്പലിന്റെ ഗതിയും സ്ഥാനവും നിർണ്ണയിക്കുന്നത്. ആഗോള നെറ്റ് വർക്കിലൂടെയാണ് അന്തർദേശീയ മാരീടൈം ട്രാഫിക്ക് നിയന്ത്രിക്കപ്പെടുന്നത്. അതിന്ന് ഏറ്റവും പ്രധാനപ്പെട്ടതാണ് ജിയോ പൊസിഷനിങ്ങ് സംവിധാനമാണ്. ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്ന 24 കൃത്രിമ ഉപഗ്രഹങ്ങളും കംമ്പ്യൂട്ടറും സഹായത്തോടെ ഏറ്റവും കൃത്യമായി ഭൂമിയിലെവിടെയുമുള്ള കപ്പലിന്റെ സ്ഥാനം അറിയുവാൻ സാധിക്കും. മാത്രമല്ല കപ്പലിന്റെ സഞ്ചാര പാതയിലുള്ള കടലിനെയും കാറ്റിനെയും കാലാവസ്ഥയെയും പറ്റി ഏറെകുറെ കൃത്യമായ വിവരങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ നമുക്ക് ഇന്ന് ലഭ്യമാണ്. (തുടരും )

## ഐക്യമത്യം മഹാബലം

ഐക്യം അഥവാ മൈത്രി എത്രയം അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദുരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. ഐക്യത്തിന്റെ അനുഗ്രഹീത സ്ഥലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കില്ല. (പൈഗാമെ സുൽഹ്)

# അദൃശ്യകാര്യങ്ങൾ എങ്ങനെ അറിയാം

നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിമിതികൊണ്ട് അദൃശ്യമായ ഭൗതിക യാഥാർത്ഥ്യങ്ങൾ തന്നെ നമുക്ക് സംവേദിച്ചറിയാൻ സാദ്ധ്യമല്ല. (രണ്ടാം ഭാഗം)

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

ഖലീഫത്തുൽ മസീഹ് നാലാമൻ

വിശുദ്ധ ഖുർആൻ ചിത്രീകരിക്കാൻ ശ്രമിക്കുന്ന പരലോകജീവിത സ്വഭാവങ്ങൾ ഇത്തരത്തിലുള്ള ആജ്ഞേയ മണ്ഡലത്തിൽപ്പെട്ടവയാണ്. അതോടനുബന്ധിച്ച് മനുഷ്യന്റെ നിസ്സഹായവസ്ഥയെ ദ്യോതിപ്പിക്കുന്ന കൗതുകകരമായ ഒരു ശൈലിയും ഖുർആൻ പ്രയോഗിക്കുന്നുണ്ട്. യഥാർത്ഥത്തിൽ മനുഷ്യ മനസ്സിന് ദുർഗ്രഹമായ ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ച ശേഷം ***'ഹേ മനുഷ്യാ അതെന്താണെന്ന് നിനക്കെന്തറിയാം'*** എന്ന ക്രോധ പ്രകടനത്തോടെയാണ് അത് അവസാനിപ്പിക്കുന്നത്. അത്തരത്തിലുള്ള ചില ഖുർആനിക സൂക്തങ്ങൾ ചുവടെ ചേർക്കുന്നു.

**'വിധിനാളെന്തെന്ന് നിനക്കെന്തറിയാം? അതെ വിധി നാളെന്തെന്ന് നിനക്കെന്തറിയാം'** (82:18-19)

**'സത്യമായി പുലരുന്ന ആ സംഭവം; സത്യമായി പുലരുന്ന സംഭവമെന്താണ്? സത്യമായി പുലരുന്ന ആ സംഭവമെന്തെന്ന് നിനക്കെന്തറിയാം.'**(69:24)

**'അവനെ നാം അടുത്ത് തന്നെ തള്ളിവിടും, നരകം എന്നാൽ എന്തെന്ന് നിനക്കറിയാമോ'** (74:27-28).

യഥാർത്ഥ പ്രശ്നം ദൈവത്തിന്റെ കഴിവുകേടല്ല. മറിച്ച് മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ പരിമിതിയുമായി ബന്ധപ്പെട്ടതാണ്. പഞ്ചേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ ഇന്ദ്രിയങ്ങളില്ലാത്ത ഒരു വ്യക്തിക്ക് ആ ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ഒന്നിന്റെയും യഥാർത്ഥ സ്വഭാവമറിയാൻ കഴിയുകയില്ല. ബധിരന് ശബ്ദമെന്താണെന്നും അന്ധന് കാഴ്ചയെന്താണെന്നും മനസ്സിലാക്കുവാൻ സാധ്യമല്ല. എങ്കിലും കാഴ്ചയും ശബ്ദശ്രവണവും സാധ്യമായവർ ഇത്തരം അനുഭവങ്ങളില്ലാത്തവർക്ക് നിഷ്ഫലമാണെങ്കിൽ പോലും അത് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുന്നു. അപ്രകാരം ഖുർആൻ പരലോക ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിവരിക്കപ്പെടുന്ന കാര്യത്തിന്റെ യഥാർത്ഥ സ്വഭാവമെന്തെന്ന് മനസ്സിലാക്കുവാൻ സാധ്യമല്ലെന്ന് മനുഷ്യനെ അത് ഉണർത്തുകയും ചെയ്യുന്നു. ഇവിടെ മനുഷ്യന്റെ പരിമിതികളെയാണ്ഖുർആൻ എടുത്ത് കാട്ടുന്നത്. അല്ലാതെ ദൈവത്തിന്റേതല്ല. ഇവിടുത്തെ കാര്യം വളരെ വ്യക്തവുമാണ്. നമ്മുടെ ലൗകിക ബോധേന്ദ്രിയങ്ങൾക്ക് പുറമെ ചില പുതിയ ഇന്ദ്രിയങ്ങൾ കൂടി മരണാനന്തര ജീവിതത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. അതിനാൽ വർണ്ണവും പ്രകാശവും എന്തായിരിക്കാമെന്ന അവ്യക്ത സങ്കൽപം മാത്രമുള്ള ഒരാളെപ്പോലെ മരണാനന്തര ജീവിതമെന്ന ആജ്ഞേയ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഏറെക്കുറെ അസ്പഷ്ട ഭാവന മാത്രമേ ഇന്ന് നമുക്കുള്ളൂ.***'ഹേ മനുഷ്യാ അതെന്താണെന്ന് നിനക്കെന്തറിയാം?'***

ഈ ലോകത്ത് നമ്മുടെ ഇന്ദ്രിയങ്ങളുടെ സംവേദനശേഷി കൂട്ടുകയാണെങ്കിൽ നാം ഭൂമിയിൽ അനുഭവിച്ചറിയുന്ന കാര്യങ്ങൾ തന്നെ നമ്മുടെ ഊഹങ്ങൾക്കും ധാരണകൾക്കും അതീതമായി പൂർണ്ണമായും മാറ്റിമറിക്കപ്പെടുന്നു. സ്നേഹം എന്താണെന്ന് നമുക്കറിയാമെന്ന് നാം വിചാരിക്കുന്നു. യാതനകൾ നമുക്ക് പരിചിതങ്ങളാണെന്ന് നാം കരുതുന്നു. എന്നാൽ പരലോകത്തിലെ സ്നേഹമെന്തായിരിക്കും, യാതനകൾ എന്തായിരിക്കും? ഇതേക്കുറിച്ച് ഓർക്കുമ്പോൾ ഉൾക്കിടിലം കൊള്ളാത്തവരായി ആരുണ്ട്? ഖുർആൻ സ്വർഗ്ഗത്തെക്കുറിച്ചുള്ള വർണ്ണമനോഹരമായ ചിത്രം കാഴ്ച വെക്കുമ്പോഴും ഒരു കണ്ണും അത് കണ്ടിട്ടില്ലെന്നും അതുപോലെ നരകശിക്ഷയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുമ്പോൾ *ഏ മനുഷ്യാ നരകാഗ്നി എന്താണെന്ന് നിനക്കെന്തറിയാമെന്നും* ചോദിച്ചു കൊണ്ട് നമ്മെ താക്കീത് ചെയ്യുന്നു. അദൃശ്യതയുടെ അർത്ഥവും തേടി കൂടുതൽ ആഴത്തിൽ ചുഴ്ന്നിറങ്ങും തോറും

കിനാവിൽ പോലും കാണാനാവാത്ത സാധ്യതകളുടെ വിശാല വീഥികൾ നമ്മുടെ ദർശന ചക്രവാളത്തിൽ പ്രത്യക്ഷമാവുന്നത് കാണാം. എന്നാൽ നിഗൂഢ യാഥാർത്ഥ്യങ്ങളുടെ അഗമ്യമായ ഇടനാഴികകൾക്കപ്പുറത്തുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് എന്നും ദൈവിക വെളിപാടുകളുടെ ആവശ്യമുണ്ട്. നമ്മുടെ അന്വേഷണങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് മനുഷ്യന്റെ സംവേദനക്ഷമതയുടെ പരിമിതികൾ മാത്രമല്ല. നമ്മുടെ സംവേദനേന്ദ്രിയങ്ങളുടെ പരിധിക്കുള്ളിൽപ്പെട്ട കാര്യങ്ങൾ തന്നെ നാം പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ വളരെ നിഗൂഢാത്മകമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. അദൃശ്യതയിലുള്ള വിശ്വാസം എന്തുതന്നെയായാലും തീർച്ചയായും അത് ഒന്നുമില്ലായ്മയിലുള്ള വിശ്വാസമല്ല. ഒന്നുമില്ലായ്മയിൽ വിശ്വസിക്കുക എന്നത് അദൃശ്യത്തിലുള്ള വിശ്വാസത്തിന്റെ നിഷേധം മാത്രമാണ്.

ഈ വചനത്തിന്റെ ജ്ഞാനപ്രഭ വിശ്വാസികളുടെ പ്രയാണത്തെ ദീപ്തമാക്കിക്കൊണ്ട് കണ്ടുപിടിത്തങ്ങളുടെ അവസാനിക്കാത്ത യാത്രകളിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം ഒന്നും ശൂന്യമല്ല. ഒന്നും നിരർത്ഥകവുമല്ല. ജ്ഞാനത്തിന്റെ അറ്റമില്ലാത്ത ഭണ്ഡാരങ്ങൾ അഴിക്കുവാൻ തിരശ്ശീല ഉയരുന്നതും കാത്തിരിക്കുകയാണ് അവർ.

നാം കരസ്ഥമാക്കിയ അല്പജ്ഞാനത്തിൽ നാമെത്ര തന്നെ അഹങ്കരിച്ചാലും മാനംതൊട്ടു നിൽക്കുന്ന വൻമലനിരകൾക്കരുകിലെ കൊച്ചു മൺകൂന പോലെ നിസ്സാരങ്ങളാണവ. എന്നാൽ ഭൂമിയിലെ മലനിരകൾ അവസാനിക്കാത്തതോ അനന്തമോ അല്ല എന്ന് നമുക്കറിയാം. എന്നാൽ നാം ചർച്ച ചെയ്യുന്ന ജ്ഞാനത്തിന്റെ മലനിരകൾ ആദിയും അന്തവുമില്ലാത്ത അനന്തമായ ഒന്നാണ്.

ഒരു ഗവേഷകനെ സംബന്ധിച്ചിടത്തോളം ഈ വചനങ്ങളിൽ നിരുത്സാഹപ്പെടുത്തലിന്റെ യാതൊരു ഘടകവുമില്ല. പ്രത്യക്ഷത്തിൽ മനുഷ്യന്റെ ശ്രമഫലമായി മാത്രം ലഭിക്കുന്നതാണെന്ന് തോന്നുന്ന ജ്ഞാനങ്ങൾ വാസ്തവത്തിൽ ദൈവത്തിന്റെ ഇച്ഛയും അനുഗ്രഹവും മൂലമാണ് ലഭ്യമായിത്തീരുന്നത് എന്ന കാര്യവും ഈ വചനം ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ ഇച്ഛയിൽ നിന്നും പ്രീതിയിൽ നിന്നും സ്വതന്ത്രമായിക്കൊണ്ടുള്ള മനുഷ്യന്റെ അന്വേഷണങ്ങളും പ്രയത്നങ്ങളും യാതൊരു ഫലവും നൽകുന്നില്ല. മനുഷ്യന്റെ ജ്ഞാനാന്വേഷണങ്ങൾക്ക് യഥാവിധിക്കനുസരിച്ച് യഥാസമയം ഫലം നൽകപ്പെടുന്നത് ദൈവത്തിന്റെ സൃഷ്ടി പദ്ധതിയിലെ ആസൂത്രണം മൂലമാണ്. ഭൗതിക ജ്ഞാനമേഖലയിൽ മനുഷ്യന് ലഭിക്കുന്ന വിവരങ്ങൾ ദൈവിക വെളിപാടുകളിലൂടെ നേരിട്ട് ലഭ്യമാകുന്ന ജ്ഞാനങ്ങളല്ല. എന്നിരുന്നാലും അത് ദൈവത്തിന്റെ അംഗീകാരത്തിന്റെയും അവന്റെ കൽപനയുടെയും മുദ്രകൾ വഹിക്കുന്നു. മനുഷ്യന് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അത് അവന്റെ നന്മക്കായി പ്രാവർത്തികമാക്കാനുള്ള അവസരങ്ങളും നൽകപ്പെട്ടിരിക്കുന്നു. ജ്ഞാനം ആർജ്ജിക്കാൻ മനുഷ്യനെ പ്രാപ്തനാക്കാൻ വേണ്ടി, ദൈവത്തിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് അവ മനുഷ്യന് നൽകപ്പെട്ടത്.

പ്രപഞ്ചത്തിലെ ജ്ഞാതവും അജ്ഞാതവുമായ എല്ലാ നന്മകളും മനുഷ്യന്റെ സേവനത്തിനായി സർവ്വശക്തനായ ദൈവം ഏർപ്പെടുത്തിയിരിക്കുന്നു. മനുഷ്യന് ഭാവിയിലുണ്ടാകുന്ന ആത്മീയവും ഭൗതികവും ശാസ്ത്രീയവും സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ മുന്നേറ്റങ്ങൾക്കും എക്കാലത്തേക്കും ആവശ്യമായതെല്ലാം ദൈവം മുൻകൂട്ടി കണ്ട് ഈ പ്രപഞ്ചത്തെ സംവിധാനം ചെയ്തിരിക്കുന്നു.

ഖുർആൻ പറയുന്നു: **'ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവനിൽ നിന്ന് നിങ്ങൾക്കായി അവൻ അധീനപ്പെടുത്തി തന്നിരിക്കുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്'(45:14)**

ഇത്വരെ ഗ്രാഹ്യമല്ലാത്ത വിജ്ഞാന മേഖലകൾ കണ്ടെത്താൻ അറ്റമില്ലാത്ത ഗവേഷണങ്ങളിലേർപ്പെടാൻ പ്രോത്സാഹനം നൽകുന്ന കൂടുതൽ വിസ്മയകരമായ അർത്ഥസൂചന ഈ വചനത്തിലുണ്ട്. മനുഷ്യൻ കണ്ടെത്തുന്നതെല്ലാം അവന്റെ സേവനത്തിനു വേണ്ടിയുള്ളതാണെന്ന കാര്യം വ്യക്തമാണ്. പക്ഷേ അത് മാത്രമല്ല തൊട്ടടുത്ത വാക്യം പറയുന്നത്. അതായത് ദൃശ്യ പ്രപഞ്ചത്തെപ്പറ്റി മാത്രമല്ല, ആകാശഭൂമിക്കിടയിൽ നിറഞ്ഞു നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ചും അത് പറയുന്നു. ആ നിറക്കപ്പെട്ട സ്ഥലവും മനുഷ്യന്റെ നന്മക്കാണെന്ന് സൂചിപ്പിക്കുന്നു. ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പേയാണ് ഖുർആൻ വിസ്മയകരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. ഈ വചനത്തിലടങ്ങിയ സന്ദേശം വളരെ വ്യക്തമാണ്. പ്രത്യക്ഷത്തിൽ ശൂന്യമാണെന്ന് തോന്നുന്ന നക്ഷത്രാന്തര സ്ഥലങ്ങൾ മനുഷ്യന് അറിയാത്ത ചില അസ്തിത്വരൂപങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു എന്നതാണ് ആ സന്ദേശം.

ഖുർആൻ പറയുന്നു: **'ആകാശങ്ങളേയും ഭൂമിയേയും അവക്കിടയിലുള്ളതിനേയും സത്യത്തിന്റെയും ജ്ഞാനത്തിന്റെയും ആവശ്യാർത്ഥമല്ലാതെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.'(15:86)**

ആകാശ ഭൂമിക്കിടയിൽ നിലകൊള്ളുന്നത് എന്താണെന്നും എപ്രകാരമാണ് അത് മനുഷ്യ സേവനത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതെന്നും ഇനിയും ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണ്. മനുഷ്യന്റെ ഗ്രാഹ്യതക്കതീതമാപക്ഷേ അവ ഡാർക്ക് മാറ്ററിനെ(Dark Matter)* കുറിച്ചാവും. അല്ലെങ്കിൽ നാം

ഇതുവരെ അറിയാത്ത വസ്തുക്കളെക്കുറിച്ചുമാകാം. ഈ വചനത്തിൽ പ്രതിപാദിക്കുന്ന നിഗൂഢ രഹസ്യങ്ങൾ ഒരുനാൾ മനുഷ്യന് പ്രാപിക്കാനും പങ്കുപറ്റാനും സാധ്യമായേക്കാം എന്നാണ്.

ഭൂമിയുടെ ചുറ്റളവ് (വൃത്തപരിധി) വെറും ഇരുപത്തി അയ്യായിരം മൈലാണ്. എന്നാൽ, ഖുർആൻ ഇവിടെ പറയുന്ന പ്രപഞ്ചത്തിന്റെ പരിധി ഒരറ്റം മുതൽ മറ്റെ അറ്റം വരെ പതിനെട്ടോ ഇരുപതോ ബില്യൻ പ്രകാശവർഷമാണ്. മാത്രമല്ല അത് അത്ഭുതകരമായ വേഗത്തിൽ വികസിക്കുകയും ചെയ്യുന്നു. ഇതിനർത്ഥം ഒരു ബഹിരാകാശ സഞ്ചാരി പ്രപഞ്ചത്തിന്റെ ഒരറ്റത്ത് നിന്ന് മറ്റേ അറ്റത്തേക്ക് പ്രകാശത്തിന്റെ വേഗത്തിൽ (സെക്കന്റിൽ 186,000 മൈൽ) സഞ്ചരിക്കുകയാണെങ്കിൽ പതിനെട്ടു മുതൽ ഇരുപത് വരെ ബില്ല്യൻ വർഷം സഞ്ചരിക്കേണ്ടി വരും. അതും പ്രപഞ്ചം നിശ്ചലമായ ഒന്നാണെങ്കിൽ. പക്ഷേ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലമാണ്. ഇപ്പോൾ ഖുർആൻ വചനത്തിന്റെ അർത്ഥമൊന്ന് ഗ്രഹിക്കാൻ ശ്രമിക്കുക. അതായത് ഈ പ്രപഞ്ച വിശാലതയിൽ ശൂന്യതയുടെ ഒരു കുമിള പോലും കാണാൻ സാധ്യമല്ല എന്നാണ്. അതായത് ഒരു ഇഞ്ചോ, ഒരു മില്ലിമീറ്ററോ, ഒരു നാനോമീറ്ററോ(വളരെ ചെറിയ അളവ്) സൂക്ഷ്മങ്ങളിൽ സൂക്ഷ്മമായ അളവ് ശൂന്യതയുടെ ഒരു ബിന്ദു പോലും പ്രപഞ്ചത്തിലില്ല.

നാം പരിശോധിക്കുന്ന ഈ ഖുർആനിക വചനം മറ്റൊരു പ്രാധാന്യവും കൂടി അർഹിക്കുന്നു. സാധാരണഗതിയിൽ സ്വാഭാവികമായ അന്വേഷണോപാധികൾ കൂടാതെ സർവ്വജ്ഞനായ ദൈവം അവൻ ഇച്ഛിക്കുന്നവർക്ക് അവന്റെ ചില രഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നതാണ്. ശാസ്ത്രം കണ്ടെത്തി വിശദീകരണം നൽകുന്നതിന് മുമ്പേ പ്രകൃതിയുടെ ചില നിഗൂഢ യാഥാർത്ഥ്യങ്ങളെ പറ്റി ദൈവിക ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചതായി കാണാം. ഇത് സർവ്വജ്ഞനായ പ്രപഞ്ച സ്രഷ്ടാവിന്റെ അസ്തിത്വത്തെക്കുറിച്ച് ശക്തമായ തെളിവുകൾ നൽകുന്നു. അവന് മാത്രമാണ് **'ദൃശ്യവും അദൃശ്യവുമായ'** ലോകത്തെ പറ്റി പൂർണ്ണ ജ്ഞാനമുള്ളത്.

വെളിപാടുകളിലൂടെ ലഭിക്കുന്ന ജ്ഞാനങ്ങൾ ഭൗതികവും ശാസ്ത്രീയവുമായ അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിജ്ഞാനങ്ങളിൽ നിന്ന് തികച്ചും വിഭിന്നമാണ്. ദൈവിക ഗ്രന്ഥങ്ങൾ ശാസ്ത്രത്തിന്റെ പാഠപുസ്തകങ്ങളല്ല. അതിൽ കാണുന്ന ശാസ്ത്ര പ്രതിപാദനങ്ങൾ തികച്ചും യാദൃശ്ചികമായിരിക്കാനിടയില്ല. ആ പ്രതിപാദനങ്ങളുടെ മുഖ്യ ഉദ്ദേശ്യം, ആത്മീയവും ഭൗതികവുമായ ലോകം ഒരേ സ്രഷ്ടാവിന്റെ പ്രവർത്തനഫലമാണെന്ന് തെളിയിക്കാനും അവ രണ്ടിന്റെയും സ്രോതസ്സ് ഒരേ ഉറവിടത്തിൽ നിന്നാണെന്ന് സ്ഥാപിക്കാനുമാണ്. ഓർക്കുക ഇസ്ലാം മതത്തിന്റെ സ്ഥാപകൻ (സ) നിരക്ഷരനായ ഒരു വ്യക്തിയായിരുന്നു. ഒരു നിരക്ഷര സമൂഹത്തിലായിരുന്നു അദ്ദേഹം ജനിച്ചത്. അക്കാലത്തെ മഹത്തായ രണ്ട് സംസ്കാരങ്ങൾ റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളായിരുന്നു. അദ്ദേഹത്തിന് ജന്മം കൊടുത്തതും വളർത്തിയെടുത്തതുമായ നാടിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികളിൽ നിലകൊണ്ടിരുന്നത് ഈ രണ്ട് സംസ്കാരങ്ങളാണ്. അവഗണനയുടെയും അന്ധകാരത്തിന്റെയും നടുത്തളത്തിൽ അകപ്പെട്ടു പോയ ഒരു പാഴ്നിലമെന്ന പോലെയാണ് അറേബ്യൻ മരുഭൂമി നിലകൊണ്ടിരുന്നത്. ക്രി.വ 600-ാം മാണ്ടിൽ അവിടെ ഭൂജാതനായ ഒരു മനുഷ്യൻ പ്രപഞ്ച വിശാലതയെക്കുറിച്ചും അതിലടങ്ങിയ രഹസ്യങ്ങളെക്കുറിച്ചും ഇത്ര സ്പഷ്ടമായി സംസാരിക്കുക എന്നത് അസാധാരണമല്ലേ? ആ പ്രപഞ്ച രഹസ്യങ്ങളാകട്ടെ സായം സന്ധ്യയിലെ അരണ്ട വെളിച്ചത്തിൽ കാണുന്ന നക്ഷത്രങ്ങളുടെ മിന്നലാട്ടം പോലെ ഇപ്പോൾ പോലും വെളിപ്പെട്ട് വരുന്നതേയുള്ളൂ. അക്കാലത്ത് ലോകത്തെവിടെയുമുള്ള സർവ്വ പണ്ഡിതൻമാർക്കും അജ്ഞാതമായ കാര്യങ്ങൾ അത്തരത്തിലുള്ള ഒരു വ്യക്തി പറയുക എന്നത് അവിശ്വസനീയമാണ്. മാത്രമല്ല ഇരുപതാം നൂറ്റാണ്ടിലെ അതിസൂക്ഷ്മമായ ശാസ്ത്രീയ പരിശോധനകൾ സത്യമാണെന്ന് ഇപ്പോഴും കണ്ടെത്തേണ്ട കാര്യങ്ങളാണവ. അങ്ങനെയുള്ള ഒരു മനുഷ്യൻ പ്രേഷണം ചെയ്ത ജ്ഞാനങ്ങളെല്ലാം താൻ സ്വയം ഉണ്ടാക്കിയതല്ല എന്നും അത് പരമോന്നതനും സർവ്വജ്ഞനും കേവലജ്ഞാനത്തിന്റെ പരമമായ ഉറവിടവുമായ ഒരു സ്രോതസ്സിൽ നിന്ന് തനിക്ക് ലഭിച്ചതാണെന്നും പ്രഖ്യാപിച്ചാൽ അത് എത്രമാത്രം സത്യസന്ധമാണ്!

ഈ വസ്തുത തന്നെയാണ് *'ദ ബൈബിൾ ഖുർആൻ ആന്റ് സയൻസ് ' (the Bible, the Quran and Science)* എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഫ്രഞ്ചുകാരൻ ഡോ. മോറിസ് ബുക്കായി (Dr. Maurice Bucaille) യെ വിസ്മയം കൊള്ളിച്ചത്. അദ്ദേഹം ബൈബിളിൽ നിന്നും ഖുർആനിൽ നിന്നും വസ്തുതകൾ ശേഖരിക്കുകയും സാർവ്വത്രികമായി അംഗീകരിക്ക

*** ഡാർക്ക് മാറ്റർ (കറുത്ത ദ്രവ്യം)**: പ്രകാശം പ്രസരിപ്പിക്കാത്ത (Non illuminous)പ്രപഞ്ചത്തിലെ ഇരുണ്ട ദ്രവ്യങ്ങളെയാണ് ഡാർക്ക് മാറ്റർ എന്ന് പറയുന്നത്. യാതൊരു വിധത്തിലുള്ള ഇലക്ട്രോ മാഗ്നറ്റിക്ക് വികിരണങ്ങളുടെ (Electro magnetic radiation) നിരീക്ഷണങ്ങൾ കൊണ്ടും ഡാർക്ക് മാറ്ററിന്റെ അസ്തിത്വം നേരിട്ട് സ്ഥാപിക്കുവാൻ സാധ്യമല്ല. ഡാർക്ക് മാറ്റർ ഉണ്ട് എന്നതും അതിന്റെ അളവ് എത്രയാണ് എന്നതും തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രജ്ഞൻമാരുടെ സൈദ്ധാന്തികമായ നിഗമനമാണ്. ചില ഗാലക്സികൾ 90 ശതമാനം ഡാർക്ക് മാറ്റർ കൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത് എന്നാണ് ചില ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം. ( വിവ:)

പ്പെട്ട ശാസ്ത്രീയ ജ്ഞാനങ്ങളുടെ അടിസ്ഥാനത്തിൽ നിഷ്പക്ഷമായ നിലയിൽ പരിശോധിക്കുകയു മുണ്ടായി. അദ്ദേഹത്തിന്റെ അന്വേഷണം അവസാനമായി വെളിപ്പെടുത്തിയത് ഖുർആൻ തന്നെയാണ് ശരി എന്നായിരുന്നു. 1976 ലാണ് അദ്ദേഹത്തിന്റെ ആദ്യത്തെ അന്വേഷണഫലം ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രീയ ജ്ഞാനവുമായി വിയോജിക്കുന്ന യാതൊന്നും തന്നെ ഖുർആനിലില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ.

കാനഡയിലെ പ്രശസ്തനായ അനാട്ടമി പ്രൊഫ. കീത്ത് എൽ മൂറിനെ ഇവിടെ പ്രതിപാദിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ടൊറോന്റോ യൂണിവേഴ്സിറ്റിയിലെ മെഡിസിൻ വിഭാഗത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഫാക്കൽട്ടി ചെയർമാനാണ് പ്രൊഫ. കീത്ത്. ഭ്രൂണ ശാസ്ത്രം (Embryology) ഖുർആനിക പരാമർശങ്ങളോട് വിമർശനാത്മകമായി തുലനം ചെയ്ത് അദ്ദേഹം പരിശോധിക്കുകയുണ്ടായി. ഖുർആനു പുറമെ പ്രവാചക തിരുമേനിയുടെ (സ) ചില ചര്യകൾ കൂടി അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. അത്ഭുതകരമായ വ്യക്തതയോടും ദാർഢ്യതയോടും കൂടി ഖുർആനിക വെളിപാടുകളുടെ സത്യത്തെ അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു. ഈ ഗവേഷണങ്ങൾ അദ്ദേഹത്തെ ഉത്സാഹഭരിതനാക്കിത്തീർക്കുകയാണുണ്ടായത്.

ഇവിടെ നാം പരിശോധിച്ചത് പോലെ മതഗ്രന്ഥങ്ങളിലെ പ്രതിപാദനങ്ങളും അറിയപ്പെട്ട ശാസ്ത്രീയ വസ്തുതകളുമായുള്ള താരതമ്യത്തിൽ നിന്നുള്ള അനുമാനം നമുക്ക് എത്രത്തോളം വിശ്വസിക്കാൻ സാധിക്കും എന്ന പ്രശ്നത്തിനും ഉത്തരം പറയേണ്ടതുണ്ട്. അറിവിന്റെ ചക്രവാളം സദാസമയം വികസിതമായിക്കൊണ്ടിരിക്കുന്നതിനനുസരിച്ച്, മനുഷ്യന്റെ ഭാവനാത്മകമായ കഴിവുകൾ കാലാനുസൃതം പരിഷ്കൃതമായിക്കൊണ്ടിരിക്കും. അതിനാൽ ഒരു കാര്യത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവ് നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് ഒരു നിശ്ചിത കാലഘട്ടത്തിലെ ശാസ്ത്രീയ അവബോധത്തിനനുസരിച്ചുള്ള ഒരു വിധിതീർപ്പ് എങ്ങനെ നമുക്ക് അന്തിമമാണെന്ന് പറയാൻ സാധിക്കും? ഉദാഹരണത്തിന് പ്രകൃതിനിയമങ്ങൾ എടുക്കുക. അത് മാറ്റമില്ലാത്തതും സാർവ്വത്രികവുമാണെന്ന് എല്ലാവരാലും അംഗീകരിക്കപ്പെട്ടതാണ്. എങ്കിൽപ്പോലും എക്കാലത്തേയും തത്വജ്ഞാനികളും ശാസ്ത്രജ്ഞൻമാരും അവയെല്ലാം തന്നെ ഒരേ തരത്തിൽ മനസ്സിലാക്കിയിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഖുർആനിക വെളിപാടുകൾക്കനുകൂലമായ സമകാലീന ശാസ്ത്രത്തിന്റെ സത്യസാക്ഷ്യത്തെ അവലംബിക്കാൻ സാധ്യമാണോ? ഈ വിധി തീർപ്പിനെ ഒരാൾക്ക് നിശ്ചയ ദാർഢ്യത്തോടെ അന്തിമമാണെന്ന് വിശ്വസിക്കാൻ സാധിക്കുമോ? ഇക്കാലത്ത് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു സങ്കൽപം നാളത്തെ വികസിതമായ ധൈഷണികാവബോധത്തിനു മുമ്പിൽ ചോദ്യം ചെയ്യപ്പെടില്ലേ എന്ന വാദത്തിന് നീതീകരണമില്ലേ?

തീർച്ചയായും അത്തരം ചോദ്യങ്ങൾ ന്യായയുക്തം തന്നെ. പക്ഷേ, ഭാഗികമായി മാത്രം, എന്നതാണ് ശരി. ഭൂതകാലത്തെ എല്ലാ സങ്കൽപങ്ങളും തുടർന്നു വരുന്ന കാലഘട്ടത്തിൽ മാറ്റപ്പെട്ടിട്ടില്ല. മനുഷ്യൻ മനസ്സിലാക്കിയ പല കാര്യങ്ങളും ചില കാലഘട്ടങ്ങളിലെ മാറ്റങ്ങൾക്ക് ശേഷം അന്തിമമായി സ്ഥിരപ്പെടുന്നതിന്റെ എണ്ണമറ്റ ഉദാഹരണങ്ങൾ നമുക്ക് കാണാം. പല പ്രകൃതി നിയമങ്ങളും ഒരിക്കൽ അംഗീകരിക്കപ്പെട്ട സാർവ്വത്രിക സത്യങ്ങളാണ്. അവ പിന്നീട് യാതൊരു ചർച്ചകളും കൂടാതെ അപ്രകാരം സ്ഥിരമായി നിലകൊള്ളുന്നതായും നാം കാണുന്നു. ചില നീക്കുപോക്കുകൾ ഉണ്ടായെന്നിരിക്കാമെങ്കിലും പൊതുവേ ആ പ്രകൃതി നിയമങ്ങളെപ്പറ്റിയുള്ള ധാരണകൾ മാറ്റമില്ലാതെ നിലനിൽക്കുന്നതായി കാണാം. അതിന്റെ സത്യത തെളിയിക്കാൻ സങ്കീർണ്ണമായ തത്വശാസ്ത്ര ചർച്ചകളോ ശാസ്ത്രീയ സംവാദങ്ങളോ കൂടുതൽ ആവശ്യമില്ല. വെള്ളം, അഗ്നി, വായു, മണ്ണ് ഇവയുടെ ഗുണങ്ങളെപ്പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ തീർച്ചയായും കാലഘട്ടങ്ങളിലൂടെ കൂടുതൽ നന്നായി മനസ്സിലാക്കിയിരിക്കും. പക്ഷേ, അടിസ്ഥാന ഗുണങ്ങളെപ്പറ്റിയുള്ള ധാരണകളിൽ മാറ്റമുണ്ടായിട്ടില്ല. അഗ്നി എപ്പോഴും സാധനങ്ങളെ എരിച്ചു കളഞ്ഞത് പോലെ ഇപ്പോഴും എരിച്ചു കളയുന്നു. ഇതിന് മുമ്പേ വെള്ളം അഗ്നിയെ കെടുത്തിക്കളയുന്നത് പോലെ ഇപ്പോഴും കെടുത്തുന്നു. അത്തരം കാര്യങ്ങൾ എക്കാലത്തേയും ശാശ്വത സത്യങ്ങളാണ്. അതുകൊണ്ട് വെള്ളം ഒരു കാലത്ത് സ്വയം കത്തുമെന്നും അത് തീ ആളിക്കത്തിക്കുമെന്നും പ്രവചിക്കാൻ ആർക്കും സാധ്യമല്ല. എന്നാൽ ദൈവിക പ്രവചനങ്ങളുടെ ലോകത്ത് ചില പ്രവചനങ്ങൾ അമ്പരപ്പിക്കുന്ന അത്ഭുതങ്ങൾ സൃഷ്ടിക്കാറുണ്ട്. അക്കാലത്തെ മനുഷ്യജ്ഞാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അത്തരം പ്രവചനങ്ങൾ തികച്ചും വ്യത്യസ്തമായ ഒന്നായിരിക്കും. ഉദാഹരണത്തിന്, ജലത്തിന് അതിന്റെ തീ കെടുത്തുന്ന ഗുണത്തിന് പുറമെ തീ ആളിക്കത്തിക്കുന്ന ഒരു ഗുണവും കൂടിയുണ്ട് എന്ന വിഭ്രമാത്മകമായ പ്രവചനം നടത്താൻ ഭൂതകാലത്ത് ഒരു പ്രവാചകന് മാത്രമെ സാധ്യമാവൂ. അത് തീർച്ചയായും ഒരു പ്രവചനമായിരിക്കും. വളരെക്കാലം കഴിഞ്ഞ് സോഡിയത്തെ കണ്ടെത്തുകയും അതിന്റെ ഗുണങ്ങളെ തിരിച്ചറിയുകയും ചെയ്തപ്പോൾ അത് ആ പ്രവചനങ്ങളെ തികച്ചും സാധൂകരിക്കുന്നതായിരുന്നു. ഭാവിപ്രവചനക്കാരന്റെ വീൺവാക്കുകളാണെന്നും പറഞ്ഞ് ആർക്കും തന്നെ അത്തരം പ്രവചനങ്ങളെ തള്ളിക്ക

ളയാനുള്ള അവകാശമില്ല. സോഡിയത്തിന്റെ ഈ അസാധാരണ സ്വഭാവം ഒരിക്കൽ കണ്ടെത്തിക്കഴിഞ്ഞതാണ്. അത് മാറ്റപ്പെടാത്ത പ്രകൃതി നിയമവുമാണ്. സോഡിയത്തെ കത്തിക്കുന്ന ജലത്തിന്റെ സ്വഭാവം ഒരിക്കൽ നിന്നു പോകുമെന്ന് ആർക്കും ശങ്കിക്കാൻ കഴിയില്ല. മനുഷ്യൻ അവന്റെ ചുറ്റുമൊന്ന് കണ്ണോടിക്കുകയാണെങ്കിൽ മാറ്റമില്ലാത്ത യാഥാർത്ഥ്യങ്ങളായി മനുഷ്യന്റെ പല അറിവുകളും സ്ഥിരതയോടെ നിൽക്കുന്നതായി കണ്ട് അവൻ അത്ഭുതപ്പെട്ടുപോകും.മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ അറിയുന്ന കാര്യങ്ങളെ സംബന്ധിച്ചും ഈ തത്ത്വം ശരിയാണ്. അതിന്റെ സംവേദന വ്യാപ്തി വിശാലമാക്കാം. പക്ഷേ, മധുരം, കയ്പ്പ്, ഒച്ച, നിശബ്ദത, സുഖം, അസുഖം, വേദന അതുപോലെയുള്ള നിരവധി അനുഭവജ്ഞാനങ്ങൾ ഒരിക്കലും തന്നെ മാറ്റത്തിന് വിധേയമാവുന്നില്ല. സങ്കൽപങ്ങളുടെ സ്ഥിരതയെ സംബന്ധിച്ച് പറയുമ്പോൾ ഇത്തരം കാര്യങ്ങൾ സുനിശ്ചിതത്വത്തിന്റെ പ്രാഥമിക ഘട്ടമായി കണക്കാക്കാം. താരതമ്യേന ഇതിനേക്കാൾ ഉന്നതമായ സുനിശ്ചിതത്വത്തിന്റെ ഘട്ടം ശാസ്ത്രാന്വേഷണത്തിന്റെ മേഖലയാണ്. ശാസ്ത്രജ്ഞൻമാരുടെ ഇടയിൽത്തന്നെ പുർണ്ണമായും യോജിപ്പുള്ള അനേകം സങ്കൽപങ്ങൾ കാണാം. അവയാകട്ടെ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടതും സ്ഥിരത കൈവന്നതുമാണ്. ഉദാഹരണത്തിന് ജലത്തിന്റെ രാസസംയോഗത്തെക്കുറിച്ച് രണ്ട് അഭിപ്രായങ്ങളില്ല. കാലക്രമത്തിൽ ജലത്തിന്റെ രാസവാക്യം മാറുമെന്നും. ഓ2ഹവിന് പകരം ഓ3ഹ5 പോലെയുള്ള ഒരു പുതിയ രാസവാക്യം സ്ഥാപിക്കപ്പെടുമെന്നും ആർക്കും പറയാൻ സാധ്യമല്ല.

ഒരു കാര്യത്തെക്കുറിച്ച് മനുഷ്യൻ മനസ്സിലാക്കിയ ധാരണകളിൽ വരുന്ന മാറ്റത്തിന് പരിമിതികളുണ്ട് എന്ന കാര്യം സ്പഷ്ടമാണ്. ഒരു ശാസ്ത്ര ജ്ഞാനത്തിന്റെ, ഒരിക്കൽ സ്ഥാപിക്കപ്പെട്ടതും സ്ഥിരീകരണം വന്നതുമായ കാതലായ ഭാഗം യാതൊരു മാറ്റവും കൂടാതെ നില നിൽക്കുകയും ചെയ്യും. എന്നാൽ, ബാഹ്യമായ ചില ഭാഗങ്ങളിൽ കാര്യമായ ചില പരിഷ്ക്കരണങ്ങൾ ഉണ്ടാവാം. ആറ്റങ്ങൾ തമ്മിലും തൻമാത്രകൾ തമ്മിലും എങ്ങനെയാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്? ദുർബല രാസബന്ധങ്ങൾ(Bonds) ഏത്? ശക്തമായ രാസബന്ധങ്ങളും (Strong bond) അശക്തങ്ങളായ രാസബന്ധങ്ങളും (Weak bond)ഏവ? പുതിയ രാസപദാർത്ഥങ്ങളുടെ സംശ്ലേഷണത്തിന് ഈ ജ്ഞാനം എങ്ങനെ ഉപയോഗപ്പെടുത്താം. എന്നിങ്ങനെയുള്ള കാര്യങ്ങൾ വളരെ നന്നായി തിരിച്ചറിയപ്പെട്ടവയാണ്. നൂതന വിജ്ഞാനങ്ങളുടെ പ്രവാഹം അവയുടെ അടിസ്ഥാന സ്വഭാവഘടനയിൽ മാറ്റമുണ്ടാക്കുകയില്ല. ഈ ഗവേഷണമേഖലയിലുള്ള മനുഷ്യന്റെ വിജ്ഞാന വളർച്ച സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട അടിസ്ഥാന തത്ത്വങ്ങളെ വെല്ലുവിളിച്ചുകൊണ്ടുള്ളതല്ല. തലമുറകളായുള്ള കാലത്തിന്റെ പരിശോധനയിൽ സുസ്ഥിരമെന്നു ബോധ്യപ്പെട്ട ഭൗതിക ജ്ഞാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറെക്കുറെ സുനിശ്ചിതത്വത്തോടു കൂടിത്തന്നെ വേദഗ്രന്ഥ നിരീക്ഷണങ്ങളുടെ വാസ്തവികത നമുക്ക് തെളിയിക്കാവുന്നതാണ്.

ഒരു നീണ്ട കാലത്തെ പരിശോധന കൂടാതെ തന്നെ ചില വസ്തുതകൾ സുനിശ്ചിതത്വ പദവിയിലെത്തുന്നു. അവയുടെ സത്യം സാർവ്വത്രികമായി തെളിയിക്കത്തക്കതാണ്. ലോകത്തിലെ വിവിധ പരീക്ഷണശാലകളിൽ പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടുകഴിഞ്ഞ പ്രകൃതി നിയമങ്ങളുമായി ബന്ധപ്പെട്ട സകല പുതിയ ആശയങ്ങളും കണ്ടുപിടിത്തങ്ങളും വസ്തുക്കളുടെ ദ്രവ്യഗുണങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. ആദ്ധ്യാത്മിക വാദങ്ങളിലെ സത്യാവസ്ഥ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ ഉരക്കല്ലിൽ പ്രയോഗിച്ച് സാക്ഷ്യപ്പെടുത്തുവാൻ അത്തരം സുസ്ഥാപിത ശാസ്ത്രീയ സത്യങ്ങളെയാണ് നാം അവലംബിക്കുന്നത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഖുർആനിക വെളിപാടുകൾ പൂർണ്ണമായും ശരിയാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഒരിക്കൽ ശരിയാണെന്ന് തെളിയിക്കപ്പെട്ടത് പിന്നീടൊരിക്കലും തെറ്റാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. അദൃശ്യ മേഖലകളിൽ നിന്ന് ദൃശ്യമേഖലകളിലേക്കുള്ള വൈജ്ഞാനിക കൈമാറ്റത്തിന് ഖുർആനിക വെളിപാടുകൾ വഹിപങ്ക് തികച്ചും അനന്യസാധാരണമാണ്. ഇതിനെ സംബന്ധിച്ച് തുടർന്നുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വിശദമാക്കുന്നതായിരിക്കും.

മനുഷ്യവിജ്ഞാനം വികസിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസത്തെക്കുറിച്ചും ഒരു പുതിയ ആശയം കേവലസത്യം എന്ന അവസ്ഥ പ്രാപിക്കുന്നതിന് മുമ്പേ കടന്നുപോകുന്ന വിവിധ ഘട്ടങ്ങളെക്കുറിച്ചുമുള്ള പൊതു ചർച്ചയിലേക്ക് നാം ഇപ്പോൾ മടങ്ങുകയാണ്. അദൃശ്യമേഖലയിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു പുതിയ ആശയം എപ്പോഴും യുക്തിപരമായ പരിശോധനകൾക്കും പരീക്ഷണപരമായ തെളിവെടുപ്പുകൾക്കും വിധേയമാക്കപ്പെടുന്നു. കാലാകാലങ്ങളിലുള്ള ഇത്തരം പരിശോധനകളെ അതിജീവിക്കുമ്പോൾ മാത്രമേ അതിനെ പരമസത്യമെന്ന ഗണത്തിൽ ഉൾപ്പെടുത്തപ്പെടുകയുള്ളൂ.

മനുഷ്യാനുഭവങ്ങളുടെ സകല തലങ്ങളിലും ഇടതടവില്ലാതെ പ്രവർത്തിക്കുന്ന ഒരു സാർവ്വലൗകിക

---

* **കാന്റ്ഇമ്മാനുവേൽ** (Kant Immanuel -1729-1804):പ്രഗത്ഭനായ ജർമ്മൻ ദാർശനികൻ. ജർമ്മൻ ആശയവാദത്തിന്റെ ഉപജ്ഞാതാവായ കാന്റ് ആധുനിക തത്ത്വചിന്തയെ ഗണ്യമായി സ്വാധീനിക്കുകയുണ്ടായി. (വിവ:)

പ്രതിഭാസമാണിത്. നാം ഇവിടെ ചർച്ച ചെയ്യുന്നത് പ്രമേയങ്ങളെയും (Thesis)പ്രതിപ്രമേയങ്ങളെയും (Antithesis)കുറിച്ചല്ല. ആഗോള പ്രാധാന്യമുള്ള ഒരു ആശയ മായിക്കൊണ്ട് കാന്റ് * ഉപയോഗിച്ച രണ്ട് തത്ത്വശാസ്ത്ര സംജ്ഞക ളാണവ. ദൈനദിന ജീവിതത്തിലെ മനുഷ്യാനുഭവങ്ങളും തോന്നലു കളും അനുഭൂതികളുമായി ബന്ധ പ്പെട്ട് നിരന്തരം സംഭവിച്ചു കൊണ്ടി രിക്കുന്നതും സർവ്വതോന്മുഖവു മായ പ്രതിഭാസത്തെക്കുറിച്ചാണ് നാം ഇവിടെ സംസാരിക്കുന്നത്. പരി ണാമം പോലെ സമഗ്രവും നിരന്ത രവുമായ പ്രക്രിയയാണിത്. പരീ ക്ഷണം നടത്തി തെളിയിക്കപ്പെട്ട അത്തരം സുസ്ഥാപിതമായ വസ്തു തകൾ അടുക്കുകൾക്ക് മീതെ അടു ക്കുകളായി പണിതുയർത്തിക്കൊ ണ്ടാണ് ആധികാരികമായ മനുഷ്യ വിജ്ഞാനം വളർന്നു വരുന്നത്. ഇങ്ങനെയാണ് മനുഷ്യൻ തനിക്ക് ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളെക്കുറി ച്ചുള്ള ഗ്രാഹ്യശേഷി വിപുലീകരി ക്കുകയും ചെയ്യുന്നത്. എല്ലാറ്റി നേയും ചൂഴ്ന്ന് നിൽക്കുന്ന ഈ പ്രതിഭാസമാണ് സംശയങ്ങളെ നിഗ മനങ്ങളും, നിഗമനങ്ങളെ സംഭാവ്യ മായതെന്നും, സംഭാവ്യമാകുന്ന തിനെ യാഥാർത്ഥ്യങ്ങളെന്നും, യാഥാർത്ഥ്യങ്ങളെ സുസ്ഥാപിത സത്യങ്ങളെന്നും രൂപാന്തരപ്പെടു ത്തുന്നത്. അത്തരം വിശ്വസനീയ ങ്ങളായ ശാസ്ത്ര വിജ്ഞാനങ്ങ ളാൽ ദൈവിക വെളിപാടുകളുടെ സത്യാവസ്ഥ വസ്തുനിഷ്ഠമായി സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞാൽ വീണ്ടും അവയെ സംശയ വിധേ യമാക്കുന്നതിൽ യാതൊരു നീതിക രണവുമില്ല.

അദൃശ്യത എന്നത് എല്ലാകാല ങ്ങളിലേക്കുമുള്ളതാണ്. അത് ഭൂതം, വർത്തമാനം, ഭാവി എന്നിവക്ക് ഒരു പോലെ ബാധകമാണ്. നിഗൂഢത കൾ വെളിപ്പെടുത്തുന്നതിൽ ഇതി ലേതെങ്കിലുമൊരു കാലവുമായി മാത്രം ഖുർആൻ ഒതുങ്ങി നിൽക്കു ന്നില്ല. അത് സർവ്വകാലത്തേയും തുല്യവ്യക്തതയോടെ വലയം ചെയ്യുന്നു. ഭൂതകാലത്തെ വർത്തമാ നത്തിൽ നിന്നും വർത്തമാനത്തെ ഭാവിയിൽ നിന്നും വ്യതിരിക്തമാ ക്കുന്ന ഒരു വിഭജന രേഖ ഖുർആ നിൽ കാണുകയില്ല. പ്രപ ഞ്ചോൽപ്പത്തി പോലെയുള്ള സംഭ വങ്ങൾ മനുഷ്യന്റെ ദർശന ചക്രവാ ളത്തിൽ സമകാലീന സംഭവങ്ങൾ പോലെ പുനർജനിക്കപ്പെടുകയാ ണ്. പ്രപഞ്ചം വീണ്ടും ഒരു തമോ ഗർത്തത്തിൽ പതിച്ചൊടുങ്ങുന്നത് പോലെയുള്ള അതിവിദൂര ഭാവികാ ലത്ത് സംഭവിക്കുന്ന കാര്യങ്ങൾ ഖുർആന്റെ വെളിപാടുകൾ അവത രിക്കുന്ന കാലത്ത് സംഭവിക്കുന്നതു പോലെയാണ് വിശദീകരിപ്പെട്ടിരിക്കു ന്നത്.

അതേ സുനിശ്ചിതത്വത്തോടും സൂക്ഷ്മതയോടും കൂടിത്തന്നെ ജീവോൽപത്തിയുടെ രഹ സ്യത്തെക്കുറിച്ചുംച്ചഅതിന്റെ അന്തിമ പരിണിതിയെക്കുറിച്ചും ഖുർ ആൻ വെളിപ്പെടുത്തുന്നു. ആദ്യാവ സാനമുള്ള മനുഷ്യന്റെ ചരിത്രക ഥനം നടത്തിക്കൊണ്ട് ഘട്ടംഘട്ടങ്ങ ളിലായുള്ള മനുഷ്യ പുരോഗതിയെ ക്കുറിച്ചും അവൻ കൈവരിക്കുന്ന നേട്ടങ്ങളെക്കുറിച്ചും ഖുർആൻ വിലയിരുത്തുന്നു. അനന്തതയുടെ അതിവിശാലമായ ക്യാൻവാസിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പരന്നു കിടക്കുന്ന കാര്യങ്ങൾ ദർശിച്ച് ഒരു ദൃഷ്ടാവ് തന്റെ കയ്യി ലുള്ള പേനകൊണ്ട് എഴുതിയത് പോലെ അത്രയും പൂർണ്ണതയും വ്യക്തതയും നൈപുണ്യവും വിശുദ്ധ ഖുർആനിലുണ്ട്. ഇത് തന്നെയാണ് നമ്മുടെ ഗ്രന്ഥ ത്തിനുള്ള പ്രാധാന്യവും.

ഖുർആന്റെ അവതരണശേഷ മുള്ള ശാസ്ത്രീയവും, സാമൂഹിക വും, രാഷ്ട്രീയവുമായ മുന്നേറ്റ ങ്ങൾ ഖുർആനിക സത്യങ്ങളെ എങ്ങനെ സാക്ഷ്യപ്പെടുത്തുന്നു എന്ന് തെളിയിക്കുന്നതിന് മുമ്പേ നാം ഒരു സുപ്രധാന കാര്യം വായ നക്കാരന്റെ ശ്രദ്ധയിൽ കൊണ്ടുവരാ നാഗ്രഹിക്കുന്നു. അതായത് ദൈവിക വെളിപാടുകളുടെ സത്യത വിഷയ നിഷ്ഠമായ തെളി വുകളെ അവലംബമാക്കി മാത്രം നിലകൊള്ളുന്ന ഒന്നല്ല. ദൈവിക വെളിപാടുകളിൽ മറ്റെല്ലാറ്റിനുമുപ രിയായി നിൽക്കുന്ന അൽബയ്യിന എന്ന ഒരു വിഭാഗമുണ്ട്. ഇതിനെ സംബന്ധിച്ച് അടുത്ത അദ്ധ്യായ ത്തിൽ നാം ചർച്ച ചെയ്യുന്നതാണ്. അതിനായി നമുക്ക് അടുത്ത അദ്ധ്യായത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം.

*(Revelation, Rationality, Knowledge and Truth - വിവ: എ.എം)*

മനുഷ്യരിൽ വിശ്വാസം ജനിപ്പിക്കുവാൻ പര്യാപ്തമായ ഒരമാനുഷിക ദൃഷ്ടാന്തം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരൊറ്റ പ്രവാചകനും ഉണ്ടായിട്ടില്ല. അക്കൂട്ടത്തിൽ എനിക്ക് ലഭിച്ചത് അല്ലാഹുവിങ്കൽ നിന്നുള്ള ബോധന (ഖുർആൻ)മത്രെ അതുകൊണ്ട് പുനരുത്ഥാന ദിവസം അവരുടെ കൂട്ടത്തിൽ ഏറ്റവുമധികം അനുയായികളുള്ളയാൾ ഞാനായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. (ബുഖാരി)

# റസൂൽ തിരുമേനി(സ): ഒളിമങ്ങാത്ത ചരിത്രപുരുഷൻ

റസൂൽ തിരുമേനി(സ) ഒരേ സമയം മതപുരുഷനും ചരിത്ര പുരുഷനുമാണ്. സന്നിഗ്ദതകളോ ഗ്ലാനിയോ ഏൽക്കാതെ ജ്വലിക്കുന്ന ഉച്ച സൂര്യനെ പോലെ വെട്ടി തിളങ്ങി നിൽക്കുന്ന റസൂൽ തിരുമേനി(സ) യെ പോലെ ഒരു വ്യക്തിത്വം മനുഷ്യ ചരിത്രത്തിലില്ല.

**ഇബ്നു അബ്ദുല്ല**

ചരിത്രത്തിന്റെ സ്പടികക്കൂട്ടിൽ സൂര്യസ്സമാനം വെട്ടിത്തിളങ്ങുന്ന മതപുരുഷനാണ് മുഹമ്മദ് നബി(സ). മറ്റൊരു മതപുരുഷനും റസൂൽ തിരുമേനി (സ) യെപോലെ ചരിത്രത്തിന്ന് മുമ്പിൽ ഇത്രമേൽ മിഴിവോടെയും തെളിവോടെയും അവതരിക്കപ്പെട്ടിട്ടില്ല. അവിടുത്തെ ജീവിതവും ജീവിത സന്ദേശവും സൂക്ഷ്മാംശത്തിൽ പോലും കണ്ണാടിപോലെ വ്യക്തമാണ്. അവിടുന്ന് ഒരേസമയം മതപുരുഷനും ചരിത്ര പുരുഷനുമാണ്. അവിടുത്തെ ജീവിതത്തിന്റെ ഓരോ അടക്കവും അനക്കവും രേഖപ്പെടുത്തപ്പെട്ടതാണ്. റസൂൽ തിരുമേനി(സ)യെ മറ്റു മതപുരുഷന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്ന സുപ്രധാന ഘടകം അതാണ്. കാര്യങ്ങൾ രേഖപ്പെടുത്തുവാൻ അത്യാധുനിക ഉപകരണങ്ങളുള്ള ഇക്കാലത്തെ ചരിത്രകാരന്മാരെ പോലും അമ്പരപ്പിക്കുന്ന തരത്തിൽ അത്ഭുതകരമായ നിഷ്ക്കർശതയാണ് ഇക്കാര്യത്തിൽ പുരാതന മുസ്‌ലിം പണ്ഡിതന്മാർ കാണിച്ചിട്ടുള്ളത്.

റസൂൽ തിരുമേനി(സ) യുടെ വചനങ്ങൾ, പ്രവർത്തികൾ, മൗനാനുവാദങ്ങൾ, ജീവിത സംഭവങ്ങൾ മുതലായവയുടെ നിവേദനം, ശേഖരണം, ക്രോഡീകരണം, പ്രമാണീകരണം മുതലായവയിൽ പാലിച്ച സൂക്ഷ്മതയും ജാഗ്രതയും മറ്റൊരു മതപുരുഷനിലോ ചരിത്രപുരുഷനിലോ കാണാൻ സാദ്ധ്യമല്ല. നിവേദനം ചെയ്ത ഹദീസുകൾ മാത്രമല്ല അത് ആരിൽ നിന്ന് എപ്പോൾ എങ്ങനെ സ്വീകരിച്ചു. സ്വീകർത്താവായ നിവേദകന്റെ ജീവിത വിശുദ്ധി, ദേശം, കുടുംബം, വംശം, ഗ്രഹണ പാടവം, നിവേദന പ്രമേയം, വിനിമയം ചെയ്യാൻ കാണിച്ച സൂക്ഷ്മത മുതലായവയെല്ലാം കർശനമായ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. റസൂൽ തിരുമേനി(സ)യുടെ പ്രവർത്തികളും വചനങ്ങളും അതേപടി അനുകരിച്ചും പകർന്ന് നൽകിയും മുസ്‌ലിംകൾ അത് തലമുറകൾക്ക് കൈമാറി. ഹദീസ് നിവേദനത്തിന്ന് തനതായ ഒരു രീതിശാസ്ത്രം തന്നെ മുസ്‌ലിംകൾ ആവിഷ്ക്കരിക്കുകയുണ്ടായി. ഉലൂമുൽ ഹദീസ് (ഹദീസ് വിജ്ഞാനീയം) ഉസൂലുൽ (ഹദീസ് നിദാന തത്വങ്ങൾ) എന്നീ രണ്ട് ബൃഹത്തായ വിജ്ഞാന ശാഖകൾ ഇസ്‌ലാം മത സാഹിത്യത്തിൽ കാണാം. ഹദീസിനെ ശാസ്ത്രീയ പരിശോധനക്കായി രണ്ടായി വിഭജിച്ചിരിക്കുന്നു. ഹദീസിന്റെ പ്രവാചകനിൽ നിന്നുള്ള ഉറവിടം, ഹദീസിന്റെ പരായണ വിശുദ്ധി, നിവേദന പരമ്പര അതിന്റെ ചരിത്രം മുതലായവയുമായി ബന്ധപ്പെട്ട ശാഖയെ **'ഇൽമുൽ ഹദീസ് റിവായത്തൻ'** എന്ന് പറയുന്നു. മറ്റൊന്ന് ഹദീസിന്റെ സ്വീകാര്യ നിരാകരണ യുക്തിയുമായി ബന്ധപ്പെട്ട **'ഇൽമുൽ ഹദീസ് ദിറായത്തൻ'** ആണ്. ലക്ഷക്കണക്കിന്ന് ഹദീസുകൾ ഇന്നും കൈയ്യെഴുത്ത് പ്രതികളായി തന്നെ നിൽക്കുന്നു. ഇമാം ബുഖാരിയുടെ സഹീഹുൽ ബുഖാരിയാണ് ഏറ്റവും ആധികാരികമായ ഹദീസ് ഗ്രന്ഥം. ഗ്രന്ഥകാരന് ഒരു ലക്ഷം ഹദീസുകൾ ഹൃദിസ്ഥമായിരുന്നു മൂന്ന് ലക്ഷത്തോളം ഹദീസുകൾ പരിശോധനക്ക് വിധേയമാക്കിയാണ് ബുഖാരി ഇമാം തന്റെ സഹീഹിൽ 7275 ഹദീസുകൾ ക്രോഡീകരിച്ചത്. അതിൽ ആവർത്തിച്ചു വരുന്ന ഹദീസുകൾ ഒഴിവാക്കിയാൽ 4000 ഹദീസുകൾ മാത്രമാണുള്ളത്. ഇമാം അഹ്മദ്ബ്നു ഹംമ്പൽ തന്റെ ഹദീസ് ഗ്രന്ഥമായ മുസ്നദിൽ ഏഴര ലക്ഷം (7,50,000) ഹദീസുകൾ സൂക്ഷ്മമായി പരിശോധിച്ചതിന് ശേഷം 30,000 ഹദീസുകൾ ക്രോഡീകരിച്ചത്. അങ്ങനെ മുഹമ്മദ് നബി(സ) യുടെ ചിത്രം ചരിത്രത്തിൽ സമ്പൂർണ്ണമാണ്.

മുഹമ്മദ് നബി (സ) ഇതിഹാസവത്ക്കരണത്തിനോ ദൈവവത്ക്കരണത്തിന്നോ വിധേയനാകാത്ത

മതപുരുഷനാണ്. ദൈവം മാത്രമാണ് ആരാധ്യൻ, താൻ ഒരു മനുഷ്യനായ ദൈവദൂതൻ മാത്രമാണ് എന്നതായിരുന്നു അവിടുത്തെ ദൗത്യസാരം. അവിടുന്ന് ഒരു സമ്പൂർണ്ണ മാർഗ്ഗദർശകനായിരുന്നു. വിശുദ്ധ ഖുർആന്റെ ദൈവദൂതനായ സ്വീകർത്താവ് എന്ന പദവി കൂടാതെ കുടുംബനാഥൻ, ഭർത്താവ്, പിതാവ്, അദ്ധ്യാപകൻ, കച്ചവടക്കാരൻ, പടയാളി, ആട്ടിടയൻ, ഭരണാധികാരി, ന്യായാധിപൻ തുടങ്ങി മനുഷ്യ ജീവിതത്തിന്റെ സമസ്ത ഭാവങ്ങളും അവിടുന്ന് പ്രകാശിപ്പിച്ചു. ഈ രംഗത്തെല്ലാം അവിടുന്ന് മാതൃകാ പുരുഷനുമായിരുന്നു. ആ കർമ്മമണ്ഡലങ്ങളുടെ ആധികാരിക രേഖകൾ ലഭ്യവുമാണ്. മുഹമ്മദ് നബി (സ) യെപോലെ ചരിത്രത്തിന്ന് മുമ്പിൽ പ്രകാശിപ്പിക്കപ്പെട്ട മറ്റൊരു മനുഷ്യ ജീവിതം ലോകത്തില്ല. ഇത് യാദൃശ്ചികമായി സംഭവിച്ചതല്ല. റസൂൽ തിരുമേനി (സ) യുടെ വ്യക്തമായ അദ്ധ്യാപനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സർവ്വോപരി ദൈവികമായ ഇച്ഛയും ഇതിന് പിന്നിലുണ്ട്.

മനുഷ്യൻ പ്രത്യക്ഷങ്ങളിൽ വിശ്വസിക്കാൻ താൽപര്യപ്പെടുന്നവനാണ്. അദൃശ്യങ്ങളിലുള്ള വിശ്വാസങ്ങളിൽ പലപ്പോഴും അവൻ പിഴച്ചു പോവുന്നു. ഇക്കാര്യത്തിൽ വഴികാട്ടാനാണ് അല്ലാഹു പ്രവാചകന്മാരെ അയക്കുന്നത്. സ്ഥൂല വസ്തുക്കളെ അറിയുന്ന ഇന്ദ്രിയങ്ങളാണ് മനുഷ്യനിൽ പ്രബലമായുള്ളത്. പഞ്ചേന്ദ്രിയങ്ങൾക്ക് ഗ്രാഹ്യമാകുന്ന വസ്തുക്കളുടെ അസ്തിത്വമാണ് അവന് എളുപ്പത്തിൽ വിശ്വസിക്കാൻ കഴിയുന്നത്. സ്ഥൂലവസ്തുക്കളെ അറിയുന്നത് പോലെ അദൃശ്യനും സൂക്ഷ്മനുമായ ദൈവത്തെ അറിയാനോ പ്രാപിക്കാനോ സാദ്ധ്യമല്ല എന്നതാണ് സത്യം. ദൈവത്തെ അറിയാൻ ആത്മീയ ഗ്രാഹികളുടെ പരിശീലനവും നിഷ്ഠയോടുകൂടിയ ആരാധനകളും സുക്ഷ്മതയോടുകൂടിയ സാത്വിക ജീവിതവും കരുതലോടെയുള്ള സൽക്കർമ്മങ്ങളും ആവശ്യമാണ്. സർവ്വോപരി ഒരു മാർഗ്ഗ നിർദേശകന്റെ അനുസാരിത്വവും ആവശ്യമാണ്. ദൈവാന്വേഷണത്തിലൂടെ മനുഷ്യനെ നിരന്തരം വളർത്തി പൂർണ്ണതയിലെത്തിക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. ദൈവാന്വേഷണത്തിന്റെ ഈ മാർഗ്ഗം കഠിനമാണ്. അല്ലാഹു പറയുന്നു.

*'രണ്ട് പെരു വഴികൾ നാം അവന്ന് കാട്ടിക്കൊടുക്കുകയും ചെയ്തുവല്ലോ. എന്നാൽ അവൻ ആ ഗിരി മാർഗ്ഗത്തിൽ സാഹസപ്പെട്ടു കടന്നില്ല. ആ ഗിരിമാർഗ്ഗം എന്തെന്ന് നിനക്കെന്തറിയാം? (അത്) അടിമയെ മോചിപ്പിക്കുക. അടുത്ത ബന്ധമുള്ള അനാഥനോ കടുത്ത ദുരിതമനുഭവിക്കുന്ന അഗതിക്കോ വിശപ്പിന്റെ നാളിൽ ഭക്ഷണം നൽകുക. എന്നിട്ട് അവൻ സത്യവിശ്വാസം സ്വീകരിക്കുകയും പരസ്പരം സഹനം കൈകൊള്ളാൻ ഉപദേശിക്കുകയും അന്യോന്യം കരുണകാണിക്കാൻ ഗുണദോഷിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനു മാകണം.' (90:11 - 18)*

ആളുകളധികവും മൺമറഞ്ഞ ദൈവദൂതന്മാരെയും പുണ്യാത്മാക്കളെയും ജീവിച്ചിരിക്കുന്ന വ്യാജവേഷം ധരിച്ച ആൾദൈവങ്ങളെയും മൂർത്തികളെയും സൃഷ്ടവസ്തുക്കളെയും ജീവികളെ പോലും ദൈവമായോ ദിവ്യത്വം കൽപ്പിച്ചോ ആരാധിച്ചു വരുന്നു. അദൃശ്യനായ യഥാർത്ഥ ദൈവത്തിൽ വിശ്വസിച്ചു മതജീവിതം നയിക്കുക എന്നത് പ്രയാസകരവും ആരാധകർക്ക് പിഴച്ച് പോകുന്ന കാര്യവുമാണ്. മനുഷ്യന്റെ ഈ ബലഹീനത റസൂൽ തിരുമേനി (സ) ക്ക് മറ്റാരേക്കാളും നന്നായറിയാം. പ്രത്യക്ഷാത്ഭുതങ്ങളിലും സ്ഥൂല യാഥാർത്ഥ്യങ്ങളിലും വിശ്വസിക്കാൻ വ്യഗ്രതപ്പെടുന്ന ആളുകൾ അവിടുത്തോട് പലതവണ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ അത്ഭുതങ്ങൾ കാണിക്കലും അതിശയപ്പെടലുമാണ് മതത്തിന്റെ അടിസ്ഥാനമെന്ന് അവർ വിശ്വസിച്ചു. അന്ധവിശ്വാസജഡിലമായ വീക്ഷണം പുലർത്തുന്ന ഇത്തരം ആളുകളുമായി റസൂൽ തിരുമേനി (സ) നടത്തിയ ഒരു സംവാദം വിശുദ്ധ ഖുർആൻ ഇപ്രകാരം രേഖപ്പെടുത്തുന്നു:

*അവർ പറഞ്ഞു: 'നീ ഞങ്ങൾക്ക് വേണ്ടി ഭൂമിയിൽ നിന്ന് ഒരു ഉറവ ഒഴുക്കി കാണിച്ചുതരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേയില്ല. അല്ലെങ്കിൽ നിനക്ക് ഈത്തപനയുടെയും മുന്തിരിങ്ങയുടെയും ഒരു തോട്ടം ഉണ്ടാവണം. എന്നിട്ട് അതിന്റെ മധ്യത്തിലൂടെ നീ അരുവികൾ ഒഴുക്കുക. അല്ലെങ്കിൽ നീ വാദിച്ചത് പോലെ ഞങ്ങളുടെ മേൽ ആകാശത്തെ കഷണം കഷണമായി വീഴ്ത്തുക. അല്ലെങ്കിൽ നിനക്ക് സ്വർണ്ണം കൊണ്ടുള്ള ഒരു ഭവനമുണ്ടായിരിക്കുക. അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക. (അങ്ങനെ) ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കിക്കൊണ്ടു വരുന്നത് വരെയും നിന്റെ ആരോഹണത്തെ ഞങ്ങൾ വിശ്വസിക്കുകയേയില്ല.'(17: 91 94)*

ഈ ചോദ്യത്തിന്ന് റസൂൽ തിരുമേനി(സ)യോട് അല്ലാഹു പറയാൻ ആജ്ഞാപിക്കുന്ന ഉത്തരവും വിശുദ്ധ ഖുർആൻ അടുത്ത വചനത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

*'പറയുക, എന്റെ നാഥൻ പരിശുദ്ധനാണ്. ഞാൻ ഒരു ദൂതനായ ഒരു മനുഷ്യൻ മാത്രമാണ്.' (17:94)*

മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർആൻ പറയുന്നു:

*'പറയുക, ഞാൻ നിങ്ങളെ പോലെയുള്ള മനുഷ്യൻ തന്നെയാണ്. നിങ്ങളുടെ ആരാധ്യൻ ഏകനായ ദൈവം തന്നെയാണെന്ന്. എനിക്ക് ദിവ്യബോധനം നൽക*

***പ്പെടുന്നു. അത്കൊണ്ട് നിങ്ങൾ അവനിലേക്ക് ചെവ്വായ മാർഗ്ഗം സ്വീകരിക്കുകയും അവനോട് പാപ മോചനത്തിന്ന് അർത്ഥിക്കുകയും ചെയ്യുക. ബഹുദൈവ വിശ്വാസി കൾക്ക് വലിയ നാശം. (41:7)***

മനുഷ്യന്ന് മാതൃകയായ ഒരു മനുഷ്യനായ ദൈവദൂതനാണ് ഞാനെന്നും അതിമാനുഷനോ അമാനുഷനോ അല്ല എന്നുമുള്ള അദ്ധ്യാപനം നൽകി മതമണ്ഡല ത്തെ യുക്തി പൂർണ്ണവും ലളിത സുന്ദരവുമാക്കിയ ദിവ്യാത്മാവാണ് റസൂൽ തിരുമേനി (സ). ഒരിക്കൽ ഒരു അപരിചിതൻ റസൂൽ തിരുമേ നി(സ) യുടെ സന്നിധിയിൽ വന്ന് പരിഭ്രമിച്ചു നിൽക്കുകയായിരുന്നു. അപ്പോൾ ആ പാവം അപരിചിതനെ സമാശ്വസിപ്പിച്ചു കൊണ്ട് അവിടു ന്ന് പറഞ്ഞു: ***'ശാന്തനാവുക, പരിഭ്രമിക്കേണ്ട, ഞാൻ രാജാവല്ല. ഉണക്കമത്സ്യം (അൽ ഖദീദ്) ഭക്ഷിക്കുന്ന മക്കയിലെ ഒരു ഖുറൈശി സ്ത്രീയുടെ മകനാണ്.'*** (ഇബ്നുമാജ).

പിൽക്കാലത്ത് റസൂൽ തിരു മേനിയെക്കുറിച്ചും ഇത്തരം കെട്ടു കഥകൾ നിക്ഷിപ്ത താൽപര്യ ക്കാർ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഏകദൈവത്തിന്റെ അദ്ധ്യാപനം ഇത്രയും ശക്തമായി ലോകത്ത് പ്രചരിപ്പിച്ച റസൂൽ തിരുമേനി (സ)യെ എത്ര കടുത്ത യാഥാസ്ഥി ക മുസ്‌ലിംകൾ പോലും ദൈവ പങ്കാളിയായി ചിത്രീകരിച്ചിട്ടില്ല. മനുഷ്യനടക്കമുള്ള പരകോടി ജീവികളടങ്ങുന്ന ബ്രഹ്മാണ്ഡ കടാഹം സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ ഉൺമയും സ്ഥാന വും പ്രവർത്തിയും ഗുണവും റസൂൽ തിരുമേനി(സ) ജനങ്ങൾക്ക് ഏറ്റവും ശക്തിമത്തും വ്യക്തവു മായ രീതിയിലാണ് പഠിപ്പിച്ചത്. അത്കൊണ്ടാണ് മനുഷ്യനേയും മറ്റു സൃഷ്ട വസ്തുക്കളേയും ആരാധിക്കപ്പെടുന്ന സമ്പ്രദായം ഇസ്‌ലാമിൽ മറ്റുമതങ്ങളിലുള്ളത് പോലെ കാണപ്പെടാത്തത്.

ഇസ്‌ലാമിൽ ദൈവവും മനു ഷ്യനുമായുള്ള ബന്ധം മുഹമ്മദ് നബി വ്യക്തമായ രീതിയിൽ പഠിപ്പിച്ചു തന്നിരിക്കുന്നു. മറ്റു മതങ്ങളിൽ സൃഷ്ടികളും സൃഷ്ടാ വുമായി ഇത്രമാത്രം വ്യതിരിക്തത കാണുക സാദ്ധ്യമല്ല. മറ്റുമതങ്ങളി ലെ മതപുരുഷന്മാർ ഇതിഹാസ ങ്ങളാലും മിത്തുകളാലും പരിവേ ഷിതരാണ്. അത്ഭുതങ്ങളും അതിശ യങ്ങളുടെയും നിറം പിടിപ്പിച്ച കഥകളുമുള്ള ആ മഹാത്മാ ക്കളുടെ ജീവിതം യഥാഗതി ചരിത്ര ബോധത്തോടെയും തത്ത്വജ്ഞാന ത്തോടെയും ആളുകൾക്ക് മനസ്സി ലാവുന്ന രീതിയിൽ ആ മതങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. അതു കൊണ്ട് ആ മതപുരുഷന്മാരെല്ലാം ദൈവങ്ങളായോ ദൈവത്തിന്റെ പുത്രന്മാരായോ പുത്രിമാരായോ പാതിദൈവങ്ങളായോ ദൈവത്തി ന്റെ അവതാരങ്ങളായോ ആയാണ് ഗണിക്കപ്പെടുന്നത്. മനുഷ്യരായ നമുക്ക് മനുഷ്യനായ ഒരാൾ തന്നെയാകണം മാതൃകയാകേണ്ടത് അയാളെ മാത്രമേ നമുക്ക് അനുക രിക്കാൻ സാദ്ധ്യമാവൂ എന്ന പ്രാഥ മിക യുക്തി പോലും മറ്റു മതങ്ങൾ പാലിച്ചിട്ടില്ല. അസ്തിത്വത്തിലും പ്രകൃതിയിലും വ്യത്യസ്തനായ ഒരു അതിമാനുഷനേയോ അമാനുഷനേ യോ ഒരു മനുഷ്യന് അനുകരി ക്കാൻ സാദ്ധ്യമല്ല. മനുഷ്യരായി ജനങ്ങൾക്ക് മാർഗ്ഗ ദർശനം നൽകാ ൻ ദൈവം നിയോഗിച്ച മഹാത്മാ ക്കളെ ആത്മീയ പ്രബുദ്ധതയില്ലാ ത്ത അനുയായികൾ സ്തുതിച്ച് സ്തുതിച്ച് പൂജാവിഗ്രഹമാക്കി മാറ്റുകയാണുണ്ടായത്. മതമെന്നാൽ ഇത്തരം മിത്തോളജിയും അയുക്തി കമായ അത്ഭുതങ്ങളും അതിശയ ങ്ങളും മാത്രമാണെന്നാണ് ബഹു ഭൂരിപക്ഷം മതാനുയായികളും കരുതുന്നത്.

ഭാരതത്തിലെ ജനകോടികളെ ആദ്ധ്യാത്മിക മാർഗ്ഗത്തിൽ നയിച്ച ദൈവത്തിന്റെ മഹാനായ ദൂതനാ യിരുന്നു ശ്രീകൃഷ്ണൻ. ഗീതയിൽ സ്പുരിക്കുന്ന ആത്മീയ തേജസ്സ് അതിന്ന് സാക്ഷ്യമാണ്. പക്ഷേ കൃഷ്ണൻ മനുഷ്യനായ മാർഗ്ഗദർ ശകനായല്ല ദൈവമോ ദൈവാവ താരമോ ആയാണ് ബഹുഭൂരി പക്ഷവും ആരാധിക്കപ്പെടുന്നത്. അദ്ദേഹം മിത്തിൽ നിന്നും മുക്ത നല്ല. കൃഷ്ണ ലീലകൾ മനുഷ്യ പരിധിക്കതീതമാണ്. അദ്ദേഹത്തി ന്റെ ജീവിതം മുഴുവൻ അതിശയ ങ്ങളും അത്ഭുതങ്ങളുടെയും പ്രളയം കാണാം. തീർച്ചയായും മനുഷ്യരായ ദിവ്യാത്മാക്കളെ ബിംബവത്ക്കരിച്ച് പൂജാവിഗ്രഹ മാക്കിയത് അദ്ദേഹത്തിന്റെ അനു യായികളാണ്. ശിശുവായ ശ്രീകൃഷ് ണനെ കൊല്ലാൻ ഗോപസ്ത്രീയുടെ വേഷത്തിൽ വന്ന പൂതന എന്ന അസുര സ്ത്രീയെ ശ്രീകൃഷ്ണൻ കൊന്നു, മണ്ണുതിന്നു കൊണ്ടിരുന്ന ഉണ്ണിക്കണ്ണന്റെ വായിൽ മാതാവ് സകല ലോകങ്ങളും കണ്ട കാഴ്ച്ച, കാളിന്ദി നദിയിൽ കാളിയൻ എന്ന വിഷസർപ്പത്തിന്റെ ഫണത്തിൽ കയറി നൃത്തം ചെയ്ത് അതിനെ കൊന്ന കഥ, ശ്രീകൃഷ്ണന്റെ പതിറായിരത്തെട്ടു ഭാര്യമാരെ വിവാഹം ചെയ്ത കഥ, ഗോപ സ്ത്രീകളുടെ വസ്ത്രം കവർന്ന കഥ, കണ്ണൻ കാട്ടുതീ വിഴുങ്ങിയത്, ഉത്തരക്ക് അഭിമന്യുവിന്ന് ജനിച്ച പരീക്ഷിത്ത് എന്ന മൃതപുത്രനെ ജീവിപ്പിച്ച കഥ, അമ്പാടിയിൽ പേമാരി പെഴ്തപ്പോൾ ഗോവർദ്ധന പർവ്വതം കുടയാക്കി പിടിച്ച് അമ്പാടി നിവാസികളെ രക്ഷിച്ച കഥ ഭാഗവതത്തിലേയും ജയദേവ കവിയുടെ ഗീതഗോവിന്ദത്തിലേ യും കൃഷ്ണന്റെയും രാധയു ടെയും രാസലീലകൾ ഇങ്ങിനെ മിത്തിന്റെയും ചാപല്യങ്ങളുടെയും പരിവേഷമുള്ള അനേകം കഥകളാ ണ് ശ്രീകൃഷ്ണനെ ചുറ്റിയുള്ളത്. ശ്രീകൃഷ്ണനെ ഒരു ചരിത്ര പുരുഷനാക്കി അവതരിപ്പിക്കാനോ അദ്ദേഹത്തിന്റെ കഥ വിവരിക്കുന്ന തിൽ സ്വീകരിച്ച പ്രതീകങ്ങളും അലങ്കാരങ്ങളും ഉപമകളും ബിംബ ങ്ങളും യുക്തിസഹമായി വ്യാഖ്യാ നിച്ച് വിശദീകരിക്കാനോ ദാർശനി

**ശേഷം പേജ് 40 ൽ**

ഭാഗം – 20

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ചോല ബാബാ നാനക്

1887 ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ ഹദ്റത്ത് ബാബാ നാനകി (റഹ്മത്തുല്ലാഹ് അലൈഹി) നെ കശ്ഫിൽ (ജാഗ്രത ദർശനം) ഒരു മുസ്‌ലിമിന്റെ വേഷത്തിലും ഭാവത്തിലും കാണുകയുണ്ടായി. അതോടൊപ്പം താങ്കൾ പാനം ചെയ്ത ദിവ്യ ഉറവയിൽ നിന്നു തന്നേയാണ് ഇദ്ദേഹവും പാനം ചെയ്യുന്നതെന്നു പറയപ്പെടുകയും ചെയ്തു. ഈ ദർശനത്തെക്കുറിച്ചു തന്റെ സഹാബാക്കളിൽ ചിലരെ അറിയിച്ചുവെങ്കിലും ഹദ്റത്ത് ബാബാ നാനകി (റഹ്) നു ഇസ്‌ലാമുമായുള്ള ബന്ധത്തിന്റെ വ്യക്തമായ തെളിവുകൾ അന്വേഷിച്ചു കൊണ്ട് ഈ കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) പൊതുവിൽ വെളിപ്പെടുത്തിയില്ല. കുറച്ചു വർഷങ്ങൾക്കു ശേഷം 1895 ൽ ഹദ്റത്ത് ബാബാ നാനകി (റഹ്) ന്റെ ചോല എന്നു സിക്കു മതസ്ഥർ വിളിക്കുന്ന മേലങ്കി (മേൽ കുപ്പായം) ഗുർദാസ്പൂർ ജില്ലയിലെ ഒരു ചെറു പട്ടണമായ ഡേരാ ബാബാനാനക്കിൽ ഒരു പ്രത്യേക കെട്ടിടത്തിൽ സൂക്ഷിച്ചു വച്ചിട്ടുള്ളതായി ഹദ്റത്ത് മസീഹ് മൗഊദ് (അ) അറിയാൻ ഇടയായി. പരുത്തികൊണ്ടുള്ള മേൽകുപ്പായമായ ഈ ചോല, നാനക്കിനു സ്വർഗത്തിൽ നിന്നും ഇറക്കി കൊടുത്തതാണെന്നാണു സിക്കുകാർ വിശ്വസിക്കുന്നത്. സിക്കുകാർ അതിരറ്റ ആദരവു പ്രകടിപ്പിക്കുന്ന ഈ ചോല, വില പിടിപ്പുള്ള ധാരാളം പട്ടുറുമാലിൽ പൊതിഞ്ഞാണു വച്ചിരിക്കുന്നത്.

ഹദ്റത്ത് വാഗ്ദത്ത മസീഹി (അ) നു ഈ വിവരം ലഭിച്ചപ്പോൾ അതിനെ കുറിച്ചു കൂടുതൽ അറിയുവാനായി ഹുസൂർ ഒരു സംഘത്തെ നിയോഗിച്ചു. അവർ ഡേര ബാബാ നാനകിൽ ചെന്നു ചോല സന്ദർശിച്ച ശേഷം അതിൽ പരിശുദ്ധ കലിമയ്ക്കു പുറമെ ധാരാളം ഖുർആൻ ആയത്തുകളും രേഖപ്പെടുത്തിയതായി ഹുസൂറിനു വിവരം നൽകി. എന്നാൽ പിൻഗാമികൾ ഈ സംഘത്തിന്റെ സാക്ഷ്യമൊഴിക്കു അതർഹിക്കുന്ന പ്രാധാന്യം നൽകിയില്ലെങ്കിലോ എന്ന സംശയത്തിൽ വാഗ്ദത്ത മസീഹ് (അ) 1895 സപ്റ്റംബർ 30–ാം തീയതി തന്റെ പത്തു അനുചരരോടൊപ്പം ഡേരാ ബാബാ നാനകിലേക്കു പുറപ്പെട്ടു. ആ സംഘത്തിലെ പ്രഥമ സ്ഥാനീയൻ ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബായിരുന്നു. മറ്റു ഒമ്പതു പേർ ഇവരാണു. 1. ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) 2. ഹദ്റത്ത് ഭായി അബ്ദുർ റഹീം സാഹിബ് (റ) 3. ഹദ്റത്ത് മിർസാ അയ്യൂബ് ബേഗ് സാഹിബ് (റ) 4. ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി (റ) 5. ഹദ്റത്ത് മുൻശി ഗുലാം ഖാദിർ സാഹിബ് ഫസീഹ്(റ) 6. ഹദ്റത്ത് സയ്യിദ് മുഹമ്മദ് ഇസ്മായീൽ സാഹിബ് (റ) 7.ഹദ്റത്ത് ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് ഗുജ്റാത്തി (റ) 8. ഹദ്റത്ത് മീർ നാസിർ സവാബ് സാഹിബ് (റ) 9. ഹദ്റത്ത് ശേഖ് ഹാമിദ് അലി സാഹിബ് (റ)

ഹുസൂറും സംഘവും അവിടെ ചെന്നു ചോല കണ്ടപ്പോൾ തീർച്ചയായും ഇതൊരു മുസ്‌ലിം ദൈവഭക്തന്റെ സ്മാരക ചിഹ്നമാകാനാണു സാദ്ധ്യത എന്നു മനസ്സിലായി. കാരണം

لاَ اِلٰه اِلاّ الله مُحَمّدُ الرَسُولُ الله

എന്ന പരിശുദ്ധ കലിമയ്ക്കു പുറമെ

اِنّ الدِيْنَ عِنْدَ الله الاِسْلاَم എന്നും

أشْهدُ اَنْ لاَ الاِلٰه اِلاّ الله وَ أشْهَدُ أنَّ

مُحَمّدًا عَبْدُهُ وَ رَسُولُه

എന്ന ശഹാദത്തു കലിമയും സൂറത്ത് ഫാതിഹയും സൂറത്ത് ഇഖ്ലാസും എഴുതിയിട്ടുണ്ടായിരുന്നു. റസൂൽ കരീ (സ) മിനെ കുറിച്ചും ഇസ്ലാമിനെ സംബന്ധിച്ചുമുള്ള വചനങ്ങളല്ലാതെ അതിൽ മറ്റു സംസ്കൃത വാക്യങ്ങളോ വേദസൂക്തങ്ങളോ ഒന്നും രേഖപ്പെടുത്തിയിരുന്നില്ല. ഹുസൂർ അവിടെ നിന്നു തന്നെ എല്ലാം എഴുതിയെടുക്കാൻ കൂടെയുള്ളവരോടു നിർദേശിച്ചു. ശേഷം അന്നു തന്നെ ഖാദിയാനിലേയ്ക്കു തിരിച്ചു വരികയും ചെയ്തു. പിന്നീട് 'സത്ബചൻ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയും അതിൽ ഈ യാത്രയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിവരിച്ചതിനു പുറമെ ഹദ്റത്ത് ബാബാ സാഹിബ് (റഹ്) ഒരു മുസ്ലിം മത വിശ്വാസിയായിരുന്നുവെന്നതിനുള്ള വ്യക്തമായ തെളിവായി സിക്കുകാരുടെ പവിത്ര ഗ്രന്ഥമായ "ഗുരുഗ്രന്ഥ് സാഹിബ്" ''ജനം സാഖി'' എന്നിവയിൽ നിന്നുള്ള വചനങ്ങളും ഉൾപ്പെടുത്തുകയുണ്ടായി. ഹുസൂർ രചിച്ച പ്രസ്തുത ഗ്രന്ഥത്തിൽ ബാബാ സാഹിബിന്റെ മേലങ്കിയുടെ ചിത്രം വരച്ചു. അതിൽ എല്ലാ അറബി വാചകങ്ങളും അടയാളപ്പെടുത്തിയിരുന്നു.

## അസാധാരണ ചികിത്സകളും തെറാപ്പിയും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ കാലത്തെ വളരെ പ്രമുഖനായ ഭിഷഗ്വരനായി എല്ലാവരാലും അംഗീകരിക്കപ്പെട്ടിരുന്നു. രോഗ നിർണയത്തിൽ അദ്ദേഹത്തിനു തുല്യനായി ആരും ഉണ്ടായിരുന്നില്ല എന്നു തന്നെ പറയാം. അദ്ദേഹം രോഗികൾക്കിടയിൽ ഒരിക്കലും തന്നെ ഒരു വിവേചനവും കാണിച്ചിരുന്നില്ല. പണക്കാരനായാലും പാവപ്പെട്ടവനായാലും ഏതു മതക്കാരനായാലും അദ്ദേഹത്തിനു മുന്നിൽ എല്ലാവരും ഒരു പോലെയായിരുന്നു. തന്നാൽ സാദ്ധ്യമായ ഏറ്റവും ഉത്തമമായ ചികിത്സ നൽകിയ ശേഷം ആ മരുന്നുകൾക്കുള്ള ഫലവും രോഗശമനവും യഥാർഥത്തിൽ അല്ലാഹുവാണ് നൽകേണ്ടതെന്ന അടിയുറച്ച വിശ്വാസത്തിൽ ആ രോഗികൾക്കു വേണ്ടി അദ്ദേഹം അല്ലാഹുവിനോടു ആത്മാർഥമായി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

പ്രസവം നടക്കാതെ അസഹ്യമായ വേദന കൊണ്ട് പുളഞ്ഞിരുന്ന ഗർഭിണികൾക്കു മരുന്നു നൽകിയ ശേഷം രാത്രി എപ്പോൾ പ്രസവം നടന്നാലും എന്നെ അറിയിക്കണമെന്നു അദ്ദേഹം ആവശ്യപ്പെടും. അതിനു ശേഷം അദ്ദേഹം നഫൽ നമസ്കാരത്തിലും അല്ലാതേയും അവർക്കു വേണ്ടി ദുആയിൽ മുഴുകും. സാധാരണ നിലയിൽ അൽപ സമയത്തിനു ശേഷം തന്നെ പ്രസവം നടന്നിരിക്കും. പക്ഷേ, ഈ അർദ്ധരാത്രി മൗലവി സാഹിബിനെ ഉണർത്തുന്നതു ശരിയല്ലെന്നു മനസ്സിലാക്കി സ്ത്രീയുടെ ബന്ധുക്കൾ അദ്ദേഹത്തെ വിവരം അറിയിക്കുകയില്ല. തുടർന്നു ഗർഭിണിയും വീട്ടുകാരും സമാധാനത്തോടെ കിടന്നുറങ്ങും. പാവം മൗലവി സാഹിബ് ഒരു പോള കണ്ണടയ്ക്കാതെ പുലരുവോളം അവർക്കു വേണ്ടി ദുആയിൽ വ്യാപൃതനാകും. പിറ്റേ ദിവസം രാവിലെ രോഗിയുടെ ബന്ധുക്കൾ വിവരമറിയിക്കുമ്പോൾ എന്നേയും തൽസമയം വിവരമറിയിച്ചിരുന്നുവെങ്കിൽ ഞാനും നിങ്ങളെ പോലെ അൽപം ഉറങ്ങുമായിരുന്നുവല്ലോ എന്നു മൗലവി സാഹിബ് പറയുമ്പോഴാണു തങ്ങൾ ചെയ്തതു പൊറുക്കാനും ക്ഷമിക്കാനും പറ്റാത്ത ക്രൂരതയായിപ്പോയെന്നു അവർ മനസ്സിലാക്കുന്നത്.

മൗലവി സാഹിബ് തന്റെ ചികിത്സയിൽ പല രീതികളും അവലംബിച്ചിരുന്നു. കാണുന്നവർക്കു ആ രീതികൾ അസാധാരണവും വിചിത്രവുമായി തോന്നുമെങ്കിലും അത് കൃത്യമായ ഫലം കണ്ടിരുന്നു. ഒരിക്കൽ ലാഹോറിൽ തങ്ങളുടെ അടുത്ത ബന്ധു മരിച്ച കാരണത്താൽ ഒരു ഹിന്ദു കുടുംബത്തിലെ ധാരാളം സ്ത്രീകൾ ഒന്നിച്ചിരുന്നു ദു:ഖം സഹിക്കാനാവാതെ അലമുറയിട്ടു കരയുകയും അതോടൊപ്പം കൈൾ തലയ്ക്കു മീതെ ഉയർത്തുകയും താഴ്ത്തുകയും ചെയ്തു കൊണ്ടു പല തരം ചേഷ്ടകൾ കാണിക്കുന്നുണ്ടായിരുന്നു. അത്തരത്തിൽ ചെയ്തു കൊണ്ടിരുന്ന ഒരു യുവതി ഒരു പ്രാവശ്യം തന്റെ കൈകൾ ഉയർത്തിയ ശേഷം താഴ്ത്താൻ സാധിക്കാത്ത നിലയിൽ പൊക്കിയ അവസ്ഥയിൽ തന്നെ കൈകൾ ഉറച്ചു പോയി. യാതൊരു അയവും ഇല്ലാത്ത വിധം അവരുടെ പേശികൾ വലിഞ്ഞു മുറുകി. വളരെ ആദരണീയ കുടുംബത്തിലെ മാന്യയായ ഒരു യുവതിയായിരുന്നു അവർ. ബന്ധുക്കൾ ഡോക്റ്ററെ വിളിച്ചു വരുത്തി. ഡോക്റ്റർ വന്നു പരിശോധിച്ചു. പക്ഷേ, അദ്ദേഹത്തിനു ഒന്നും മനസ്സിലായില്ല. ഒന്നും ചെയ്യാൻ പറ്റാതെ അദ്ദേഹം തിരിച്ചു പോയി. വീണ്ടും പല ഡോക്റ്റർമാർ വന്നു. ആർക്കും ഒന്നും ചെയ്യാൻ സാധിച്ചില്ലെന്നു മാത്രമല്ല അവരെല്ലാം എത്ര ആലോചിച്ചിട്ടും ഒരു ചികിത്സാവിധിയും ഒരു ഉപായവും അവരുടെ ബുദ്ധിയിൽ ഉദിച്ചില്ല. മരിച്ചയാളുടെ വിയോഗം കൊണ്ടുണ്ടായ വേദനയോടൊപ്പം ബന്ധുക്കൾക്കു പരിഹാരം കാണാനാവാത്ത ഈയൊരു സങ്കീർണ പ്രശ്നം നേരിടേണ്ടി വന്നു. അവരാകെ വല്ലാത്തൊരു വിഷമഘട്ടത്തിലായി.

അവസാനം ബന്ധുക്കൾ ഹദ്റത്ത് മൗലവി സാഹിബിനെ സമീപിച്ചു സഹായം തേടി. മൗലവി സാഹിബ് ആ സ്ത്രീയുടെ മുഴുവൻ അവസ്ഥകളും മറ്റു കാര്യങ്ങളും വിശദമായി ചോദിച്ചറിഞ്ഞു. പിന്നീട് അവരുടെ വീട്ടിൽ ചെന്നു. യുവതി വിശാലമായ മുറിയിൽ കൈകൾ രണ്ടും പൊക്കിയ നിലയിൽ ഒന്നും ചെയ്യാനാവാതെ ഒന്നു രണ്ടു ദിവസമായി ക്ഷീണിച്ചിരിക്കുകയായിരുന്നു. മൗലവി സാഹിബ് ആ യുവതിയുടെ അടുക്കൽ ചെല്ലുകയോ അവരെ കാണുകയോ നേരിട്ടു പരിശോധിക്കുകയോ ഒന്നും

ചെയ്തില്ല. എല്ലാം എനിക്കു മനസ്സിലായെന്നും കാണേണ്ട ആവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു. പകരം അവളുടെ സമപ്രായക്കാരനായ അയൽപക്കത്തുള്ള വളരെ സുമുഖനായ ഒരു ചെറുപ്പക്കാരനെ കണ്ടു പിടിച്ചു അവനെ വിളിച്ചു വരുത്തി. അദ്ദേഹം അവനെ ചില കാര്യങ്ങൾ പറഞ്ഞു പഠിപ്പിച്ചു. ചില നിർദേശങ്ങൾ നൽകി. പിന്നീട് മുറിക്കകത്തുള്ള എല്ലാവരേയും പുറത്താക്കിയ ശേഷം മൗലവി സാഹിബ് ആ യുവാവിനെ യുവതിയുടെ അടുക്കലേയ്ക്കു പറഞ്ഞു വിട്ടു. മുറിയുടെ വാതിലടച്ചു. അവൻ യുവതിയുടെ അടുക്കൽ ചെന്നു ചില കാര്യങ്ങൾ ചോദിച്ച ശേഷം പെട്ടെന്നു അവളുടെ ശൽവാറിന്റെ നാട പിടിച്ചു വലിച്ചു. ശൽവാറിന്റെ കെട്ട് അഴിഞ്ഞതോടു കൂടി അവളെ വിവസ്ത്രയാക്കാനുള്ള ശ്രമമാണെന്നു മനസ്സിലാക്കിയ ആ യുവതി ആർത്തു നിലവിളിച്ചു കൊണ്ട് രണ്ടു കൈയും പെട്ടെന്നു താഴ്ത്തുകയും അരയിൽ നിന്നും താഴെ വീഴാറായ ശൽവാർ കയറിപ്പിടിക്കുകയും ചെയ്തു. ആ പരിഭ്രമത്തിൽ അവരുടെ നാഡീ വ്യവസ്ഥ അവരറിയാതെ പ്രവർത്തന ക്ഷമമാവുകയും കൈകൾ രണ്ടും പൂർവസ്ഥിതിയിലാവുകയും ചെയ്തു. ഒരു മരുന്നും നൽകേണ്ടി വന്നില്ല. ഒരു ശസ്ത്രക്രിയയും ആവശ്യമായി വന്നില്ല. എല്ലാം ഏതാനും നിമിഷങ്ങൾക്കകം ശുഭപര്യവസായിയായി അവസാനിച്ചു.

## വിശുദ്ധ ഖുർആനോടുള്ള അടങ്ങാത്ത സ്നേഹവും പാണ്ഡിത്യവും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു ചികിത്സയുടെ ഭാഗമായി ചിലപ്പോഴെങ്കിലും പ്രയോഗിക്കേണ്ടി വരാറുള്ള മാനസിക ശാരീരിക തെറാപ്പിയായിരുന്നു ഇത്. ഇതിൽ മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ വൈദഗ്ധ്യം. അദ്ദേഹം ആത്മാവിനു ശാന്തി വരുത്തുന്നതിനുള്ള ആത്മീയ തെറാപ്പി (spiritual therapy) യിലും വളരെ തൽപരനായിരുന്നു. ഇതിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ മാർഗദർശന ഗ്രന്ഥവും പ്രമാണൗഷധ ഗ്രന്ഥവും (pharma copoeia) സാരസംഗ്രഹ പുസ്തകവും (vade mecum) എല്ലാം തന്നെ പരിശുദ്ധ ഖുർആൻ മജീദായിരുന്നു. അദ്ദേഹം മുഴുവൻ ഖുർആൻ മജീദും ഹൃദിസ്ഥമാക്കിയിട്ടുണ്ട്. അതിലടങ്ങിയിരിക്കുന്ന അഗാധമായ ജ്ഞാന നിധികൾ പുറത്തു കൊണ്ടു വരാൻ കിട്ടുന്ന ഒരവസരവും അദ്ദേഹം പാഴാക്കിയിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാന നിമിഷം വരെയും അദ്ദേഹം കണ്ടെത്തിയ അത്തരം അറിവുകൾ മറ്റുള്ളവർക്കു പകർന്നു കൊടുക്കാൻ അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹം എപ്പോഴും ഇങ്ങനെ പറയാറുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ എന്റെ നിലനിൽപും എന്റെ ആത്മാവിന്റെ ഭക്ഷണവുമാണ്. ഒരു ദിവസം പല പ്രാവശ്യം ഞാൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാറുണ്ട്. എന്നിട്ടും എന്റെ ആത്മാവ്വിനു മതിയാവുന്നില്ല. അതു നിറയുന്നില്ല. ഖുർആൻ ശമനമാണ്. കാരുണ്യമാണ്. വെളിച്ചമാണ്. മർഗദർശനമാണ്.

## ഖുർആൻ പഠിക്കേണ്ട രീതി

എങ്ങനെയാണു വിശുദ്ധ ഖുർആൻ പഠിക്കേണ്ടതെന്നു ഹദ്റത്ത് മൗലവി സാഹിബിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു അതു ശ്രദ്ധാപൂർവം പഠിച്ചു കൊണ്ടിരിക്കുന്ന ആൾക്കു ലോകത്തു വച്ചു വായിക്കാനും പഠിക്കാനും ഏറ്റവും എളുപ്പമുള്ള ഗ്രന്ഥമാണു. അതിന്റെ പ്രഥമവും പ്രധാനവുമായ നിബന്ധന തഖ്‌വ (സാത്വികത) യാണ്. സാത്വികനായ ഒരാളെ താൻ ഖുർആൻ പഠിപ്പിക്കുമെന്നു അല്ലാഹു ഖുർആനിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഖുർആൻ പഠിക്കുന്ന ഒരാൾക്കു മന:സ്വസ്ഥത ഉണ്ടായിരിക്കുന്നതോടൊപ്പം ഉപജീവനത്തെ കുറിച്ചുള്ള ഉൽകണ്ഠ അയാളിൽ ഉണ്ടാവുകയുമരുത്. എങ്കിൽ അല്ലാഹു താൻ തന്നെ അവനു ഉപജീവന മാർഗം നൽകുകയും അവന്റെ രക്ഷാകർത്താവായി തീരുന്നതുമാണ്.

രണ്ടാമത്തെ നിബന്ധന അല്ലാഹുവിൽ അർപണം ചെയ്തു കൊണ്ട് കഠിനാദ്ധ്വാനം ചെയ്യണമെന്നതാണ്. അതിലൂടെ അയാളുടെ വിഷമതകൾ പരിഹരിക്കപ്പെടുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നിട്ട് അദ്ദേഹം പറഞ്ഞു ഖുർആൻ പഠിക്കുന്ന ഒരു വിദ്യാർഥി ഖുർആൻ തനിക്കു വെളിപാടിറങ്ങിയതാണെന്ന രീതിയിൽ ആദ്യം മുതൽ അവസാനം വരെ അതു പാരായണം ചെയ്യണം. അതിലുള്ള ഓരോ വചനവും തന്നെ അഭിസംബോധന ചെയ്തു കൊണ്ടുള്ളതാണെന്നു മനസ്സിലാക്കണം. ഉദാഹരണമായി അതിൽ ആദമിനേയും ഇബ്‌ലീസിനേയും സംബന്ധിച്ച വചനങ്ങൾ കണ്ടാൽ താൻ ആദമാണോ ഇബ്‌ലീസാണോ എന്നു സ്വയം പരിശോധിച്ചു വിലയിരുത്തണം. അങ്ങനെ ഖുർആനിലുള്ള ഓരോ കാര്യങ്ങളും തന്റെ മേൽ ചേർത്തു വച്ചു കൊണ്ട് പരിശോധിക്കണം. ഏതെങ്കിലും കാര്യത്തിൽ വിഷമം നേരിടുമ്പോൾ അതു കുറിച്ചു വക്കണം. അങ്ങനെ വിശുദ്ധ ഖുർആൻ മുഴുവനും പാരായണം ചെയ്യണം. രണ്ടാമത്തെ പാരായണത്തിന്റെ അവസരത്തിൽ തന്റെ ഭാര്യയേയും മക്കളേയും ഉൾപ്പെടുത്തണം. അപ്പോൾ തന്റെ ആദ്യ പാരായണത്തിലുള്ള വിഷമതകൾ വലിയ ഭാഗം പരിഹരിക്കപ്പെട്ടതായി അയാൾക്കു മനസ്സിലാകും. മൂന്നാമത്തെ പാരായണത്തിൽ തന്റെ മുഴുവൻ സുഹൃത്തുക്കളെയും ഉൾപ്പെടുത്തണം. നാലാമത്തെ പാരായണാവസരത്തിൽ അന്യരേയും ഉൾപ്പെടുത്തണം. അതോടൊപ്പം തന്റെ വിഷമതകൾ പരിഹരിക്കപ്പെടാൻ അയാൾ ആത്മാർത്ഥമായും നിരന്തരമായും ദുആ ചെയ്യുകയും വേണം.

ഹദ്റത്ത് മൗലവി ഹക്കീം

നൂറുദ്ദീൻ സാഹിബിന്റെ ഖുർആനി ലുള്ള അറിവ് അതിബൃഹത്തായ താണ്. അതു കാരണം അദ്ദേഹ ത്തിന്റെ ഖുർആൻ വ്യാഖ്യാനം അതിവിശിഷ്ടമായിരുന്നു. മൗലവി സാഹിബിന്റെ ഖുർആൻ ദറസുകൾ വിജ്ഞാന സാഗരമാണെന്നും അതൊരിക്കലും നഷ്ടപ്പെടുത്തരു തെന്നും ശ്രദ്ധിച്ചു കേൾക്കണമെ ന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ മറ്റു സഹാബാക്കളോട് പറയാറുണ്ടായിരുന്നു. ജമാഅത്തി ന്റെ ശത്രുക്കൾ പോലും ഹദ്റത്ത് മൗലവി സാഹിബിന്റെ ഖുർആൻ വ്യാഖ്യനത്തെ മുക്തകണ്ഠം പ്രശംസിക്കാറുണ്ടായിരുന്നു. 1893 ൽ ലാഹോറിൽ നടന്ന അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമിന്റെ വാർഷി ക സമ്മേളനത്തിൽ പ്രസംഗിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടപ്പോൾ 'അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണു' എന്ന വിഷയമായിരുന്നു തന്റെ പ്രസംഗ ത്തിന്നായി അദ്ദേഹം തെരഞ്ഞെടു ത്തത്. താഴെ കൊടുത്ത ആയത്തി ന്റെ വ്യാഖ്യാനമായിരുന്നു അദ്ദേഹം ആ സമ്മേളനത്തിൽ വിവരിച്ചിരുന്ന ത്.

اللَّهُ نُورُ السَّمَاوَاتِ وَالْأَرْضِ مَثَلُ نُورِهِ كَمِشْكَاةٍ فِيهَا مِصْبَاحٌ الْمِصْبَاحُ فِي زُجَاجَةٍ الزُّجَاجَةُ كَأَنَّهَا كَوْكَبٌ دُرِّيٌّ يُوقَدُ مِنْ شَجَرَةٍ مُبَارَكَةٍ زَيْتُونَةٍ لَا شَرْقِيَّةٍ وَلَا غَرْبِيَّةٍ يَكَادُ زَيْتُهَا يُضِيءُ وَلَوْ لَمْ تَمْسَسْهُ نَارٌ. نُورٌ عَلَى نُورٍ يَهْدِي اللَّهُ لِنُورِهِ مَنْ يَشَاءُ وَيَضْرِبُ اللَّهُ الْأَمْثَالَ لِلنَّاسِ وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ

അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണു അവന്റെ പ്രകാശത്തിന്റെ സ്ഥിതി (ചുമരിൽ വിളക്കുവയ്ക്കുവാൻ ഉണ്ടാക്കുന്ന) ഒരു തട്ടു പോലെ യാണ്. അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടിക്കൂട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ആ സ്ഫടിക ക്കൂട് ഒരു മിന്നിത്തിളങ്ങുന്ന നക്ഷത്രം പോലെയാണ്. അത് അനുഗ്രഹീതമായ ഒരു വൃക്ഷത്തി ന്റെ – പൗരസ്ത്യമോ പാശ്ചാത്ത്യ മോ അല്ലാത്ത ഒരു ഒലീവ് വൃക്ഷത്തിന്റെ – എണ്ണ കൊണ്ടാണു കത്തിക്കപ്പെടുന്നത്. അതിന്റെ എണ്ണ യെ അഗ്നി സ്പർശിച്ചിട്ടില്ലെങ്കിലും അത് സ്വയം പ്രകാശിക്കാറാകും. പ്രകാശത്തിൻ മേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേയ്ക്കു അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കു വേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചുകൊ ണ്ടിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനാകുന്നു. (ഖുർആൻ 24:36)

അദ്ദേഹം തന്റെ പ്രസംഗം ഇങ്ങനെ പറഞ്ഞു കൊണ്ടാണു ആരംഭിച്ചത്. ശ്രോതാക്കളിൽ ചിലർ പൗരസ്ത്യ പാരമ്പര്യമുള്ളവരാണ്. യുവതലമുറയിൽ പെട്ട ചിലർ പാശ്ചാത്യ സംസ്ക്കാരത്തിന്റേയും നാഗരികതയുടേയും പ്രശംസകരും വക്താക്കളുമാണ്. ഞാൻ വ്യാഖ്യാ നിക്കാൻ ഉദ്ദേശിക്കുന്നത് വിശുദ്ധ ഖുർആന്റെ വാക്കുകളിൽ പൗര സ്ത്യമോ പാശ്ചാത്യമോ ഇല്ല എന്നതാണ്. വിശുദ്ധ ഖുർആൻ മുഴുവൻ മനുഷ്യകുലത്തിന്റേയും ക്ഷേമമമാണു കാംക്ഷിക്കുന്നത്. പിന്നീട് മേൽ പറഞ്ഞ വിശുദ്ധ ഖുർആന്റെ വചനങ്ങളുടെ അടി സ്ഥാനത്തിൽ തന്റെ വിഷയം വികസിപ്പിക്കുകയും വിശദീകരി ക്കുകയും ചെയ്തു. ശ്രോതാക്കൾ അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാ നം കേട്ടു മാന്ത്രികശക്തിയാലെന്ന പോലെ വശീകൃതരായി.

പ്രസ്തുത സമ്മേളനത്തിലെ ശ്രോതാക്കളിൽ പ്രശസ്ത മത പണ്ഡിതനും ബീഹാറിലെ ഭാഗൽ പൂർ സ്വദേശിയും ഇസ്‌ലാമിക പ്രചാരകനുമായ മൗലവി ഹസ്സൻ അലി സാഹിബുമുണ്ടായിരുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ പ്രഭാഷണം അദ്ദേഹ ത്തിലുളവാക്കിയ പ്രഭാവവും സ്വാധീനവും എത്രമാത്രമായിരുന്നു വെന്നതിനെ കുറിച്ചു മൗലവി ഹസൻ അലി സാഹിബ് തന്നെ പറയുകയാണു. 1893ൽ എനിക്കു അഞ്ചുമൻ ഹിമായത്തുൽ ഇസ്‌ലാമി ന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുവാനും അവിടെ വച്ചു വിശുദ്ധ ഖുർആന്റെ സുപ്രസിദ്ധ വ്യാഖ്യാതാവായ മൗലവി നൂറുദ്ദീൻ സാഹിബിനെ കാണുവാനും അദ്ദേ ഹത്തിന്റെ പ്രസംഗം കേൾക്കുവാ നുമുള്ള ഭാഗ്യമുണ്ടായി. ഈ കാര്യത്തിൽ അദ്ദേഹത്തിനു തുല്യ നായി ഇന്ത്യയിലെന്നല്ല വിദൂര ദേശങ്ങളിൽ പോലും ആരും ഇല്ല. 1887 ൽ ഞാൻ പഞ്ചാബ് സന്ദർശി ച്ചപ്പോഴും അദ്ദേഹത്തെ കുറിച്ചുള്ള സ്തുതികൾ ഞാൻ ധാരാളം കേട്ടിരുന്നു. ഈ സമ്മേളനത്തിൽ അദ്ദേഹം ചില ഖുർആൻ വചനങ്ങൾ ഓതിയ ശേഷം അതിന്റെ വ്യാഖ്യാനം കേൾപ്പിച്ചു. അദ്ദേഹത്തിന്റെ ആ പ്രഭാഷണം എന്നെ എത്രമാത്രം സ്വാധീനിച്ചു വെന്നു പറയുവാൻ എനിക്കു വാക്കുകളില്ല. അദ്ദേഹം തന്റെ പ്രസംഗം പൂർത്തിയാക്കിയപ്പോൾ ആ നിറഞ്ഞ സദസ്സിൽ എഴുന്നേറ്റു നിന്നു, ഇത്രയും മഹാനായ ഒരു ഖുർആൻ വ്യാഖ്യാതാവിനെ എനി ക്കെന്റെ സ്വന്തം കണ്ണുകൾ കൊണ്ട് നേരിൽ കാണുവാൻ സാധിച്ചതിൽ അഭിമാനം കൊള്ളുന്നുവെന്നും നമ്മുടെ ഇടയിൽ ഇത്രയും മഹാനായ ഒരു പണ്ഡിതൻ ഉണ്ട് എന്നതിൽ നാം മുസ്‌ലിംകൾ എല്ലാവരും അഭിമാനം കൊള്ളേണ്ട താണെന്നും പറഞ്ഞു.

മൗലവി ഹസൻ അലി സാഹി ബ് തുടർന്നു പറയുകയാണ്. മൗലവി നൂറുദ്ദീൻ സാഹിബുമായി കൂടിക്കാഴ്ച നടത്താൻ ഞാൻ വളരെ ഉത്സുകനായിരുന്നു. പക്ഷേ, അദ്ദേഹം എന്റെ അടുക്കൽ വന്നു കൊണ്ട് എന്നെ ബഹുമാനിച്ചു. സംഭാഷണത്തിന്നിടയിൽ ഞാൻ ചോദിച്ചു താങ്കൾ ഹദ്റത്ത് മിർസാ സാഹിബിനു ബൈഅത്തു ചെയ്തി രിക്കുകയാണല്ലോ. അതിലൂടെ താങ്കൾ എന്തു നേട്ടമാണു കൈ വരിച്ചതെന്നു പറയാമോ? അദ്ദേഹം

പറഞ്ഞു എന്നിലുണ്ടായിരുന്ന ഒരു പാപത്തിൽ നിന്നും മോചനം നേടാൻ ഞാൻ കുറേ നാളായി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, സാധിച്ചില്ല. ഞാൻ ഹദ്റത്ത് മിർസാ സാഹിബിൽ ബൈഅത്തു ചെയ്ത ശേഷം മാത്രമാണു ഞാനതിൽ വിജയിച്ചത്. മാത്രവുമല്ല എനിക്കാതിനോടു കടുത്ത വെറുപ്പും തോന്നിത്തുടങ്ങി. ഹസൻ അലി സാഹിബ് പറയുകയാണു അദ്ദേഹം എന്നോടു ഹദ്റത്ത് മിർസാ സാഹിബിന്റെ അത്ഭുത ദൃഷ്ടാന്തങ്ങളും പ്രവചനങ്ങളുമാണു വിവരിച്ചതെങ്കിൽ അതെന്നിൽ ഒരു ചലനവും സൃഷ്ടിക്കുമായിരുന്നില്ല. എന്നാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. പിന്നീട് കുറച്ചു നാളുകൾക്കു ശേഷം മൗലവി ഹസൻ അലി സാഹിബ് ഖാദിയാൻ സന്ദർശിക്കുകയും ഹദ്റത്ത് മസീഹ് മൗഊദു (അ) മായി കൂടിക്കാഴ്ച നടത്തുകയും ഖാദിയാനിൽ അൽപം തങ്ങുകയും ചെയ്ത ശേഷം ബൈഅത്തു ചെയ്യുകയും അഹ്മദിയ്യാ ജമാഅത്തിലെ ആത്മാർത്ഥതയും അർപണ ബോധവുമുള്ള ഒരാളായി മാറുകയും ചെയ്തു. അതിനു ശേഷം അദ്ദേഹത്തിന്റെ പ്രബോധനങ്ങളും സദുപദേശങ്ങളും ശ്രവിച്ചു നിരവധി ആളുകൾ അഹ്മദിയാ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി.

1901 ഫെബ്രുവരിയിൽ ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ലാഹോറിലൂടെ പോവുകയായിരുന്നു. സന്ധ്യ കഴിഞ്ഞ ആ സമയത്ത് അവിടെ ഒരിടത്തു വലിയൊരു യോഗം നടക്കുന്നുണ്ടായിരുന്നു. അതിന്റെ സംഘാടകർ മൗലവി സാഹിബിനെ കണ്ടപ്പോൾ ആ വലിയ സദസ്സിനെ അഭിമുഖീകരിച്ചു സംസാരിക്കുവാനായി ക്ഷണിച്ചു. മൗലവി സാഹിബ് ക്ഷണം സ്വീകരിച്ചു കൊണ്ട് വിശുദ്ധ ഖുർആനിലെ യാഥാർഥ്യങ്ങളുടേയും സത്യത്തിന്റേയും അടിസ്ഥാനത്തിൽ ദൈവസ്തിക്യത്തെക്കുറിച്ചു ഒരു പ്രസംഗം നടത്തി. ഈ യോഗത്തിൽ പങ്കെടുക്കാനായി വരുമ്പോൾ ജമാഅത്തിലെ ഒരംഗം റെയിവേയിൽ ക്ലർക്കായ ജലാലുദ്ദീൻ എന്നു പേരുള്ള തന്റെ സ്നേഹിതനേയും കൂട്ടിയാണു വന്നിരുന്നത്. ജലാലുദ്ദീൻ ഒരു ഉറച്ച നാസ്തികനായിരുന്നു. മൗലവി സാഹിബിന്റെ പ്രസംഗം എല്ലാവരും വളരെ ശ്രദ്ധാപൂർവം ശ്രവിച്ചു. പ്രസംഗം അവസാനിക്കുമ്പോൾ അർദ്ധ രാത്രി കഴിഞ്ഞു സമയം ഒന്നരയായി. അതിനു ശേഷമാണു എല്ലാവരും പിരിഞ്ഞു പോയത്. പിറ്റെ ദിവസം ജലാലുദ്ദീൻ തന്റെ അഹ്മദിയായ സുഹൃത്തിനോടു പറഞ്ഞു ഞാൻ ഇതുവരെയുള്ള എന്റെ അവിശ്വാസത്തിൽ നിന്നും പശ്ചാത്തപിച്ചു സർവ ശക്തനായ ദൈവത്തിൽ വിശ്വസിച്ചിരിക്കുകയാണ്. മൗലവി നൂറുദ്ദീൻ സാഹിബ് ഒരൊറ്റ രാത്രി കൊണ്ട് എന്റെ എല്ലാ ചിന്താഗതികളേയും വിശ്വാസത്തേയും മാറ്റിമറിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ വാദഗതികളെ അംഗീകരിക്കുകയല്ലാതെ ഒരാൾക്കും ഖണ്ഡിക്കാനാവുകയില്ല.

1902 ൽ ഒരു ഹിന്ദു യുവാവ് ഖാദിയാനിൽ വരികയും ഇസ്ലാം ആശ്ലേഷിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്ലാമിക പ്രമാണങ്ങളേയും തത്വങ്ങളേയും കുറിച്ചു ആ യുവാവിനു പറഞ്ഞു കൊടുക്കാൻ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെയാണു ഭരമേൽപിച്ചത്. അദ്ദേഹം ആ യുവാവിനു പറഞ്ഞു കൊടുത്ത കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. ഇസ്ലാം എന്നത് പ്രധാനമായും മൂന്നു കാര്യങ്ങളാണു. എല്ലാറ്റിനേയും നിയന്ത്രിക്കുന്ന സൃഷ്ടാവ് ഏകനാണെന്നതാണു ഒന്നാമത്തെ കാര്യം. അവനു മുന്നിലല്ലാതെ സാഷ്ടാംഗ പ്രണാമം മറ്റാരുടെ മുന്നിലും ചെയ്യാൻ പാടില്ല. അവനു വേണ്ടിയല്ലാതെ വ്രതാനുഷ്ടാനമില്ല. അവന്റെ പേരിലല്ലാതെ ഒരു മൃഗത്തേയും ബലി കഴിക്കാൻ പാടില്ല. കാരണം അവൻ മാത്രമാണു എല്ലാ ജീവജാലങ്ങളുടെയും ഉടമസ്ഥൻ. അവനു വേണ്ടിയല്ലാതെ പ്രദക്ഷിണം പാടില്ല. എല്ലാ ആശയും ആശങ്കയും അവനെ കേന്ദ്രീകരിച്ചായിരിക്കണം ഉണ്ടാവേണ്ടത്. ഇതാണു അല്ലാഹുവല്ലാതെ വേറെ ദൈവമില്ലെന്നു പറഞ്ഞതിന്റെ അർഥം. എല്ലാ വേദനയും ആശ്വാസവും ആവശ്യപൂർത്തീകരണവും അവന്റെ നിയന്ത്രണത്തിലാണ്. എല്ലാ പ്രാർഥനകളും അവനോടാണു ചെയ്യേണ്ടത്. ഈ കാര്യങ്ങളിലുള്ള ആത്മാർഥവിശ്വാസമാണു മുസ്‌ലിമാവുക എന്നതിന്റെ അർഥം. ഇതിനു യാതൊരു വിധത്തിലുള്ള ചടങ്ങുകളോ മാമോദീസയോ ഇല്ല.

അടുത്ത ഘട്ടം മുഹമ്മദ് (സ) അല്ലാഹുവിന്റെ പ്രവാചകനും ദൂതനുമാണെന്നു വിശ്വസിക്കലാണു. ആ പുണ്യാത്മാവ് ഈ ലോകത്തേയ്ക്കു അയക്കപ്പെട്ടതു അല്ലാഹുവിന്റെ പ്രതാപവും പരിശുദ്ധിയും സ്തുതിയും വെളിപ്പെടുത്തുന്നതിനും അതു ജനങ്ങളെ പഠിപ്പിക്കുവാനുമാണു. ഇതാണു ഇസ്ലാമിന്റെ രണ്ടാമത്തെ മൂലപ്രമാണം. അതായത് മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണു. ഇസ്ലാമിന്റെ മൂന്നാമത്തെ മൂലപ്രമാണം സമസ്ത സൃഷ്ടികളുടെ ക്ഷേമവും ഉയർച്ചയും ഉറപ്പുവരുത്തുക എന്നതാണ്. ഇതിനു പുറമെ ഒരു മുസ്‌ലിം അല്ലാഹുവിന്റെ മലക്കുകൾ പ്രവാചകന്മാർ ഗ്രന്ഥങ്ങൾ കൂടാതെ എല്ലാകാര്യങ്ങൾക്കും പ്രതിഫലമുണ്ടെന്നും വിശ്വാസിക്കണം.

ഇതെല്ലാം വിശ്വാസകാര്യങ്ങളാണ്. ഇതു കൂടാതെ നമസ്ക്കാരം, റമസാനിലെ നോമ്പ്, പാവങ്ങളുടേയും ആവശ്യക്കാരുടേയും ഉന്നമനത്തിനായി സക്കാത്ത് നൽകൽ, സാദ്ധ്യമെങ്കിൽ മക്കയിൽ പോയി ഹജ്ജ് നിർവഹിക്കൽ എല്ലാം തന്നെ ഒരു മുസ്‌ലിമിന്റെ കടമയും ബാദ്ധ്യതയുമാണ്. ചുരുക്കത്തിൽ ഇസ്ലാം എന്നു പറഞ്ഞാൽ നിഷ്കപടവും ആത്മാർഥവുമായ വിശ്വാസമാണു.

ഇത്തരത്തിൽ ആത്മാർഥ വിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസ മനുസരിച്ചു ജീവിക്കുന്നവനുമാണു മുസ്‌ലിം. അതിനാൽ അല്ലാഹു വല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നും മുഹമ്മദ് (സ) അവന്റെ ദൂതനാണെന്നും നിങ്ങൾ അടിയുറച്ചു വിശ്വസിക്കണം. ആചാരപരമായ ചടങ്ങുകൾ ഒന്നും ഇല്ലെങ്കിലും നിങ്ങൾ കൃത്യമായി കുളിക്കുകയും അല്ലാഹുവിനോടു ഇങ്ങനെ ദുആ ചെയ്യുകയും വേണം. അല്ലാഹുവേ ഞാനെന്റെ ശരീരം കഴുകി വൃത്തിയാക്കിയിരിക്കുന്നു. അതിനാൽ നീ എന്റെ ആന്തരികാവസ്ഥയും വൃത്തിയാക്കേണമേ. അതുപോലെ നിങ്ങൾ നിങ്ങളുടെ എല്ലാ അലസതയും മടിയും കൈവെടിഞ്ഞുവെന്ന സൂചനയായി വസ്ത്രങ്ങളും മാറുകയും ചെയ്യണം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ യുവാവിനു അബ്ദുല്ലാഹ് എന്നു പേരിട്ടു. അദ്ദേഹം വളരെ ഉൽസാഹത്തോടും ശുഷ്കാന്തിയോടും കൂടി നൂർ ആശുപത്രിയിൽ വർഷങ്ങളോളം ജോലി ചെയ്തിരുന്നു. അദ്ദേഹം ഡോക്റ്റർ അബ്ദുല്ലാഹ് എന്ന പേരിലാണു അറിയപ്പെട്ടിരുന്നത്. സാത്വികനും ഭക്തനുമായി ജീവിച്ചു കൊണ്ട് അദ്ദേഹം മാതൃക കാണിക്കുകയും വളരെ ജനസമ്മതിയാർജിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

## ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) 1903..1904 കാലഘട്ടത്തിൽ കറംദീനുമായുള്ള കേസ്സിന്റെ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടൊപ്പം ഗുർദാസ്പൂരിലേക്ക് പോകാറുണ്ടായിരുന്നു. ആ അവസരത്തിലുള്ള ഒരു സംഭവം ഇപ്പോൾ റബ്വയിൽ താമസിക്കുന്ന ജനാബ് മലിക്ക് ബശീർ അലി സാഹിബ് കുഞ്ചാഹി ഇങ്ങനെ വിവരിക്കുന്നു.

ഞാൻ ഹൈദ്രാബാദ് ദക്കനിൽ പതിമൂന്നു വർഷത്തോളം താമസിച്ചിരുന്നു. അവിടെ കരാർ ജോലികളായിരുന്നു ചെയ്തുകൊണ്ടിരുന്നത്. എനിക്കപ്പോൾ ശേഖ് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി (റ) യുമായി വളരെ ഗാഢമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഞങ്ങൾ രണ്ടുപേരും ദീർഘകാലം ഒന്നിച്ച് താമസിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ ഇർഫാനി സാഹിബ് (റ) ഒരു സംഭവം വിവരിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) കേസ്സിന്നായി ഗുർദാസ്പൂർ പോയിരുന്ന അവസരത്തിൽ ഖാദിയാനിലായിരുന്ന ഇർഫാനി സാഹിബിനോടും ഹദ്റത്ത് മൗലവി ഹക്കിം നൂറുദ്ദീൻ സാഹിബിനോടും ഉടൻ ഗുർദാസ്പൂരിലെത്താൻ ഒരാൾ വശം സന്ദേശമയച്ചു. ഇർഫാനി സാഹിബ് (റ) പറയുകയാണ്, അങ്ങിനെ ഞങ്ങൾ രണ്ടുപേരും ഉച്ചക്ക് രണ്ടു മണിയോടെ ഒരു കുതിര വണ്ടിയിൽ ബട്ടാലക്ക് പുറപ്പെട്ടു. ആ അവസരത്തിൽ ഞാനാലോചിച്ചു. മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്, താൻ ഏത് ഘോരവനത്തിലാണെങ്കിൽ പോലും അല്ലാഹു എനിക്ക് ആഹാരം എത്തിച്ചുതരുമെന്നും എന്നെ പട്ടിണിക്കിടുകയില്ലെന്നും അല്ലാഹു എന്നോട് വാഗ്ദാനം, ചെയ്തിരിക്കുകയാണെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു.

ഇന്ന് ഞങ്ങളാണെങ്കിൽ അസമയത്താണ് യാത്ര പുറപ്പെട്ടത്. അതുകൊണ്ട് ഇന്ന് രാത്രി അദ്ദേഹത്തിനുള്ള ഭക്ഷണത്തിന്റെ ഏർപ്പാട് എങ്ങിനെ ആയിരിക്കുമെന്ന് കാണാമല്ലോ എന്ന് ഞാൻ മനസ്സിൽ കരുതി. ബട്ടാലയിൽ പ്രാദേശിക ജമാഅത്ത് ഒരു ചെറിയ വീട് അതിഥി മന്ദിരമാക്കി വെച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും അവിടെചെന്നു. അവിടെയുള്ള ഒരു കട്ടിലിൽ മൗലവി സാഹിബ് കിടന്നു പുസ്തക പാരായാണം തുടങ്ങി. അപ്പോൾ ഏകദേശം വൈകുന്നേരം ഒരു ആറു മണിയായി കാണും. പെട്ടെന്നു അപരിചിതനായ ഒരാൾ വന്നു മൗലവി നൂറുദ്ദീൻ സാഹിബ് ഇവിടെ വന്നതായി ഞാൻ കേട്ടിരിക്കുന്നു. അദ്ദേഹം എവിടെയാണുള്ളത് എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു, ഇതാ ഈ കട്ടിലിൽ കിടക്കുന്ന ആൾ തന്നേയാണ് മൗലവി നൂറുദ്ദീൻ സാഹിബ്. അപ്പോൾ അയാൾ മൗലവി സാഹിബിനോടു വളരെ ആദരവോടെ പറഞ്ഞു, എന്റെ ഒരപേക്ഷയുണ്ട്. ഇന്ന് വൈകുന്നേരത്തെ ഭക്ഷണം എന്റെ വകയായിരിക്കും. ദയവ് ചെയ്ത് അത് സ്വീകരിക്കണം. ഞാൻ റെയിൽവെയിൽ കരാർ ജോലി ചെയ്യുന്ന ആളാണ്. എനിക്ക് ഇപ്പോൾ തന്നെ അമൃതസറിലേക്ക് പോകാനുണ്ട്. എന്റെ തീവണ്ടി പുറപ്പെടാൻ ഒരുങ്ങി ഇരിപ്പുണ്ട്. എന്റെ ഭൃത്യൻ അങ്ങേയ്ക്കുള്ള ഭക്ഷണം സമയത്ത് കൊണ്ടു വരുന്നതായിരിക്കും. മൗലവി സാഹിബ് പറഞ്ഞു, ശരി, അങ്ങിനെ ആയിക്കോട്ടെ. വൈകീട്ട് അയാളുടെ വേലക്കാരൻ വിഭവ സമൃദ്ധമായ ഭക്ഷണവുമായി എത്തി. ഞങ്ങൾ രണ്ടുപേരും തൃപ്തിയാകുവോളം കഴിച്ചു. ഇർഫാനി സാഹിബ് പറയുകയാണ്, മൗലവി സാഹിബ് പറയാറുള്ളത് പോലെ തന്നെ ശരിക്കും കാര്യങ്ങൾ നടന്നുവല്ലോ, വാഗ്ദാനം പോലെ തന്നെ അല്ലാഹു ഭക്ഷണം കൊടുത്തയച്ചുവല്ലോ എന്ന് ഞാൻ മനസ്സിൽ പറഞ്ഞു.

അവിടെ നിന്നുള്ള തീവണ്ടി രാത്രി പത്ത് മണിക്കാണ്. ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു, രാത്രി ആയിത്തുടങ്ങിയിരിക്കുന്നു. ഒരു പക്ഷേ, വൈകിയാൽ സാധനങ്ങൾ ചുമക്കാൻ കൂലിക്കാരെ കിട്ടുകയില്ല, അതുകൊണ്ട് ഇപ്പോൾ തന്നെ ഒരു കൂലിക്കാരനെ വിളിച്ച് സ്റ്റേഷനിൽ പോകാം. അവിടെ വെയ്റ്റിംങ്ങ് റൂമുണ്ട്. അവിടെ വിശ്രമിക്കുകയും ചെയ്യാം. മൗലവി സാഹിബ് പറഞ്ഞു ശരി അങ്ങനെ ചെയ്യാം. ഞങ്ങൾ കൂലിയെ വിളിച്ച് രണ്ട് പേരും സാധനങ്ങളുമായി ബട്ടാല സ്റ്റേഷനിലെത്തി. ഞങ്ങളുടെ വണ്ടി രാത്രി പത്ത് മണിക്ക് ശേഷമാണ് അവിടെ നിന്നു

ശേഷം പേജ് 40 ൽ

# യുദ്ധവും അടിമത്വവും

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് മാനവസമതയെ സംബന്ധിച്ച് ഇസ്ലാം മുന്നോട്ട്‌വെച്ച നിസ്തുല സങ്കൽപങ്ങളാണ് അടിമത്വം ചരിത്രത്തിൽ നിന്നും തുടച്ചു നീക്കാൻ കാരണമായത്.

സർ സഫറുല്ലാഹ് ഖാൻ

അടിമ വ്യവസ്ഥയുടെ നേരേയുള്ള ചരിത്രപരമായ സമീപനങ്ങളെ വിവരിക്കാൻ ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിച്ചിട്ടില്ല. എന്നാൽ അടിമ വ്യവസ്ഥയോടുള്ള ഇസ്ലാമിന്റെ നിലപാട് എന്തെന്ന് ശരിക്കും ഗ്രഹിക്കുന്നതിന് ഇസ്ലാമിന്ന് മുമ്പ് പ്രാചീന അറേബ്യയിൽ ഈ സമ്പ്രദായം സർവ്വത്ര നടമാടിയിരുന്നപ്പോൾ ഉണ്ടായിരുന്ന അവസ്ഥകളിലേക്കും അതിന്റെ പ്രത്യാഘാതങ്ങളിലേക്കും ഒന്ന് കണ്ണോടിക്കുകയും അതോടൊപ്പം ഈ സമ്പ്രദായത്തെ ഉന്മൂലനം ചെയ്യുന്നതിന്നും മാറ്റുന്നതിന്നും പരിഷ്ക്കരിക്കുന്നതിന്നും ഇസ്ലാം എത്രത്തോളം ശ്രമിച്ചിട്ടുണ്ടെന്ന് പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമത്രേ.

ഇസ്ലാമിന്ന് മുമ്പ് അറേബ്യയിൽ അടിമ സമ്പ്രദായം അനിയന്ത്രിതമായ തരത്തിൽ പ്രചരിച്ചിട്ടുണ്ടായിരുന്നു. അടിമയുടെ ജീവിതമാകട്ടെ അങ്ങേയറ്റം ദുരിതപൂർണ്ണമായിരുന്നു. ഒരടിമ ജീവിക്കണമോ മരിക്കണമോ എന്ന് തീരുമാനിക്കേണ്ട അവകാശം ഉടമക്കായിരുന്നു. സ്ഥിതി ഇപ്രകാരം തന്നെയാണെങ്കും എന്ന യാഥാർത്ഥ്യം ഈ യാതനകൾക്ക് പാത്രീഭവിച്ചു വന്നവരുടെ അവകാശങ്ങൾ തെല്ലെങ്കിലും സഹനീയമാക്കി തീർത്തിരുന്നുമില്ല.

യുദ്ധത്തിലോ ഗോത്ര സംഘട്ടനത്തിലോ പിടിക്കപ്പെടുന്നവരാണ് അടിമകളെന്നോണം അധീനതയിൽ വെക്കപെട്ട് പോന്നിരുന്നത്. യുദ്ധ തടവുകാരുടെയും സ്ഥിതി മറിച്ചല്ല. കൈമാറ്റം ചെയ്യപെടുകയോ മോചന മൂല്യത്തിന്മേൽ സ്വതന്ത്രരാക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തവർ പൊതുവേ വധിക്കപ്പെട്ടിരുന്നുവെങ്കിലും വധത്തിൽ നിന്ന് രക്ഷപ്പെട്ടവർ അടിമകളാക്കപ്പെടുകയാണ് ചെയ്തിരുന്നത്.

അടിമകളെ പിടിച്ചെടുക്കുന്നതിന്ന് വേണ്ടി അഴിച്ചുവിടുന്ന ആക്രമണങ്ങളെ ഇസ്ലാം പാടെ നിരോധിക്കുകയും അക്രമണപരമായ യുദ്ധങ്ങളെ തന്നെ നിയമ വിരുദ്ധമാക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധപരമായ യുദ്ധങ്ങളിൽ പിടിക്കപെട്ട തടവുകാരുടെ കാര്യം അംഗീകരിക്കേണ്ടിവന്നതിനാൽ അവരുടെ നില മെച്ചപ്പെടുത്തുന്നതിന്ന് പല വ്യവസ്ഥകളും അത് നിശ്ചയിച്ചിരിക്കുന്നു. അതുവഴി അത്തരം തടവുകാരോട് മനുഷ്യസ്നേഹപരമായും ഉദാരമായും പെരുമാറുവാൻ അത് നിഷ്ക്കർഷിക്കുകയും ചില മൂല്യങ്ങളും മാനദണ്ഡങ്ങളും മുമ്പോട്ട് വെക്കുകയും ചെയ്തിരിക്കുന്നു. അവ പൂർണ്ണമായും അനുവർത്തിക്കുന്ന കാര്യത്തിൽ ഉറച്ചു നിന്നിരുന്നുവെങ്കിൽ താരതമ്യേന വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ അടിമ വ്യവസ്ഥ വിപാടനം ചെയ്യാൻ സാധിച്ചിട്ടുണ്ടാകുമായിരുന്നു.

അടിമ വ്യാപാരത്തോട് നബി തിരുമേനിയുടെ മനോഭാവം എന്തായിരുന്നുവെന്ന് വളരെ പ്രസിദ്ധമാണ്. ഒരു വലിയ ധനാഢ്യയായിരുന്നു ഖദീജ(റ) തിരുനബി (സ)യുമായുള്ള വിവാഹ ബന്ധത്തിന്ന് ശേഷം തിരുമേനിക്ക് സ്വന്തമായിയൊന്നും അവകാശപ്പെടാനില്ലായിരുന്നപ്പോൾ തന്നെ (ദൈവനിയോഗ വാദത്തിന്ന് 5 കൊല്ലം മുമ്പാണിത്) തന്റെ സകല സ്വത്തുക്കളും തിരുനബി(സ) യുടെ പദാരവിന്ദങ്ങളിൽ സമർപ്പിക്കുകയുണ്ടായി. അവരുടെ സ്വത്തിൽ വലിയ ഒരു ഭാഗം നബി (സ) പാവങ്ങളിൽ വിതരണം ചെയ്യുകയും അവരുടെ എല്ലാ അടിമകളെയും സ്വതന്ത്രരാക്കുകയുമാണുണ്ടായത്. അടിമകളിൽ സൈദ് എന്ന ചെറുപ്പക്കാരൻ തിരുമേനിയോടൊപ്പം കഴിഞ്ഞു കൂടിയിരുന്നതിനും തിരുമേനിക്ക് സേവനങ്ങളർപ്പിക്കാനും സ്വമേധയാ തീരുമാനിച്ചു. കുറച്ച് കാലത്തിന്ന് ശേഷം സൈദിന്റെ പിതാവും പിതൃവ്യനും മോചനമൂല്യം നൽകി സൈദിനെ വീണ്ടെടുക്കാൻ വേണ്ടി മക്കത്തെത്തി ചേർന്നു. സൈദ് പരിപൂർണ്ണനായും സ്വതന്ത്രനാണെന്നും ഇഷ്ടമാണെങ്കിൽ സൈദിനെ കൂട്ടിക്കൊണ്ട് പോകാമെന്നും തിരുമേനി (സ) വ്യക്തമാക്കുകയുണ്ടായെങ്കിലും സൈദ് സ്വപിതാവിന്റെ

യും പിതൃവ്യന്റെയും കൂടെ പോകാൻ വിസ്സമ്മതിക്കുകയും, ഉറ്റ ബന്ധുക്കളോടൊപ്പം സ്വന്തം ഗൃഹത്തിൽ കഴിഞ്ഞു കൂടുന്നതിലുപരിയായ സന്തോഷം തനിക്ക് തിരുമേനി(സ)യുടെ സ്ന്നിധിയിൽ അനുഭവപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുകയുമാണുണ്ടായത്. പിന്നീട് തിരമേനി(സ) തന്റെ പിതൃവ്യപുത്രിയായിരുന്ന സൈനബ് ബിന്ത് ജഹശിനെ സൈദിന്ന് വിവാഹം ചെയ്ത് കൊടുത്തു. ആ ബന്ധം ഏറെക്കഴിയുന്നതിന്ന് മുമ്പ് തന്നെ വിവാഹ മോചനത്തിൽ കലാശിക്കുകയാണുണ്ടായതെങ്കിലും സൈദ് പിന്നെയും തിരുമേനി(സ)യുടെ ഭക്തശിഷ്യനായി തുടരുകയും ചെയ്തു. സൈദിന്റെ മരണ ശേഷം അദ്ദേഹത്തിന്റെ പുത്രൻ ഉസാമയോടും നബി തിരുമേനി (സ) അതിരറ്റ വാത്സല്യമാണ് പുലർത്തിയത്. രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് ഉമറി(റ)ന്റെ കാലത്ത്, അദ്ദേഹത്തിന്റെ മകൻ അബ്ദുല്ല, തന്റെ പിതാവായ ഖലീഫയോട് ഒരിക്കൽ ചോദിക്കുകയുണ്ടായി. തന്റെ പിതാവ് ഇസ്ലാമിന്ന്വേണ്ടി ഉസാമയെക്കാൾ എത്രയോ അധികം പ്രശ്സ്തമായ സേവനങ്ങളനുഷ്ഠിച്ചിട്ടും തന്നെക്കാളധികം ഒരു പ്രത്യേക കാര്യത്തിന് വേണ്ടി ഉസാമക്ക് സ്ഥാനം നൽകിയതെന്തേ എന്ന്. ഉമർ (റ) അതിന്നുത്തരം നൽകിയത് ഇപ്രകാരമായിരുന്നു: 'ഉസാമായും ഉസാമായുടെ പിതാവും നബി തിരുമേനി(സ)ക്ക് നിന്നേക്കാളും നിന്റെ പിതാവിനേക്കളും പ്രിയപ്പെട്ടവരായിരുന്നത് തന്നെയാണ് മകനെ അതിന്ന് കാരണം.'

ജീവിതത്തിലൊരിക്കലും നബി (സ) ഒരു അടിയെ വെച്ചു പുലർത്തിയിരുന്നില്ല. അടിമ വ്യവസ്ഥിതിയും അതിനെ താങ്ങിനിർത്തുന്ന എല്ലാം തന്നെ നബി (സ) യെ സംബന്ധിച്ചേടത്തോളം അറപ്പുളവാക്കുന്ന തിന്മകളായിരുന്നു.

അക്കാലത്തെ ജീവിത നിലവാരം (കൃസ്തു വർഷം 7-ാം നൂറ്റാണ്ടിന്റെ തുടക്കം) ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ മേലുള്ള നിയന്ത്രണാധികാരങ്ങളെ പാടെ തുടച്ചു നീക്കാൻ അനുവദിച്ചിരുന്നില്ലെന്നതാണ് പരമാർത്ഥം. എങ്കിലും ഈ നിയന്ത്രണത്തിന്റെ കാഠിന്യവും അത്തരം യാദൃശ്ചിക സംഭവങ്ങളുടെ ആവർത്തനവും പരിമിതപ്പെടുത്താനും ഏറെക്കുറെ സഹനീയമാക്കി ചെയ്യാനും സഹായകമായ വിധത്തിൽ ഇസ്ലാം ആ നിയന്ത്രണങ്ങളെ ചില ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമാക്കി തീർക്കുകയുമുണ്ടായി. അത് എല്ലായിടത്തും ഒരു പോലെ ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കിയിരുന്നില്ലെന്നിരിക്കിലും ഇസ്ലാമിലെ ഇത്തരം നിയന്ത്രണങ്ങളെല്ലാം തന്നെ യുദ്ധത്തിൽ നിന്നാണ് രൂപം കൊണ്ടിരുന്നതെന്ന് ഉറപ്പിച്ചു പറയാവുന്നതാണ്.

മക്കാ പ്രവാസ കാലത്ത് (610-622) ഖുറൈഷികളുടെ അവഹേളനങ്ങൾക്കും ഭൽസനങ്ങൾക്കും പാത്രീഭൂതനാവുകയും പിന്നീട് അവരുടെ ക്രൂരവും നിരന്തരവുമായ ദ്രോഹങ്ങൾക്ക് ഇരയായിത്തീരുകയും ചെയ്തപ്പോൾ തിരുനബി(സ)യും സഖാക്കളും അതിനെ മാന്യമായ രീതിയിലും സ്ഥിരചിത്തമായും ചെറുത്തു പോന്നു. എത്രകടുത്ത പ്രകോപനങ്ങളുണ്ടായിട്ടും സമാധാന വാഞ്ചയും നിയമ വാഴ്ച്ചയോട് ബഹുമാനവുമുള്ള ഉത്തമ പുരുഷനെന്ന നിലയിൽ അവർ പ്രമുഖ ഖുറൈഷി തലവന്മാരുടെ കുടുംബ തലവന്മാരുടെതായ അന്നത്തെ ഭരണ സംവിധാനത്തിന്ന് കീഴിൽ മാന്യമായ നിലയിൽ ഒരുതുങ്ങിക്കഴിയുകയാണ് ചെയ്തിരുന്നത്.

തിരുനബി (സ) മക്കയിൽ നിന്ന് പുറത്ത് പോകാൻ നിർബന്ധിതനാവുകയും മദീനയിലേക്ക് പുറപ്പെടുകയും ചെയ്തപ്പോൾ (തന്റെ മിക്കവാറും എല്ലാ അനുയായികളും അപ്പോഴേക്കും മദീനയിൽ എത്തിയിരുന്നു) അവിടെ മുസ്ലിംകൾ മാത്രമല്ല (മക്കയിൽ നിന്നും എത്തിയവരും മദീനാ നിവാസികളുമായ മുസ്ലിംകൾ) അമുസ്ലിംകളായ അറബികളും യഹൂദന്മാർ പോലും അദ്ദേഹത്തിന്റെ വരവിനെ കൊണ്ടാടുകയാണ് ചെയ്തിരുന്നത്. അവർ ഉടൻ തന്നെ തിരുമേനിയെ മദീനയിലെ തലവനായി അഭിഷേകം ചെയ്യാൻ സന്നദ്ധരായി. നഗരത്തിന്റെ കാര്യാദികൾ നടത്തുന്നതിന്നുള്ള നിയമാവലികളും ചട്ടങ്ങളും ഉൾക്കൊള്ളുന്ന ഒരു തിട്ടൂരം തയ്യാറാക്കപ്പെടുകയും ചെയ്തു.

എന്നാൽ തിരുമേനി(സ)യേയും ശിഷ്യരായ മുസ്ലിംകളേയും മദീനയിലും സമാധാനത്തോടെ ജീവിക്കാൻ അവിശ്വാസികൾ അനുവദിച്ചില്ല. തിരുനബി(സ)യെ മക്കയിലേക്ക് തിരിച്ചയക്കണമെന്ന് ആദ്യം മക്കക്കാർ ആവശ്യപ്പെട്ടു. ഈ ആവശ്യം തിരസ്ക്കരിക്കപ്പെട്ടപ്പോൾ നബി(സ)യെ കീഴടങ്ങുവാൻ നിർബന്ധിക്കുന്നതിന് ഒരു സുശക്തമായ സൈന്യത്തെ അയക്കുവാൻ ഒരുക്കം കൂട്ടുകയാണ് അവർ ചെയ്തത്.

ഈ ഘട്ടത്തിലാണ് വ്യക്തി സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് വേണ്ടി ആയുധമെടുത്തു കൊള്ളുവാനുള്ള ദിവ്യാനുമതി മുസ്ലിംകളൾക്ക് ലഭിച്ചത്.

***യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടവർക്ക് യുദ്ധം ചെയ്യാനുള്ള അനുവാദം നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ ദ്രോഹിക്കപ്പെട്ടിരിക്കുന്നവരത്രെ-അവരെ സഹായിക്കുവാൻ അല്ലാഹു നിശ്ചയമായും കഴിവുള്ളവനാണ്- ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്-എന്ന് പറഞ്ഞതിന്നു മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്നും അന്യായമായി അടിച്ചോടിക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് തടഞ്ഞു കൊള്ളില്ലായിരുന്നുവെങ്കിൽ കനീസകളും ദേവാലയങ്ങളും അല്ലാഹുവിന്റെ നാമങ്ങളെ അധികമായി***

***അനുസ്മരിക്കപ്പെടുന്ന പള്ളികളും തീർച്ചയായും അവർ നശിപ്പിക്കുമായിരുന്നു. അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കുന്നവനാകുന്നു. അല്ലാഹു നിശ്ചയമായും ശക്തിവാനും പ്രതാപശാലിയുമത്രെ. ഭൂമിയിൽ നാം അധിവസിപ്പിക്കുന്ന പക്ഷം കൃത്യമായി നമസ്ക്കാരമനുഷ്ഠിക്കുകയും സകാത്ത് നൽകുകയും നന്മയെ ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ഈ അനുവാദം നൽകപ്പെട്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളിലും അല്ലാഹു വത്രെ അന്തിമ വിധികർത്താവ് (22: 40-42)***

അക്രമണത്തെ അവസാനിപ്പിക്കാനും പ്രതിരോധിക്കാനും മാത്രമേ ഇസ്‌ലാമിൽ യുദ്ധം ചെയ്യാൻ അനുവാദമുള്ളൂ. എന്നാൽ ആ യുദ്ധത്തിനിടയിൽ പോലും അനഭിലഷണീയവും അനാവശ്യവുമായ അതിക്രമ നടപടികളെ കൈകൊള്ളുവാൻ മുസ്‌ലിംകൾക്കനുവാദമില്ല.

***നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി നിങ്ങളും ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്യുവീൻ എന്നാൽ നിങ്ങൾ അതിലംഘാനം ചെയ്യരുത്, നിശ്ചയമായും അതിലംഘരെ അല്ലാഹും ഇഷ്ടപ്പെടുന്നില്ല. (2: 191) മർദ്ദനം കൊലയേക്കാൾ കഠിനമാകുന്നു.(2:192) എന്തെന്നാൽ, ആത്മാവിനെ നശിപ്പിക്കാനാണ് അത്വഴി ശ്രമിക്കുന്നത് ആകയാൽ മർദ്ദനം അവസാനിപ്പിക്കുകയും ദൈവഹിതം നിറവേറ്റപ്പെടുന്നതിന്ന് മതം സ്വതന്ത്രമായി അനുഷ്ഠിക്കപ്പെടുമാറാകുകയും ചെയ്യുന്നത്വരെ നിങ്ങൾ അവരോട് പൊരുതുവിൻ എന്നാൽ അവർ പിന്തിരയിന്നുവെങ്കിലോ അക്രമകാരികളോടല്ലാതെ ശത്രുത പാടില്ലെന്ന് ഓർത്തു കൊള്ളുവീൻ (2:194)***

ഇവ അടിസ്ഥാനപരവും മൗലികവുമായ നിർദേശക തത്വങ്ങളാകുന്നു യുദ്ധം നടത്തിക്കൊണ്ടുപോകുന്നത് സംബന്ധിച്ച് ധാരാളം വേറേയും നിർദ്ദേശങ്ങൾ ഖുർആനിലുണ്ട്. എന്നാൽ അവയെല്ലാം വ്യക്തമായിട്ടുള്ള ഉപാധികൾക്ക് തികച്ചും വിധേയങ്ങളാകുന്നു. അവയെ അപ്രകാരം വ്യഖ്യാനിക്കേണ്ടതുമത്രേ.

തികച്ചും ന്യായീകരിക്കപ്പെടാവുന്ന ഒരു യുദ്ധത്തിന്നിടയിൽ ശരിക്കുള്ള പോരിൽ മാത്രമേ യുദ്ധതടവുകാരെ പിടിക്കാൻ പാടുള്ളു. ഗോത്രങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ അനുവദനീയമല്ല. തന്നിമിത്തം അത്തരം ഏറ്റുമുട്ടലുകളിലും യാദൃശ്ചികമായുണ്ടാകുന്ന ഉരസലുകളിലും ആരെയും യുദ്ധതടവുകാരായി പിടിക്കാവുന്നതല്ല. ***ഭൂമിയിൽ ശരിക്കുള്ള യുദ്ധത്തിൽ ഏർപ്പെട്ടാലല്ലാതെ തടവുകാരെ പിടിക്കുക ഒരു പ്രവാചകന്ന് ചേർന്നതല്ല. നിങ്ങൾ ഇഹലോകത്തെ നന്മ ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങൾക്ക് പരലോക നന്മ ആഗ്രഹിക്കുന്നു. അല്ലാഹു പ്രതാപവാനും സുക്ഷ്മജ്ഞനുമത്രേ (8:68)***

നബി(സ) കാലത്ത് വ്യവസ്ഥാപിതമായ സ്ഥിരം സൈന്യത്തെ നിലനിർത്തിയിരുന്നില്ല. ആവശ്യമെന്ന് വരുമ്പോൾ താൽക്കലികമായി സേനയെ രൂപികരിക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. സൈന്യത്തിൽ ചേരുന്ന ഒരോരുത്തനും അവനവന്നാവശ്യമായ സവാരി, ഭക്ഷണം, വെള്ളം, ആയുധം തുടങ്ങിയവ സ്വന്തത്തിൽ ഒരുക്കണമായിരുന്നു. ഭടന്മാർക്ക് ശമ്പളവും നൽകി വന്നിരുന്നില്ല. യുദ്ധ രംഗത്ത് ശത്രുക്കളിൽ നിന്ന് പിടിച്ചെടുക്കുന്ന ആയുധങ്ങളും പടക്കോപ്പുകളും ഒട്ടകങ്ങൾ, കുതിരകൾ എന്നിവയും യുദ്ധതടവുകാരിൽ നിന്നുള്ള മോചനമൂല്യം മുഖേന ലഭ്യമാകുന്ന നഷ്ട പരിഹാരവും മാത്രമാണ് അവർക്ക് പ്രതിഫലമായി ലഭിച്ചിരുന്നത്. കൈമാറ്റം ചെയ്യപ്പെടുകയോ മോചനമൂല്യം നൽകുകയോ ചെയ്തിട്ടില്ലാത്ത യുദ്ധത്തടവുകാർ യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കുകയോ മറ്റു പ്രകാരത്തിൽ യുദ്ധ നഷ്ട പരിഹാരത്തിന്ന് അർഹരായി തീരുകയോ ചെയ്തിട്ടുള്ളവർക്ക് ഏൽപ്പിക്കപ്പെടുകയും അങ്ങിനെ അവർ വേല ചെയ്യാൻ നിർബന്ധിതരാവുകയുമാണ് ചെയ്തിരുന്നത്. പലപ്പോഴും ഇത്തരം യുദ്ധത്തടവുകാർ, കൈമാറ്റപ്പെടുകയോ മോചന മൂല്യം നൽകപ്പെടുകയോ ചെയ്യാതെ തന്നെ വിട്ടയക്കപ്പെടുകയും ചെയ്തിരുന്നു (47:5) മോചന മൂല്യം വളരെ ലഘു വായുള്ളതുമായിരിക്കും. ബദർ യുദ്ധത്തിന്ന് ശേഷം അഭ്യസ്ത വിദ്യനായ ഒരു യുദ്ധ തടവുകാരൻ, പത്ത് മുസ്‌ലിം കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകുന്നത് അയാളുടെ മോചന മൂല്യമായി പരിഗണിക്കുപ്പെടുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നു.

ഇപ്രകാരം തൊഴിൽ ചെയ്യാൻ നിർബന്ധിതരായി തീർന്ന തടവുകാർ, സാദ്ധ്യമെങ്കിൽ സ്വന്തത്തിൽ വേലയെടുത്ത് നേടുന്ന സമ്പാദ്യം മോചന മൂല്യമായി നൽകി സ്വയം സ്വതന്ത്രനായി തീരുന്നതിന്ന് അനുവദിക്കപ്പെട്ടിരുന്നു. അത് സംബന്ധിച്ച് ഒരു കരാർ പത്രിക എഴുതിക്കൊടുക്കാവുന്നതുമായിരുന്നു. ഈ ബാദ്ധ്യത നിറവേറ്റുന്ന കാര്യത്തിൽ അയാൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യണം. (24:34)

വിവാഹം ചെയ്യാൻ അർഹമായിട്ടുള്ള തടവുകാർക്ക് അതിന്നുള്ള സ്വാതന്ത്ര്യമുണ്ട്. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവന്റെ അനുഗ്രഹവായ്പ്പിൽ നിന്നും അവർക്ക് നൽകപ്പെടും. അല്ലാഹു അനുഗ്രഹദാദാവും സർവ്വജ്ഞനുമത്രേ വിവാഹം നടത്താനുള്ള യാതൊരു കഴിവും ഇല്ലാത്തവർ അല്ലാഹു അവന്റെ അനുഗ്രഹ വായ്പ്പിൽ നിന്നും മറ്റൊരു മാർഗ്ഗം ഒരുക്കുന്നത് വരെ തങ്ങളുടെ ചാരിത്രം സൂക്ഷിച്ചു കൊള്ളേണ്ടതാകുന്നു (24:33-34)

സകാത്തിൽ നിന്നുള്ള വരുമാനം, ധർമ്മ നിധികൾ, ദാനധർമ്മ

ങ്ങളിൽ നിന്നുള്ള വരവ് എന്നിത്യാദികളിൽ നിന്ന് യുദ്ധ തടവുകാർക്ക് മോചന മൂല്യം നൽകുന്നതിന്നും കടക്കാർക്ക് ആശ്വാസം നൽകുന്നതിന്നും വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. (9:60)

ബന്ധനസ്ഥരായ തടവുകാരുടെ വിഷമങ്ങൾ കുറക്കുന്നതിന്നാണ് ഈ ഉപാധികളും മാർഗ്ഗങ്ങളുമെല്ലാം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ശക്തി ഉപയോഗിച്ച് മറ്റുള്ളവരുടെ വിലയേറിയ സ്വാതന്ത്ര്യത്തെ – അഭിപ്രായ സ്വാതന്ത്ര്യത്തെ– അവർക്ക് നഷ്ടപ്പെടുത്താനുള്ള ഏറ്റവും ഗുരുതരവും ഹീനവുമായ പാതകത്തിൽ പങ്കുകാരായെന്ന കുറ്റത്തിന്നാണ് അവർ ബനന്ധനസ്ഥരായതെന്നോർക്കേണ്ടതുണ്ട്. അവർ മറ്റുള്ളവരുടെ ആത്മാക്കളെ അടിമപ്പെടുത്താനാണ് ശ്രമിച്ചിരുന്നത്, അവരുടെ ഭൗതിക സ്വാതന്ത്ര്യത്തെ ഭാഗികമായി തടയുകയെന്നതു തന്നെയാണ് അവർക്ക് ലഭിക്കേണ്ടിയിരുന്ന തക്കതായ ശിക്ഷയും. പരിതസ്ഥിതിയും ആവശ്യങ്ങളും അനുസരിച്ച് തടവു ശിക്ഷയുടെ കലാവധിയിൽ ഏറ്റക്കുറച്ചിലുകളുണ്ടാവാം. ആ കാലത്തിന്നിടയിൽ അവരുടെ സ്ഥിതിയത്രയൊന്നും ദുർവ്വഹമായിരുന്നില്ല. എന്തെന്നാൽ നബി തിരുമേനി(സ) അനുശാസിക്കുകയുണ്ടായി:– ഇവരെല്ലാം നിങ്ങളുടെ സഹോദരങ്ങളാണ്. ഇവരുടെ മേൽ നിങ്ങൾക്ക് അല്ലാഹു അധികാരം നൽകി. തന്റെ അധീനതയിലുള്ള സഹോദരനെ താനുണ്ണുമ്പോലെ ഊട്ടുകയും താനുടുക്കുമ്പോലെ ഉടുപ്പിക്കുകയും, കഴിവിൽ കവിഞ്ഞ ജോലിഭാരം അയാളെ ഏൽപ്പിക്കാതിരിക്കുകയും, ദുർവ്വഹവും വിഷമകരവുമായ ജോലി ഏൽപ്പിച്ചാൽ അത് ചെയ്ത് തീർക്കുന്ന കാര്യത്തിൽ അയാളെ സഹായിക്കുകയും ചെയ്യേണ്ടതാണ് – (അബുദാവൂദ്)

നബി(സ) ഒരിക്കൽ നടന്നു പേകവേ, ഒരാൾ തന്റെ അധീനതയിലുള്ള ഒരടിമയെ പ്രഹരിക്കാൻ കയ്യുയർത്തിയതായി കാണുകയുണ്ടായി:– നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു? അല്ലാഹുവിന്റെ ഒരു ദാസന്റെ മേൽ നിങ്ങൾക്കുള്ളതിനേക്കാൾ അധികാരം നിങ്ങൾക്ക് നിങ്ങളുടെ മേൽ അല്ലാഹുവിനുണ്ടെന്ന് നിങ്ങൾക്കറിയില്ലേ?' തിരുമേനി(സ) സമീപമുണ്ടെന്ന് അയാൾക്ക് തീരെ നിശ്ചയമില്ലായിരുന്നു. അയാൾ ഉടൻ തന്നെ ഇപ്രകാരം പ്രതിവചിച്ചു. ഞാനിതാ ഈയാളെ സ്വതന്ത്രനാക്കിയിരിക്കുന്നു. നബി ഉടനെ അയാളെ സമാശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: 'നിങ്ങൾ അങ്ങനെ ചെയ്തത് നന്നായി. അല്ലാത്ത പക്ഷം ശിക്ഷക്ക് പാത്രീഭവിച്ചേനെ'(അബദാവൂദ്)

ഇത്തരം യുദ്ധ തടവുകാരെ തീറ്റിപോറ്റുന്നതിന്ന് അവരുടെ മേലാളർ പട്ടിണി കിടക്കുകയും, തടവുകാർക്ക് സവാരിപ്പുറത്ത് സഞ്ചരിക്കുമാറാകുന്നതിന്ന് അവർ സ്വയം നടന്നുകൊള്ളാൻ തയ്യാറാവുകയും ചെയ്തിട്ടുള്ളതായ ഒട്ടേറേ സംഭവങ്ങൾ ആ യുദ്ധതടവുകാർ തന്നെ ഏറ്റു പറഞ്ഞിട്ടുണ്ട്. (സീറത്ത് ഇബ്നു ഹിഷാം Life of Muhammad- Sir William Muir)

രണ്ടാം ഖലീഫയായിരുന്ന ഉമറിന്റെ കാലത്ത് ജറൂസെലം കീഴടങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ച ഘട്ടത്തിൽ അത് സംബന്ധിച്ച് കരാറിലൊപ്പു വെക്കുകയും നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നതിന്ന് ഖലീഫ നേരിട്ട് തന്നെ ജറൂസലെത്ത് ആഗതനാകണമെന്ന നിബന്ധന ഉന്നയിക്കപ്പെട്ടതിനെ തുർന്ന് ഖലീഫ ഉമർ (റ) തന്റെ കീഴിലുള്ള ഒരു യുദ്ധതടവുകാരനെയും കൂട്ടി, ഇരുവർക്കുമുള്ള ആഹാര സാധനങ്ങളുമായി ഒട്ടകപ്പുറത്ത് മദീനയിൽ നിന്നും ജറുസലെമിലേക്ക് യാത്ര പുറപ്പെടുകയുണ്ടായി. ഒട്ടകത്തിന് അമിത ഭാരം ആകരുതെന്ന് കരുതി ഒരോരുത്തരും അതിന്റെ പുറത്ത് കയറി യാത്ര ചെയ്യാമെന്ന് ഉമർ നിർദ്ദേശിച്ചു, ജറുസലെത്തിൽ എത്താറായ ഘട്ടത്തിൽ ഉമറിന്റെ കൂടെയുണ്ടായിരുന്ന തടവുകാരനാണ് സവാരിപ്പുറത്ത് ഉപവിഷ്ടനായിരുന്നത്. താൻ ഇറങ്ങി നടന്നു കൊള്ളമെന്നും ഖലീഫ തിരുമനസ്സ് കൊണ്ട് ഒട്ടകപ്പുറത്ത് എഴുന്നള്ളണമെന്നും ആ ദാസൻ ആവർത്തിച്ചു ആവശ്യപ്പെട്ടുവെങ്കിലും നിശ്ചയം തെറ്റരുതെന്ന് ഖലീഫ ഉമർ (റ) നിഷ്ക്കർഷിക്കുകയാണുണ്ടായത്. അങ്ങിനെ അവരിരുവരും ജറുസെലമിലെത്തിച്ചേർന്നു. അവിടെ മഹാനായ ഖലീഫ തിരുമനസ്സിന്ന് വരവേൽപ്പു നൽകാൻ നേതാക്കന്മാരും ബഹുജനങ്ങളും സമ്മേളിച്ചിട്ടുണ്ടായിരുന്നു. തന്റെ അടിമ സവാരിചെയ്കയായിരുന്ന ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് ഖലീഫ തിരു മനസ്സു കൊണ്ട് നടന്നു വരുന്നതായിട്ടാണ് ജറൂസലേമിലെ ജനനേതാക്കന്മാർക്ക് കാണാൻ സാധിച്ചത്. (History of Islam Prof. Abdul Qadir.Vol 1)

അടിമ വ്യവസ്ഥയും തടവു സമ്പ്രദായവും പൂർണ്ണമായും തുടച്ചു നീക്കുകയാണ് ഇസ്‌ലാമിന്റെ ഉന്നമെന്നും, ഈ ലക്ഷ്യം സാധിക്കുന്നതിനുള്ള ചട്ടങ്ങളും ഉപാധികളുമാണ് അത് നിശ്ചയിച്ചിട്ടുള്ളതെന്നും മുകളിൽ പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നതാണ്. അഭിപ്രായ സ്വാതന്ത്ര്യം എല്ലാവർക്കും ഉറപ്പുവരുത്തിയിരുന്നതിനാൽ, സംഘട്ടനത്തിന്നുള്ള മുഖ്യ കാരണം അത് ഇല്ലായ്മ ചെയ്യപെട്ടിട്ടുണ്ട്. ഇസ്‌ലാമിക ദൃഷ്ടിയിൽ തികച്ചും അസാധാരണമായ പരിതസ്ഥിതിയിൽ മാത്രം സംഭവിക്കുന്നതും സംഹാരപരവും ഒരവസാനകൈയ്യെന്ന നിലയിൽ മാത്രം ആശ്രയിക്കേണ്ടതുമായ യുദ്ധത്തിന്റെ സാദ്ധ്യതയും അതു വഴി ഇല്ലാതാക്കപ്പെട്ടരിക്കുകയാണ്. യുദ്ധം കത്തിപ്പടരുന്ന ഒരു തീജ്ജ്വാലയാണെന്നും അത് പൊട്ടിപുറപ്പെടുമ്പോൾ തന്നെ അതിനെ കെടുത്തിക്കളയേണ്ടതാണെന്നും ആണ് ഖുർആൻ ഘോഷിച്ചിട്ടുള്ളത്. 'അവർ യുദ്ധത്തിന്ന് തീകൊളുത്തി തുടങ്ങുമ്പോൾ അല്ലാഹു അത് കെടുത്തിക്കളയുന്നു. അവർ

# ഖലീഫത്തുൽ മസീഹിന്റെ സന്ദേശം നെഹറുവിനെത്തിച്ച വനിതാ പത്രപ്രവർത്തക

ഇന്ത്യൻ സ്വാതന്ത്ര സമര കാലത്ത് രണ്ട് രാഷ്ട്രങ്ങൾ ജന്മം കൊണ്ട പ്രക്ഷുബ്ധമായ രാഷ്ട്രീയ സാഹചര്യത്തിൽ ഡൽഹിയിൽ പ്രവർത്തിക്കുകയും **'ദസ്തകരി'** എന്ന വാരികയുടെ എഡിറ്ററുമായിരുന്നു പ്രശസ്തയായ ഒരു അഹ്മദി പത്രപ്രവർത്തകയായിരുന്നു ബീഗം ശാഫി അഹ്മദ് സാഹിബ. പർദ ധരിച്ചുകൊണ്ട് പത്രപ്രവർത്തനം നടത്തിയ ബീഗം സാഹിബ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റുവുമായും പാക്കിസ്താൻ സ്ഥാപക പ്രസിഡന്റായിരുന്ന മുഹമ്മലി ജിന്ന സാഹിബുമായും ഒരു പോലെ തുല്യനിലയിൽ സ്വാധീനമുള്ള അപൂർവ്വം പത്രപ്രവർത്തകരിലൊരാളായിരുന്നു. മുഹമ്മദലി ജിന്ന മുസ്‌ലിം പത്രപ്രവർത്തകരുടെ ഒരു കോൺഫറൻസ് വിളിച്ചു ചേർത്തപ്പോൾ തന്റെ തൊട്ടടുത്ത ചെയറിൽ സീറ്റ് നൽകി അവരെ ആദരിക്കുകയുണ്ടായി.

1947 സെപ്തംബറിൽ കലാപങ്ങളുടെ പാരമ്യതയിൽ ഇന്ത്യാ പാകിസ്താൻ അതിർത്തിക്കടുത്തായിരുന്ന ഖാദിയാൻ കലാപ കലുഷിതമാണെന്നും അവിടെ ഉടൻ സമാധാനം സ്ഥാപിക്കണമെന്നുമുള്ള സന്ദേശം നെഹ്റുവിന് നൽകാൻ ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ബീഗം സാഹിബയെയാണ് നിയോഗിച്ചത്. അവർ ആ സന്ദേശവുമായി ഉടനടി പണ്ഡിറ്റ്ജിയുടെ വസതിയിലേക്ക് കുതിച്ചു. പക്ഷേ സെക്യൂരിറ്റി അവരെ തടഞ്ഞു നിർത്തി, പോകാൻ അനുവദിച്ചില്ല. ഭാഗ്യവശാൽ പണ്ഡിറ്റ്ജി യാദൃശ്ചികമായി പുറത്തേക്ക് വന്നപ്പോൾ ബീഗം സാഹിബയെ കാണുകയുണ്ടായി. ഉടൻ തന്നെ അവരെ അകത്തേക്ക് കയറ്റി വിടാൻ സെക്യൂരിറ്റിയോട് നെഹ്റു ആവശ്യപ്പെടുകയുണ്ടായി.

ഖലീഫത്തുൽ മസീഹിന്റെ സന്ദേശം വായിച്ച നെഹ്റു ഖാദിയാനിൽ സമാധാനം സ്ഥാപിക്കാൻ വേണ്ട എല്ലാ നടപടികളും താൻ സ്വീകരിച്ചിട്ടുണ്ടെന്നും ഖാദിയാനിൽ സമാധാനം ഉണ്ടാകുമെന്നും ഉറപ്പ് നൽകി. ഇന്ത്യാ-പാക്ക് അതിർത്തിക്കടുത്തുള്ള ഖാദിയാനിൽ കലാപം പിന്നീടും തുടരുകയാണുണ്ടായത്. പക്ഷേ അഹ്മദികളും അവരുടെ പള്ളികളും സ്മാരകങ്ങളും സ്വത്തും സമ്പത്തുമെല്ലാം സുരക്ഷിതമായിരുന്നു. പിന്നീട് പാക്കിസ്താനിലേക്ക് പോയ ബീഗം സാഹിബ പാകിസ്താനിലെ പത്ര പ്രവർത്തക സംഘത്തോടൊപ്പം 1951 ൽ **'ഗുഡ്‌വിൽ മിഷന്റെ '** ഭാഗമായി ഡൽഹി സന്ദർശിക്കുകയുണ്ടായി. അവരെക്കുറിച്ച് **'അമാൻ കി അസ്മത്തൂൻ കൊ സലാം'** എന്ന ഒരു പുസ്തകം നസിം സയീദ് സാഹിബ എഴുതിയിട്ടുണ്ട്.

The persecution.org

---

ഭുമിയിൽ കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. അല്ലാഹു കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.'(5:65) യുദ്ധത്തിന്ന് തന്നെ അറുതി വരുത്തപ്പെടുന്നതോടെ ഇസ്‌ലാം അംഗീകരിച്ച തരത്തിലുള്ള തടവുസമ്പ്രദായത്തിന്നാസ്പദമായ ആ ഏക സാഹചര്യവും കാലഹരണപ്പെടുന്നതും തടവു സമ്പ്രദായത്തിന്റെ ആ നേരിയ രൂപം പോലും അപ്രത്യക്ഷമാവുന്നതുമാണ്.

ചരിത്രം മറ്റൊരു വഴിക്കാണ് നീങ്ങിയത്. അതിനെക്കുറിച്ച് നമുക്ക് പിന്നീട് ചർച്ച ചെയ്യാം. മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള സാർവ്വദേശീയ പ്രഖ്യാപനത്തിലെ നാലാം ഖണ്ഡികയുടെ പൊരുളും ഉദ്ദേശ്യവും ഇസ്‌ലാമിക ലക്ഷ്യങ്ങളോട് തികച്ചും യോജിച്ചിട്ടുള്ളതാണെന്നും നമുക്കിവിടെ ഉറപ്പിച്ചു പറയാം. ഇസ്‌ലാമിക ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അടിമ വ്യവസ്ഥ നിർമ്മാർജനം ചെയ്യപ്പെടുകയാണുണ്ടായത് എന്നത് ഒരു പരമാർത്ഥം മാത്രമാണ്. അതിന്റെ അവശിഷ്ടങ്ങൾ അങ്ങിങ്ങായി എവിടെയെങ്കിലും കാണപ്പെടുമെങ്കിൽ അതും അവസാനിപ്പിച്ചു വരികയാണെന്നോർക്കണം, അത് വീണ്ടും നിലവിൽ വരാൻ ഒരു സാദ്ധ്യതയുമില്ലതാനും.

***(വിവ: എൻ. അബ്ദുർ റഹിം.)***

# പാലാ ബിഷപ്പിന്റെ നാർക്കോട്ടിക് ജിഹാദ്

## മുസാഫിർ

വിവിധ മതസ്ഥർ നൂറ്റാണ്ടുകളായി രമ്യതയോടെ കഴിയുന്ന ഇടമാണ് കേരളം. ഭക്തിയും മതാന്തര സൗഹാർദ്ദവും ഇന്ത്യയിൽ മറ്റൊരിടത്തും ഇല്ലാത്ത വിധം കേരളീയ സമൂഹത്തിൽ കാണാൻ കഴിയും. കേരളീയരായ നാം ആത്മാഭിമാനത്തോടെ സൂക്ഷിച്ച ഒരു സംസ്കാരിക പൈതൃകം കൂടിയാണ് ഈ സൗഹൃദം. മഴവിൽ വർണ്ണരാജിപോലെ രമ്യമനോഹരമായ ഈ മതവൈവിധ്യം കേരളതനിമയായി പുകഴ്ത്തപ്പെടാറുണ്ട്. ഭൗർഭാഗ്യകരമെന്ന് പറയട്ടെ ഈ അടുത്ത കാലത്ത് ആ സൗഹൃദാന്തരീക്ഷം തകർക്കാൻ മതനേതൃത്തങ്ങളുടെ ഭാഗത്ത് നിന്നും കരുതികൂട്ടിയുള്ള ശ്രമങ്ങൾ ഉണ്ടാവുന്നു എന്നത് ഖേദകരമാണ്. നിഷ്ക്കളങ്കമായ ദൈവസ്നേഹം പ്രഘോഷിക്കേണ്ടവരും മനുഷ്യന്ന് ആത്മീയ മാർഗ്ഗദർശനം നൽകേണ്ടവരുമായ മതനേതൃത്വം സമൂഹത്തിലെ സൗഹൃദാന്തരീക്ഷത്തിന്ന് അഭിലഷണീയമല്ലാത്ത വിധം പെരുമാറുന്നത് ദൗർഭാഗ്യകരമാണ്. കോട്ടയം ജില്ലയിലെ പാലാ രൂപതാ ബിഷപ്പ്, ജോസഫ് കല്ലറങ്ങാട്ട്, കുറുവിലങ്ങാട് പള്ളിയിൽ വെച്ച് നടത്തിയ പ്രഭാഷണം അത്തരം മതസ്പർദ്ദ ഉണ്ടാക്കുന്നതാണെന്ന് മുസ്ലിം സമുദായത്തിൽ നിന്നും കേരളീയ പൊതുസമൂഹത്തിൽ നിന്നും വ്യാപകമായ ആക്ഷേപം ഉയർന്നുവന്നിരിക്കുന്നു. അത്തരത്തിലുള്ള അസ്വസ്ഥതകളുടെ കൊച്ചു കൊച്ചു തരംഗങ്ങളുടെ തീവ്രത വർദ്ധിച്ചു വരികയാണ്. ഈ ആശങ്കകൾ അഭിമുഖീകരിക്കപ്പെടേണ്ടതും പരിഹരിക്കപ്പെടേണ്ടതുമാണ്.

കുറുവിലങ്ങാട് പള്ളിയിൽ വെച്ച് നടന്ന ഈ പ്രഭാഷണത്തിന്റെ പൂർണ്ണരൂപം ക്രൈസ്തവ മുഖപത്രങ്ങളിലും സമൂഹമാദ്ധ്യമങ്ങളിലൂടെയും അച്ചടിമാദ്ധ്യമങ്ങളിലൂടെയും പ്രചരിച്ചപ്പോൾ അത് കേരളത്തിലെ മതാന്തരീക്ഷത്തെ കലുഷിതവും പ്രക്ഷുബ്ദവുമാക്കിയിരിക്കയാണ്. അമുസ്ലിംങ്ങളെ നശിപ്പിക്കാനും മതം പ്രചരിപ്പിക്കാനും മതം മാറ്റുവാനും തീവ്രവാദ പ്രവർത്തനങ്ങൾ നടത്താനും ജിഹാദികൾ പ്രണയവും ലഹരിയും ഉപയോഗിച്ച് ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദും ഇവിടെ നടത്തുന്നുവെന്നും, ക്രിസ്ത്യാനികളായ പെൺകുട്ടികളും രക്ഷിതാക്കളും കരുതിയിരിക്കണമെന്നുമാണ് ബിഷപ്പിന്റെ മുന്നറിയിപ്പ്. അതുപോലെ അമുസ്ലിം യുവാക്കളെ നശിപ്പിക്കാൻ കഞ്ചാവ്, മയക്ക് മരുന്ന് ഉപയോഗിക്കുന്നു. മുസ്ലിംകൾ നടത്തുന്ന ഐസ്ക്രീം പാർലറുകൾ, മധുരപാനീയ കടകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലാണ് ക്രിസ്ത്യൻ യുവജനങ്ങളെ നശിപ്പിക്കാനും മതം പ്രചരിപ്പിക്കാനുമുള്ള നാർകോട്ടിക് ജിഹാദിന്റെ വല വിരിച്ചതെന്നും ക്രിസ്ത്യാനികളെ നശിപ്പിക്കാനുള്ള യുദ്ധതന്ത്രത്തിന്റെ ഭാഗമായ ഈ ഭീഷണി യുവജനങ്ങൾ കരുതിയിരിക്കണമെന്നുമാണ് പാലാ ബിഷപ്പ് നോക്കി വായിച്ച പ്രസംഗത്തിൽ പറയുന്നത്. വസ്തുതകൾക്ക് നിരക്കാത്തതും മുസ്ലികളോട് മറ്റു മതസ്ഥർക്ക് വിദ്വേഷവും ഭീതിയും ജനിപ്പിക്കുന്നതുമായ പരാമർശങ്ങളാണ് പാലാ ബിഷപ്പിന്റെ പ്രസംഗത്തിലുടനീളമുള്ളത്.

എല്ലാ മതങ്ങളും അത്യന്തം വൈകാരികത ഉൾക്കൊള്ളുന്ന വിശ്വാസവും ജീവിത പ്രത്യയശാസ്ത്രവുമാണ്. ഒരു മതത്തിന്റെ സിംബലുകളും സാങ്കേതിക പദങ്ങളുമുപയോഗിച്ച് രൂക്ഷമായ വിദ്വേഷവും ഭീതിയും ജനിപ്പിക്കുന്ന രീതിയിൽ അസത്യങ്ങൾ കുത്തിതിരുകിയതാണ് ബിഷപ്പ് ജോസഫിന്റെ പ്രസംഗം. ഇത്തരം പ്രസംഗം ആ മതത്തിൽ വിശ്വസിക്കുന്ന എല്ലാവരെയും ലക്ഷ്യംവെക്കുന്നു. നിരവധി പരോക്ഷ ദുസ്സൂചനകളുള്ള ബിഷപ്പിന്റെ പ്രസംഗം കേൾക്കുന്ന സാധാരണ ക്രിസ്ത്യാനികളിൽ മുസ്ലിം സമുദായത്തിനെതിരെ തീർച്ചയായും ഒരു ഭീതിയും വിദ്വേഷവുമുണ്ടാകും. പ്രണയവും ലഹരി വസ്തുക്കളും ഉപയോഗിച്ച് ക്രിസ്ത്യൻ പെൺകുട്ടികളെയും യുവാക്കളെയും വലയിലാക്കി നശിപ്പിക്കാനുള്ള പദ്ധതിയെ പറ്റി ബിഷപ്പിന്ന് അറിയാമെങ്കിൽ അദ്ദേഹം എന്തുകൊണ്ട് ആ വിവരം അധികൃതരെ അറിയിച്ചില്ല?. ഇത്തരം ക്രിമിനൽ ആക്റ്റിവിറ്റിയെ സംബന്ധിച്ച് അറിവുണ്ടെങ്കിൽ ബിഷപ്പ് ആദ്യം ചെയ്യേണ്ടത് പോലീസിലറി

യിക്കുകയാണ്. അത്ചെയ്യാതെ മതവിശ്വാസികളുടെ സദസ്സിൽ മറ്റൊരു മതസമുദായത്തെ മൊത്തം സംശയത്തിന്റെ നിഴലിലാക്കും വിധം പ്രസംഗിക്കുന്നത് ശരിയാണോ? ലൗവ് ജിഹാദിനെ സംബന്ധിച്ചും അതിനോടനുബന്ധിച് നടക്കുന്ന മതപരിവർത്തനങ്ങളെ സംബന്ധിച്ചും അന്വേഷിച്ച എൻ ഐ എ യും, കേന്ദ്രത്തിലും കേരളത്തിലുമുള്ള മറ്റു അന്വേഷണ ഏജൻസികളും ബഹുമാനപ്പെട്ട ഹൈക്കോടതിയുമെല്ലാം യാതൊരു തെളിവുമില്ലാത്ത ഒരു ആരോപണമാണിതെന്ന് പറഞ്ഞിട്ടും പാലാ ബിഷപ്പ് വിണ്ടും കേരളത്തിൽ ലൗ ജിഹാദ് ഉണ്ടെന്നും ക്രിസ്ത്യൻ സമൂഹം ആ ഭീഷണിയുടെ നിഴലിലാണെന്നും പറയുന്നത് ദുരൂഹമാണ്.

ജിഹാദ് എന്ന അറബി പദത്തിന്ന് മൂലാർത്ഥം പാലാ ബിഷപ്പ് തന്നെ തന്റെ പ്രഭാഷണത്തിൽ പറയുന്നത് പോലെ കഠിനമായ പരിശ്രമം എന്നാണ്. ജിഹാദിന്ന് ആയുധമേന്തി മതത്തിന്ന് വേണ്ടി നടത്തുന്ന യുദ്ധം എന്ന സാങ്കൽപ്പികാർത്ഥം ഇസ്‌ലാമിന്ന് കടകവിരുദ്ധമാണ്. ഉന്നതമായ മതതത്വശാസ്ത്രവും യുക്തിഭദ്രമായ വാദമുഖങ്ങളും സാത്വികമായ ഒരു ആത്മീയ ധാർമിക ജീവിത പദ്ധതിയുള്ള ഇസ്‌ലാം മതം പ്രചരിപ്പിക്കാൻ ലഹരി വസ്തുക്കളും പ്രണയവും ഉപയോഗിക്കുന്നു എന്ന ബിഷപ്പിന്റെ കണ്ടെത്തൽ ഒരു തീവ്രവാദിക്കും കമിതാവിന്നും ഇസ്‌ലാം മതത്തിന്റെ പേരിൽ ചെയ്യാൻ കഴിയാത്തതാണ്. ലഹരിയും വിവാഹ പൂർവ്വ പ്രണയവും ഇസ്‌ലാം അനുവദിക്കുന്നുമില്ല. ഇതെല്ലാം ചെയ്യുന്നത് ചെറിയൊരു കൂട്ടം ജിഹാദികളാണെന്ന് പറഞ്ഞുകൊണ്ടാണ് ബിഷപ്പിന്റെ അതിരൂക്ഷമായ വിമർശന പ്രഭാഷണമെങ്കിലും കേൾക്കുന്നവരിൽ ഇസ്‌ലാം മതത്തെ കുറിച്ചും മുസ്‌ലിം വിശ്വാസികളെ കുറിച്ചും ഭീതിയും വിദ്വേഷവും ഉണ്ടാക്കാനാണ് ബിഷപ്പ് ശ്രമിക്കുന്നതെന്ന് പ്രഭാഷണത്തിൽ നിന്നും വളരെ വ്യക്തമാണ്.

കേരളീയ സമൂഹത്തിന്ന് സാംസ്കാരികമായും വിദ്യഭ്യാസപരമായും ഒരുപാട് സംഭാവകൾ നൽകിയവരാണ് കേരളത്തിലെ ക്രിസ്ത്യൻ മിഷണറിമാർ. ബെഞ്ചമിൻ ബെയ്‌ലി, ഡോ. ഹെർമൻ ഗുണ്ടർട്ട്, അർണോസു പാതിരി മുതലായവർ കേരളാ സാഹിത്യ ചരിത്രത്തിന്ന് മറക്കാൻ കഴിയില്ല. പക്ഷേ കേരളത്തിലെ ഇന്ന് ക്രൈസ്തവ സഭ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സഭയുടെ സ്വത്ത് വിറ്റ കേസ്, ലൈംഗിക പീഡന കേസ് ആരാധനാലയങ്ങൾ പിടിച്ചടക്കുന്നത് സംബന്ധിച്ച കേസ് മുതലായ കേസുകളിൽ സഭാ പിതാക്കന്മാർ കേരളീയ സമൂഹത്തിന്ന് മുമ്പിൽ വിവസ്ത്രരായി നിൽക്കുകയാണ്. ഈ അവസരത്തിൽ ഇത്തരമൊരു വിവാദം സഭയുടെ ഭാഗത്ത് നിന്നുണ്ടായത് പ്രബുദ്ധ കേരളത്തിൽ സഭയുടെ പ്രതിഛായ വീണ്ടും മോശമാക്കാനേ ഉപകരിക്കൂ.

പാലാ ബിഷപ്പ് വിവരിച്ചതിന് നിന്ന് നേരെ കടക വിരുദ്ധമായ അദ്ധ്യാപനങ്ങളാണ് ഇസ്‌ലാം മതപ്രബോധന കാര്യത്തിൽ വിശുദ്ധ ഖുർആൻ നൽകുന്നത്. ഒരു ആത്മീയ മുക്തി മാർഗ്ഗം എന്ന നിലക്ക് ഇസ്‌ലാം മത പ്രചാരണം എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ച് പറയുന്നു. **‘തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായറിയാം.’ (അന്നൂറ് 16:126)**

ഇസ്‌ലാമിന്റെ പേരിൽ ജിഹാദ് ഗ്രൂപ്പുകൾ അവരുടെ അധികാര രാഷ്ട്രീയവും ഗോത്രപരവുമായ ലക്ഷ്യങ്ങൾ നേടാനും പ്രതിരോധത്തിന്ന് വേണ്ടിയും ലോകത്ത് പലയിടത്തും സായുധ ജിഹാദ് നടത്തുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. മത പ്രമാണങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി അധികാരം കൈയ്യേൽക്കാൻ ഹിംസാത്മക ജിഹാദ് നടത്താൻ പറയുന്ന മത മൗലികവാദികളും നമ്മുടെ നാട്ടിലുമുണ്ട്. ഫാസിസത്തെയും വിപ്ലവത്തെയും അനുകരിച്ചുകൊണ്ടുള്ള അവരുടെ വികലവാദവുമായി യഥാർത്ഥ ഇസ്‌ലാം മതത്തിന്ന് യാതൊരു ബന്ധവുമില്ല. തികച്ചും സമാധാന പരവും ജനാധിപത്യ പരവുമായ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ മാത്രമേ സാമൂഹിക മാറ്റങ്ങളും പരിഷ്ക്കരണങ്ങളും ഉണ്ടാവാൻ പാടുള്ളൂ. മതം ഒരിക്കലും അധികാര സാന്ദ്രമായ ഭരണം കൈയ്യാളാനുള്ളതല്ല. അത് പ്രഥമവും പ്രധാനമായും മനുഷ്യന്റെ ആത്മീയ മോക്ഷത്തിനുള്ളതാണ്. സംഘർഷങ്ങളും രക്തചൊരിച്ചിലും ഒരിക്കലും സമൂഹത്തിൽ സുസ്ഥിര സമാധാനം കൊണ്ടു വരികയില്ല. പ്രക്ഷോഭവും സായുധ സമരവും തീവ്രതയുമല്ല, സൗമ്യതയും സഹനവും കൂടിയാലോചനയുമാണ് സമാധാനത്തിന്റെ ശാന്തിദൂതനായി വന്ന പ്രവാചകൻ റസൂൽ തിരുമേനി (സ) മനുഷ്യകുലത്തെ പഠിപ്പിച്ചത്. അല്ലാഹു വിശുദ്ധ ഖുർആനിൽ മുഹമ്മദ് നബി (സ) യെ പറ്റി പറയുന്നു.

**‘അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റു നിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പുനൽകുകയും അവർക്കായി പാപ മോചനത്തിന്ന് വേണ്ടി പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.’ (ആലും ഇംറ്രാൻ 3:160)**

പേജ് 26 ൽ നിന്ന് തുടർച്ച

കമായി വിശകലനം ചെയ്ത് വിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കാനോ ആ മഹാത്മാവിന്റെ യഥാർത്ഥ അദ്ധ്യാപാനങ്ങൾ വിവരിക്കാനോ കാര്യമായ ശ്രമങ്ങളൊന്നും അനുയായികളായ മതവിശ്വാസികൾ നടത്തിയിട്ടില്ല.

അതു പോലെ അനുയായികൾ ചരിത്ര യഥാർത്ഥ്യത്തിൽ നിന്നും പറിച്ചു മാറ്റി അത്ഭുതങ്ങളുടെയും അതിശയങ്ങളുടെയും സ്വർഗ്ഗലോകത്ത് ദൈവമാക്കി പ്രതിഷ്ഠിച്ച മതപുരുഷനാണ് യേശു. യേശുവിന്റെ ജനനം തന്നെ ഒരു ദിവ്യാത്ഭുതമായാണ് ആഘോഷിക്കപ്പെടുന്നത്. അത്ഭുതങ്ങളുടെ അകമ്പടിയോടെയാണ് യേശു ദൈവപുത്രനായി മാറുന്നത്. പിറവിക്കുരുടന്ന് കാഴ്ച്ച, ലാസറിന്റെ പുനരുത്ഥാനം, വിധവയുടെ പുത്രന്ന് പുനരുത്ഥാനം, ഭൂതബാധിതന്ന് സൗഖ്യം, പലർക്കും രോശാന്തി, അന്ധർക്ക് കാഴ്ച്ച, ഊമക്ക് സംസാരം, വെള്ളത്തിന്മേലുള്ള നടത്തം, വെള്ളം വീഞ്ഞാക്കൽ ഇങ്ങനെ 36 അത്ഭുത സംഭങ്ങളാണ് യേശുവിനെ ദൈവമാക്കി അവതരിപ്പിക്കാൻ അധാരമായെടുക്കുന്നത്.

ഇതിഹാസ ഗ്രസ്തരായ എല്ലാ പൂർവ്വ മതപുണ്യാത്മാക്കളുടെയും സത്യത, നിർവ്യാജമായ ചരിത്ര സത്യങ്ങളുടെ ഉജ്വലശോഭയിൽ ജ്വലിച്ചു നിൽക്കുന്ന മുഹമ്മദ് നബി(സ) യുടെ സാക്ഷ്യത്തിലാണ് നാം വിശ്വസിക്കുന്നത്. അവരെല്ലാം മുഹമ്മദ് നബി (സ) യെപ്പോലെ പ്രവാചക കുടുംബത്തിലെ അംഗങ്ങളാണ്. പൂർവ്വികരായ എല്ലാ മതപുരുഷന്മാരെയും വിശ്വസിക്കാനും അവരെ ആദരിക്കാനും അവരുടെ അദ്ധ്യാപനങ്ങൾ സ്വാംശീകരിക്കാനും മുഹമ്മദ് നബി(സ) ദൈവത്തിൽ നിന്നുള്ള സംശുദ്ധമായ വെളിപാടിനാൽ ആഹ്വാനം ചെയ്തു. മുഹമ്മദ് നബി (സ) പറ്റി അവിടുത്തെ ശിഷ്യനായി ദൈവം നിയോഗിച്ച ഹദ്റത്ത് അഹ്മദ് (അ) പറയുന്നു.

***'നമ്മുടെ നബി (സ) എല്ലാ പ്രവാചകന്മാരുടെയും നാമങ്ങളെ തന്നിൽ സമാഹരിച്ചിരിക്കുന്നു. മറ്റെല്ലാ പ്രവാചകന്മാരിലുമുള്ള വിശിഷ്ടങ്ങളായ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിളക്കിചേർത്തിരിക്കപ്പെട്ടിരിക്കുന്നു. അതുകാരണം അവിടുന്ന് മൂസായും ഈസായും ആദമും ഇബ്റാഹീമും യൂസുഫും യഅ്ഖൂബും തന്നെ. ഇതിലേക്ക് സൂചന നൽകി കൊണ്ട് അല്ലാഹു പറയുന്നു: 'നീ അവരുടെ മാർഗ്ഗം പിന്തുടർന്നുകൊള്ളുക.' (6:91) അതായത് അല്ലയോ പ്രവാചകരേ, എല്ലാ പ്രവാചകന്മാരുടെയും വിവിധങ്ങളായ ഉപദേശങ്ങത്രയും നിന്നിൽ ലയിപ്പിക്കുവീൻ. എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബി തിരുമേനി(സ) യിൽ സമ്മേളിച്ചിരിക്കുന്നു എന്നാണിതു കാണിക്കുന്നത്.' (ആയിനയെ കമാലാത്തെ ഇസ്ലാം)***

ചുരുക്കത്തിൽ ചരിത്രത്തിൽ വെട്ടിതിളങ്ങി നിൽക്കുന്ന മുഹമ്മദ് നബി(സ)യാണ് ഇതിഹാസങ്ങളിലും മിത്തുകളിലും പൊതിഞ്ഞു നിൽക്കുന്ന മതപുരുഷന്മാരെ പറ്റി നമുക്ക് സാക്ഷ്യം നൽകിയത്. ഇരുളടഞ്ഞ മതചരിത്രത്തിലേക്ക് വിശ്വാസിക്ക് വെളിച്ചം തൂവിയ സൂര്യനാണ് റസൂൽ തിരുമേനി (സ) ആ പുണ്യാത്മാവിനെ അപവദിക്കുന്നത് നിർഭാഗ്യവാന്മാരായ വിഢികൾ മാത്രം!!.




പേജ് 32 ൽ നിന്ന് തുടർച്ച

പുറപ്പെടുന്നത് എന്നു പറഞ്ഞുവല്ലോ. അതുകൊണ്ട് മൗലവി സാഹിബിന്ന് അൽപസമയം കിടക്കുന്നതിന്നായി അദ്ദേഹത്തിന്റെ ബെഡ് ഞാൻ തുറന്നു. അല്ലാഹു സാക്ഷി ഞാൻ ബെഡ് തുറന്നപ്പോൾ അതിനകത്ത് ഒരു കടലാസ്സിൽ പൊതിഞ്ഞു വെച്ചനിലയിൽ രണ്ടു പൊറോട്ടയും കൂടെ കീമ (ഇറച്ചിക്കറി) യും ഉണ്ടായിരുന്നു. ഞാൻ ആകെ ആശ്ചര്യപ്പെട്ടുകൊണ്ട് മനസ്സിൽ പറഞ്ഞു, ആദ്യം ഒന്ന് നമ്മൾ കഴിച്ചതേയുള്ളൂ. ഇപ്പോഴിതാ അല്ലാഹുവിൽ നിന്നുള്ള അടുത്ത ഭക്ഷണം എത്തിയിരിക്കുന്നു. ഈ ഭക്ഷണത്തെ കുറിച്ച് ഞങ്ങൾക്കു ഒരറിവും ഇല്ലായിരുന്നു.

ഇർഫാനി സാഹിബ് പറയുകയാണ്, ഞാൻ ഹദ്റത്ത് മൗലവി സാഹിബിനോട് പറഞ്ഞു, നമ്മൾ ഖാദിയാനിൽ നിന്ന് അസമയത്ത് പുറപ്പെട്ടപ്പോൾ മൗലവി സാഹിബിന്ന് ഇന്ന് എവിടെ നിന്നാണ് ഭക്ഷണം കിട്ടുക എന്ന കാര്യം എനിക്കൊന്നു കാണണമല്ലോ എന്ന് മനസ്സിൽ കരുതിയിരുന്നു. ആദ്യം നമുക്കൊരു ഗംഭീര വിരുന്ന് സൽക്കാരം അപരിചിതനിലൂടെ ലഭിച്ചു. അതിന്ന് ശേഷം ഇപ്പോഴിതാ ബെഡിൽ നിന്ന് പൊറോട്ടയും കിട്ടി. ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു, ശേഖ് സാഹിബ് അല്ലാഹുവിനെ പരീക്ഷിക്കരുത്. അവനെ ഭയപ്പെടുവിൻ. ഞാനുമായുള്ള അവന്റെ ബന്ധം ഒരു പ്രത്യേക രീതിയിലുള്ളതാണ്. ആദ്യം സൽക്കരിച്ച അപരിചിതൻ ആരായിരുന്നുവെന്നു പിന്നീട് വിവരം ലഭിച്ചു. അയാളുടെ സഹോദരനെ മൗലവി സാഹിബ് ചികിത്സിച്ചിട്ടുണ്ടായിരുന്നു. അയാൾ മൗലവി സാഹിബ് ഗുരുദാസ്പൂരിലേയ്ക്കു പോകാനായി ബട്ടാല എത്തുന്ന വിവരം എങ്ങനെയോ അറിയുകയും അയാൾ സ്ഥലത്തില്ലാത്തതുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ തന്റെ ജ്യേഷ്ടനെ ഏൽപിക്കുകയും ചെയ്തതായിരുന്നു. (തുടരും)

# വി.ട്ടി. സൗദാ സാഹിബ

തിരുവിഴാംകുന്ന് ജമാഅത്തിലെ സി. അബ്ദുറഹ്മാൻ കുട്ടി സാഹിബിന്റെ പത്നിയും ആദരണീയനായ ഫലസ്തീൻ മുബല്ലിഗ് മൗലാനാ സി. ശംസുദ്ദീൻ സാഹിബിന്റെ മാതാവും മണ്ണാർക്കാട് ജമാഅത്തിലെ ആദ്യകാല അഹ്മദി മർഹൂം വി.ട്ടി. മുഹമ്മദ് സാഹിബിന്റെ വലിയ മകളുമായ വി.ട്ടി. സൗദാ സാഹിബ ജൂലൈ 8ന് നിര്യാതയായി. (ഇന്നാലില്ലാഹി.....)

മർഹൂമാ ചെറുപ്പത്തിൽ തന്റെ പിതാവിന് അഹ്മദിയ്യത്തിന്റെ എതിരാളികളിൽ നിന്നുള്ള എതിർപ്പുകൾ പലതും കാണുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അലനല്ലൂർ ലജ്നാ ഇമാഇല്ലായുടെ മുൻപ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. പല സ്വഭാവ ഗുണങ്ങളുടെയും ഉടമയായിരുന്നു. മൂസിയായിരുന്നു. മക്കൾ: ഉമ്മുസൽമ, ഹസ്സൻ സിദ്ദീഖ്, മുഹമ്മദ്, നാസിർ അഹ്മദ്, ഖദീജ, ശംസുദ്ദീൻ. പാലക്കാട് ജമാഅത്ത് സദർ എസ്. എം. അബ്ദുലത്തീഫ്, എൻ മൊയ്തീൻ ജാമാതാക്കളുമാണ്. സർവ്വശക്തൻ പരലോകത്ത് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. **- സദർ, തിരുവിഴാംകുന്ന് ജമാഅത്ത്**

# കെ.പി. വീരാൻ സാഹിബ്

തിരുവിഴാംകുന്ന് ജമാഅത്ത് അംഗമായ ജനാബ് കെ.പി.വീരാൻ ഹൈദർ സാഹിബ് (65) 2021 ഫെബ്രുവരി 6ന് നിര്യാദനായി. മർഹൂം പള്ളിപുറം സ്വദേശിയാണ് 1980ൽ മാതാവിനോട് ഒന്നിച്ച് ബൈഅത്ത് ചെയ്ത് ദീർഘകാലം ബോംബെയിലും വിദേശത്തും പ്രവാസ ജീവിതത്തിന് ശേഷം തിരുവിഴാംകുന്നിൽ സ്ഥിരതാമസമാക്കി. ജമാഅത്തിൽ പല സ്ഥാനങ്ങളും അലങ്കരിച്ചിട്ടുണ്ട്. പല സ്വഭാവഗുണങ്ങളുടെയും ഉടമയായിരുന്നു. മർഹൂം മൂസിയായിരുന്നു. ഭാര്യ: കെ.പി. ഫാത്തിമ. മക്കൾ: ആബിദാ, സുലൈഖാ, നൂർജഹാം, മുഫ്ലിഹാ, ത്വാഹിർ. മൗലാനാ ടി. നാസർ അഹ്മദ് (നാസിം ഇർഷാദ് വഖ്ഫെ ജദീദ്, ഖാദിയാൻ), കരീം മുറിയക്കണ്ണി, ഷാക്കിർ അലനല്ലൂർ ജാമാതാക്കളാണ്. അല്ലാഹു പരലോകത്ത് ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ.

**- സദർ,**
**തിരുവിഴാംകുന്ന് ജമാഅത്ത്**

# പി.കെ. ബീവി സാഹിബ

കേരളത്തിലെ ആദ്യ 13 അഹ്മദികളിൽ ഒരാളായിരുന്ന അബു സാഹിബിന്റെ മകൾ പി.കെ. ബീവി സാഹിബ (90) സെപ്തംബർ 9ന് കടലായിയിൽ വെച്ച് വഫാത്തായി. (ഇന്നാലില്ലാഹി....)

മത്സ്യബന്ധന തൊഴിലാളിയായിരുന്ന അബു സാഹിബ് ജമാഅത്തിൽ പ്രവേശിച്ചത് തന്റെ ജോലിക്കിടയിൽ കടലിൽ അസാധാരണമായ കാറ്റും കോളും ഉണ്ടാവുകയും എല്ലാവരും വ്യാകുലരാവുകയുമുണ്ടായി ആ സമയം അബു സാഹിബ് അഹ്മദിയ്യാ പ്രസ്ഥാനം അല്ലാഹുവിൽ നിന്നുള്ളതാണെങ്കിൽ ഞാൻ തീർച്ചയായും തിരിച്ച് കരയിൽ എത്തുന്നതാണെന്ന് പറയുകയും ശേഷം തിരിച്ചെത്തിയതിനെ തുടർന്ന് അദ്ദേഹം ബൈഅത്ത് ചെയ്യുകയുമുണ്ടായി. തുടർന്ന് തീവ്ര എതിർപ്പുകളിൽ തളരാതെ ഭാര്യയും മക്കളുമായി അദ്ദേഹം ഉറച്ച വിശ്വാസിയായി ജീവിതാവസാനം വരെ നിലകൊണ്ടു. സർവ്വശക്തൻ ജന്നത്തുൽ ഫിർദൗസിൽ മർഹൂമ്മയുടെ സ്ഥാനമാനങ്ങൾ ഉന്നതിയിലാക്കി തീർക്കട്ടെ.

മർഹൂം യു.ഖലീൽ സാഹിബാണ് മർഹൂമയുടെ ഭർത്താവ്. മക്കൾ: പി.കെ. നജീർ (സൗദി), പി.കെ. ബുഷ്റ, പി.കെ. റഫീഖ, പി.കെ. മാജിദ. മരുമക്കൾ: പി.പി.മുസ്തഫ, സി.വി. അബ്ദുറഹീം, ഫാറൂഖ് (ദുബായ്), മഷൂറ (കൂടാളി).

**- പി.കെ. അബ്ദുൽ മാലിക്ക്**
**സദർ, കടലായി.**

ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും, നിങ്ങൾ ഭയപ്പെടേണ്ട വ്യസനിക്കുകയും വേണ്ട നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെകൂടെയായിരിക്കും (എന്ന് അവർ പറയും) (41: 30-31)

www.alislam.org

# കനൽപഥങ്ങൾ താണ്ടിയ ഒരു വീരാംഗന

ബി. മൻസൂർ, മാത്തോട്ടം

കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ അംഗമായ കെ.പി. ഖദീജബി (80) 2021 സെപ്തംബർ 11 ന് അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി യാത്രയായി. ഇന്നാലില്ലാഹി........

താൻ വിശ്വസിച്ച സത്യത്തിന്ന് വേണ്ടി ഘോരമായ കനൽ പഥങ്ങളിൽ നിതാന്ത സ്ഥൈര്യത്തിന്റെയും നിസ്തുല ത്യാഗത്തിന്റെയും പ്രഫുല്ല സ്മരണകൾ ബാക്കിയാക്കി ഖദീജാബി സാഹിബ കാലത്തിന്റെ യവനികക്ക് പിന്നിൽ മറഞ്ഞു. ആദർശ ജീവിതം കൊണ്ട് പരീക്ഷണങ്ങളുടെ മരുസ്ഥലികൾ താണ്ടിയ പുരുഷ കേസരികളെ കൊണ്ട് ധന്യമാണ് അഹ്മദിയ്യാ ജമാഅത്ത്. എന്നാൽ താൻ വിശ്വസിച്ച സത്യത്തിന്ന് വേണ്ടി പരീക്ഷണങ്ങളുടെ പ്രതികൂലാവസ്ഥയിൽ നിസ്വയായി ജീവിച്ച് ആരാലും അറിയപ്പെടാത്ത ഒരു വീരാംഗനയുടെ ആവേശകരമായ ചരിത്രം നാം അറിയാതെ പോവരുത്. അതായിരുന്നു ഖദീജ സാഹിബ. കല്ലായിയിലെ ഹാജിയാരകം തറവാട്ടിലെ സുന്നി കുടുംബത്തിലാണ് മമ്മുഹാജി ആമിന ദമ്പതിമാരുടെ നാലു മക്കളിൽ മൂന്നാമത്തെ അവരുടെ ജനനം.

അവരുടെ രണ്ട് സഹോദരന്മാർ അഹ്മദിയാ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ചിരുന്നു. നീതിയോടും സത്യത്തോടും ആഭിമുഖ്യമുണ്ടായിരുന്ന ആ സഹോദരന്മാരുടെ ജനിതക പാരമ്പര്യം സഹോദരിയിലുമുണ്ടാകുക സ്വാഭാവികം. സഹോദരന്മാരുടെ അഹ്മദിയ്യത്തിലേക്കുള്ള പ്രവേശനം അത് കുടുംബത്തിലും നാട്ടിലുമുണ്ടാക്കിയ ഭൂകമ്പവും കൊടുംകാറ്റും ഖദീജാബിയുടെ പ്രബുദ്ധ മനസ്സിലും അനുരണനങ്ങൾ സൃഷ്ടിച്ചു. നിരക്ഷരയായ അവർ ജനിച്ചതും വളർന്നതും യാഥാസ്ഥിക സുന്നി കുടുംബത്തിലാണെങ്കിലും പുരോഗമന ചിന്തയുടെയും ധാർമികബോധത്തിന്റെയും നിറകുടമായിരുന്നു ഖദീജാബി. തീഷ്ണമായ സത്യാന്വേഷണ ബുദ്ധിയും ദൈവഭക്തയുമായിരുന്ന അവർ അഹ്മദിയ്യത്തിൽ പ്രവേശിച്ചതിന്ന് ശേഷം സഹോദരന്മാരുടെ ജീവിത പരിവർത്തനത്തിന്ന് നേർസാക്ഷിയായിരുന്നു. അതായിരുന്നു അവരുടെ ഏറ്റവും വലിയ സത്യസാക്ഷ്യം. സഹോദരന്മാർ തമ്മിലുള്ള സംഭാഷണം സാകൂതം ശ്രദ്ധിച്ചിരുന്ന അവർ അഹ്മദിയ്യത്തിന്റെ സത്യമാർഗ്ഗം തിരഞ്ഞെടുക്കുകയായിരുന്നു. നിരക്ഷരരായ അവർ ആരേയും അമ്പരപ്പിക്കുന്ന ഓർമ്മ ശക്തി കൊണ്ട് അനുഗ്രഹീതയായിരുന്നു. എതിരളികളായ തന്റെ കുടുംബക്കാരെ സംവാദത്തിൽ നിശബ്ദയാക്കാൻ ആവശ്യമായ സകല പ്രമാണങ്ങളും അവർക്ക് ഹൃദിസ്വമായിരുന്നു. സഹോദരന്മാരിൽ നിന്ന് വരദാനമായി കിട്ടിയ അഹ്മദിയ്യത്തിന്റെ സന്ദേശം അവരുടെ ജീവിത വീക്ഷണങ്ങളെ മുച്ചൂടും സ്വാധീനിച്ചു. വീട്ടിലും നാട്ടിലും എതിർപ്പിന്റേയും അവഗണനയുടെയും പരിഹാസത്തിന്റേയും പരസഹസ്രം ശരപ്രക്ഷേപങ്ങൾ സഹോദരന്മാർക്ക് നേരെ എതിരാളികൾ എയ്തുവിട്ടപ്പോഴൊക്കെ അവർക്കൊപ്പം റസൂൽ തിരുമേനി(സ)ക്കൊപ്പം നിന്ന ഹദ്റത്ത് ഖദീജത്തുൽ ഖുബ്റായുടെ മാതൃകപറ്റി അവർ പിന്തുണയുമായി നിന്നു.

ഖദീജാ സാഹിബയെ വിവാഹം കഴിച്ച മുഹമ്മദ് സാഹിബ് ഒരു പട്ടാളക്കാരനായിരുന്നു. ലഡാക്ക് എരിയായിൽ പട്ടാളസേവനം നടത്തിയ അദ്ദേഹം രണ്ട് യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ഖദീജ സാഹിബ കേവലം ഒരു വിശ്വാസി മാത്രമായിരുന്നില്ല. മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ നിന്നും ദൃഷ്ടാന്തങ്ങൾ നിർദ്ദരിച്ചെടുക്കാൻ ബുദ്ധിമതിയായ അവർക്ക് അറിയാമായിരുന്നു. 1974 കാലഘട്ടത്തിൽ അഹ്മദിയ്യത്ത് ഉന്മൂലനം ചെയ്യാൻ ഇറങ്ങിപുറപ്പെട്ട സുൽഫിക്കാർ അലി ഭൂട്ടോവിന്റെ നേതൃത്തത്തിലുള്ള അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം നമുക്കറിയാം. നിരവധി അഹ്മദികൾ ആ കലാപത്തിൽ കൊല്ലപ്പെട്ടു. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും ചെയ്തു. ഏറെ നാൾ കഴിയുന്നതിന്ന് മുമ്പ് ഭൂട്ടോവിന്റെ അതിദാരുണമായ വധശിക്ഷ ദൈവനീതിയുടെ ദൃഷ്ടാന്തമായി അവർ വായിച്ചെടുത്തു. അത് അവരെ വല്ലാതെ സ്പർശിക്കുകയുണ്ടായി. പാകിസ്താനിലെ സംഭവഗതികൾ മുഴുവനും സഹോദരന്മാരുടെ സംഭാഷണങ്ങളിൽ നിന്നാണ് അവർ ഗ്രഹിച്ചത്. നിരപരാധികളുടെയും നിസ്സഹായരുടെയും വേദനക്കൊപ്പം നിലകൊണ്ടിരുന്ന അവർക്ക് പിന്നീട് സഹോദരന്മാരുടെ അഹ്മദിയ്യാ ജമാഅത്തിൽ ചേരാതിരിക്കാൻ സാദ്ധ്യമല്ലായിരുന്നു. 1989 ലാണ് ഭക്തയായ ഖദീജാ സാഹിബ ബൈയ്യത്ത് ചെയ്തത്. അഹ്മദിആയതിന്റെ പേരിൽ ഭർത്താവിന്റെ ഭാഗത്ത് നിന്ന് യാതൊരു എതിർപ്പും ഉണ്ടായില്ലെങ്കിലും തന്റെ വിവാഹ പ്രായമെത്തിയ ഷെമീറ എന്ന മകൾ

ഒഴികെയുള്ള ഭർത്താവിന്റെ കുടുംബത്തിന്റെയും മക്കളുടെ വിവാഹ ബന്ധുക്കളുടെയും ഭാഗത്ത് നിന്നുമുള്ള എതിർപ്പ് അതികഠിനവും അസഹനീയവുമായിരുന്നു. ഇതിനിടയിൽ ഇളയ മകൾ ഷെമീറ എന്ന മകൾ മാത്രം അഹ്ദിയ്യാ ജമാഅത്തിൽ അംഗമായി അനുസരണ പ്രതിജ്ഞ ചെയ്തുകൊണ്ട് കദീജബിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. എരിതീയിൽ എണ്ണ ഒഴിച്ചതിനു സമാനമായിരുന്നു പിന്നീട് ഖദീജയുടെ നേർക്ക് അലയടിച്ച രോഷാഗ്നി. അതിനീചമായി കുടുബാംഗങ്ങൾ ജമാഅത്തിനെയും മസീഹ് മഊദിനേയും നിന്ദിച്ചു. നിസ്സഹായയും നിരാലംബയുമായ അവരുടെ വേദനകളും വിവാഹപ്രായമെത്തിയ മകളെ പറ്റിയുള്ള ആശങ്കയുമെല്ലാം അല്ലാഹുവിന്റെ സന്നിധിയിൽ കണ്ണീരോടെ സമർപ്പിക്കുകയായിരുന്നു. ആ പ്രാർത്ഥനയുടെ ദിവ്യസാഫല്യമെന്നോണം മകളുടെ വിവാഹം ഏറ്റവും നല്ല നിലയിൽ നടക്കുകയുണ്ടായി. എല്ലാ പ്രതിസന്ധിയും പ്രയാസവും അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് അവർ പരിഹാരം തേടുകയായിരുന്നു.

കടുത്ത ദാരിദ്ര്യം അവർ അനുഭവിച്ചെങ്കിലും ഒരിക്കലും തന്റെ ഇല്ലായ്മകൾ ആരെയും അറിയിക്കാത്ത തികഞ്ഞ അഭിമാനിയായി അവർ ജീവിച്ചു. പട്ടാളത്തിൽ സേവനം ചെയ്ത ഭർത്താവ് മരിച്ചതിന്ന് ശേഷം കേന്ദ്ര സർക്കാറിന്റെ പെൻഷൻ അവർക്ക് ലഭിച്ചിരുന്നില്ല. അതിന്നായുള്ള വ്യക്തമായ രേഖകൾ അവരുടെ കൈയ്യിലില്ലായിരുന്നു. പിന്നീട് ആ പെൻഷൻ ലഭിച്ചത് ഒരുദിവ്യാത്ഭുതമായിരുന്നു. തന്റെ ഇളയ സഹോദരൻ കെ.പി. കുഞ്ഞഹമ്മദ് കോയയുടെ മകൾ ബി. സാജിദയുടെ അക്ഷീണ പരിശ്രമഫലമായി ദ്രവിച്ചുതുടങ്ങിയ ഒരു സർട്ടിഫിക്കറ്റിനെ ആധാരമാക്കി അവർക്ക് പെൻഷൻ ലഭിക്കുകയാണുണ്ടായിരുന്നത്. അവരുടെ ത്യാഗപൂർണ്ണമായ വിശുദ്ധ ജീവിതത്തിന് അല്ലാഹുവിൽ നിന്നു ലഭിച്ച ഉപഹാരമാണ് അതെന്ന് ആരായാലും സമ്മതിക്കും. വസിയ്യത്ത് പദ്ധതിയിൽ 'മൂസി ചന്ദ' ഈ വരുമാനത്തിൽ നിന്നും മുറതെറ്റാതെ അടച്ചു പോന്നു. അതുപോലെ കൊടിയ എതിർപ്പിന്ന് വിധേയയായി കുടുബത്തിൽ നിന്നും പരിത്യക്തയായി ഒറ്റപ്പെട്ടുപോയ അവരെ സമാശ്വസിപ്പിച്ച് ജമാഅത്തുമായി ബന്ധിപ്പിച്ചു നിർത്തിയത് സഹോദര ഭാര്യ ബി. സൈദാബി ആയിരുന്നു.അല്ലാഹുവിന്ന് വേണ്ടി ജീവിച്ച് അബലയായ ഒരു സ്ത്രീയുടെ ജീവിതമായിരുന്നു കദീജാബി സാഹിബയുടേത്. അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**മക്കൾ**: സുഹറാബി, ബുഷ്റ, ഷാക്കിറ, ജുനൈസ്, ഷെമീറ

**മരുമക്കൾ**: അബ്ദുൽ സത്താർ, അബുക്കോയ, മജീദ്, യൂസഫ്, പി.പി. ബേബി, ഫൈറൂസ്.

# പുരസ്ക്കാരം ലഭിച്ചു



മസീഹ് മഊദിന്റെ ഖസീദ 70 വരി ഹൃദിസ്ഥമാക്കി ദുബായ് ലജ്നാ ഇമാഇല്ലായുടെ പുരസ്ക്കാരത്തിന്ന് അർഹയായ കൊച്ചു ബാലിക മനാഹിൽ റഹ്മാൻ. പഴയങ്ങാടി ജമാഅത്തിലെ ഉബൈദ് റഹ്മാൻ സാഹിബിന്റെയും കണ്ണൂർ ജമാഅത്തിലെ നാസിയ ശുക്കൂർ സാഹിബയുടെയും പുത്രിയാണ് നാലു വയസ്സുകാരി ഈ കൊച്ചു മിടുക്കി.

# മംഗലശ്ശേരി മഹ്മൂദ് സാഹിബ്



കൊടിയത്തൂർ ജമാഅത്ത് അംഗമായിരുന്ന മംഗലശ്ശേരി മഹ്മൂദ് സാഹിബ് (83) 13-9-2021ന് വഫാത്തായി. (ഇന്നാലില്ലാഹി......)

കൊടിയത്തൂർ ജമാഅത്തിന്റെ ബീജാവാപത്തിന്ന് കാരണക്കാരായ മംഗലശ്ശേരി സഹോദന്മാരിൽ അഹ്മദ് കുട്ടി സാഹിബിന്റെ പുത്രനായിരുന്നു. നിരവധി സൽഗുണങ്ങളുടെ ഉടമയായിരുന്നു പരേതൻ. തന്റെ താമസം പള്ളിയിൽ നിന്നും ദൂരെയായിരുന്നുവെങ്കിലും കാൽ നടയായി വന്ന് പള്ളി തുറന്ന് ബാങ്ക് വിളിച്ചു കൊണ്ടിരുന്നത് അദ്ദേഹമായിരുന്നു. തഹജ്ജുദ്, നോമ്പ് മുതാലയ ഐഛിക കർമ്മങ്ങൾ പോലും കൃത്യമായി അനുഷ്ടിക്കുമായിരുന്നു. ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളിൽ പങ്കെടുത്തിരുന്ന മഹ്മൂദ് സാഹിബ് അതിഥി സൽക്കാരപ്രിയനും പാവങ്ങളെ സഹായിക്കുന്നതിൽ തൽപരനുമായിരുന്നു. അല്ലാഹു പരേതന്ന് ജന്നത്തും മഗ്ഫിറത്തും നൽകി ആദരിക്കട്ടെ.

ഭാര്യ: ആയിശ. മക്കൾ: അഹ്മദ് കുട്ടി, അക്ബർ സലീം, നൂറുദ്ദീൻ മാസ്റ്റർ (കൊടിയത്തൂർ), ശിഹാബുദ്ദീൻ (ദമാം), സുബൈദ, നുസ്രത്ത് ജഹാൻ, മുബാറക്ക, ഖൈറുന്നിസ, മുംതാസ്.

*- മൗലവി ഹിദായത്തുള്ള*

Published on 07.10.2021
Pages 44
Vol: 93 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim